# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഡിസംബർ 8 | ദീപം 55 | നാളം 39 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ക്രൈസ്തവപാരമ്പര്യം ചരിത്രപാഠത്തിനു പുറത്ത്!




പ്രഫ. റോണി കെ. ബേബി




സംസ്ഥാനവിദ്യാഭ്യാസഗവേഷണപരിശീലനസമിതി (എസ്.സി.ഇ.ആർ.ടി.) പുതിയ പാഠ്യപദ്ധതിപരിഷ്കരണത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾവിദ്യാർഥികൾക്കായി തയ്യാറാക്കുന്ന സാമൂഹികശാസ്ത്ര പാഠപുസ്തകങ്ങൾ വലിയ വിവാദങ്ങൾക്കു കാരണമായിരിക്കുകയാണ്. ചരിത്രത്തെ വളച്ചൊടിക്കുന്നതും ഏകപക്ഷീയവുമാണ് പാഠപുസ്തകങ്ങൾ എന്ന വിമർശനമാണുയർന്നിരിക്കുന്നത്. കേരളപാഠാവലി ഏഴാം ക്ലാസിലെ നവോത്ഥാനചരിത്രത്തിൽനിന്ന് കേരളത്തിന്റെ നവോത്ഥാനരാജശില്പിയായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ബോധപൂർവം ഒഴിവാക്കിയ നടപടി വലിയ പ്രതിഷേധങ്ങൾക്കു കാരണമായിരുന്നു. അതിന്റെ പിന്നാലെയാണ് ക്രൈസ്തവതമസ്കരണത്തിന്റെ പുതിയ വിവരങ്ങൾ പുറത്തുവരുന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലുണ്ടായ സാംസ്കാരിക നവോത്ഥാന മുന്നേറ്റങ്ങളിൽ ക്രൈസ്തവസഭയും ക്രൈസ്തവാശയങ്ങളും നൽകിയ സംഭാവനകളെ ഇകഴ്ത്തിക്കാണിക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങളാണു നടന്നിരിക്കുന്നത്.

**പാഠ്യപദ്ധതി പരിഷ്കരണശ്രമങ്ങളുടെ പശ്ചാത്തലം**

1990 കളിലാണ് കേരളത്തിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണങ്ങൾക്കു തുടക്കംകുറിച്ചത്. 1994 ൽ ഡി.പി.ഇ.പി. ആരംഭിക്കുകയും അധ്യാപക കേന്ദ്രീകൃത വിദ്യാഭ്യാസം എന്ന സമീപനത്തിൽനിന്നു വിദ്യാർഥികേന്ദ്രീകൃതവിദ്യാഭ്യാസത്തിലേക്കു വിദ്യാഭ്യാസസമീപനത്തെ മാറ്റുകയും ചെയ്തു. പരമ്പരാഗത പരീക്ഷാസമ്പ്രദായങ്ങൾ മാറി 2005 ൽ ആദ്യമായി പത്താം തരത്തിൽ ഗ്രേഡിങ് നടപ്പാക്കി. വിദ്യാഭ്യാസ സമീപനത്തിൽ വിവിധ ആശയങ്ങൾ കൊണ്ടുവന്ന് പാഠപുസ്തകങ്ങൾ ഇടക്കാലങ്ങളിൽ പരിഷ്കരിച്ചുവെങ്കിലും സമഗ്രമായ പരിഷ്കരണം നടന്നിട്ടില്ല. അവസാനമായി പാഠപുസ്തകം പരിഷ്കരിച്ചത് 2013 ലാണ്. പ്ലസ് ടു വരെയുള്ള പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചതോടൊപ്പം മുപ്പതുവർഷങ്ങൾക്കുശേഷം വൊക്കേഷണൽ ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളും ഈ കാലയളവിൽ പരിഷ്കരിച്ചു. 2013 ലെ പാഠ്യപദ്ധതിപരിഷ്കരണത്തിനുശേഷം പുതിയ പാഠ്യപദ്ധതിപരിഷ്കരണത്തിനുള്ള ജനകീയ ചർച്ചകൾക്കാണ് ഇപ്പോൾ തുടക്കം കുറിച്ചിരിക്കുന്നത്.

ഇതിനു കാരണമായത് ദേശീയവിദ്യാഭ്യാസനയം 2020 നിലവിൽ വന്നതിനെത്തുടർന്ന് സംസ്ഥാനങ്ങളോട് കരിക്കുലം ചട്ടക്കൂട് തയ്യാറാക്കാൻ കേന്ദ്രസർക്കാർ നിർദേശിച്ചതാണ്. കേന്ദ്രസർക്കാരിന്റെ നിർദേശങ്ങളുടെ ചുവടുപിടിച്ചു പാഠ്യപദ്ധതിപരിഷ്കരണത്തിനു മുന്നോടിയായുള്ള ചട്ടക്കൂടുരൂപീകരണചർച്ചയ്ക്കായി 26 ഫോക്കസ് പോയിന്റുകൾ ഉൾപ്പെടുത്തിയുള്ള കുറിപ്പാണ് വിദ്യാഭ്യാസവകുപ്പു തയ്യാറാക്കിയിരിക്കുന്നത്.

കരിക്കുലംനിർദേശങ്ങളുടെ ഭാഗമായി കേരളത്തിൽ ഒന്നാംക്ലാസ്മുതൽ പത്താംക്ലാസ് വരെയുള്ള പാഠ്യപദ്ധതിപരിഷ്കരണം ഈ വർഷം പൂർത്തിയാവുകയാണ്. ഇതിന്റെ തുടർച്ചയായി പാഠപുസ്തകപരിഷ്കരണവും നടന്നുകൊണ്ടിരിക്കുകയാണ്. പാഠ്യപദ്ധതി പരിഷ്കരണം അനുസരിച്ചുള്ള പുതിയ പാഠപുസ്തകങ്ങൾ എല്ലാ ക്ലാസിലും നിലവിൽ വരുന്നത് 2025-26 അധ്യയനവർഷമായിരിക്കുമെന്നാണ് സർക്കാർ പറയുന്നത്.


▶12


# വിഴിഞ്ഞത്തു സംഭവിക്കുന്നതെന്ത്?




ഷെവലിയാർ അഡ്വ. വി.സി. സെബാസ്റ്റ്യൻ


കേരളത്തിലെ തീരദേശ ജനതയുടെ ജീവിക്കാനുള്ള പോരാട്ടം അതിനിർണായക ദിനങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കോർപ്പറേറ്റുകൾക്കുവേണ്ടി തീരദേശജനതയെ തീറെഴുതിക്കൊടുക്കുന്ന സർക്കാർനടപടിക്കെതിരെ ഉയർന്ന ജനകീയപ്രതിഷേധവും പ്രതിരോധവും അധികാരത്തിന്റെ മറവിൽ അടിച്ചമർത്താൻ ശ്രമിക്കുന്നതിന്റെ അനന്തരഫലങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. സ്വന്തം കൂടും കൂരയും നഷ്ടപ്പെട്ടു തെരുവിലേക്കു വലിച്ചെറിയപ്പെടുന്നവന്റെ വേദന, എല്ലാം നഷ്ടപ്പെടുന്നവന്റെ ദയനീയത ഇവയൊന്നും പാവപ്പെട്ടവന്റെയും തൊഴിലാളിയുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും സംരക്ഷകരെന്നു കൊട്ടിഘോഷിച്ചു നാടുഭരിക്കുന്നവർക്ക് ഇനിയും മനസ്സിലാവുന്നില്ലേ? എല്ലാം ശരിയാക്കുമെന്നു പറഞ്ഞവർ അധികാരത്തിന്റെ സുഖലോലുപതയിൽ വൻകിട കോർപ്പറേറ്റുകളുടെ കോടികൾക്കായി സ്തുതിഗീതമാലപിക്കുന്നതിന്റെ ബാക്കിപത്രമാണ് വിഴിഞ്ഞത്തെ തീരങ്ങളിലെ പൂഴിമണ്ണിൽ വെന്തുവെണ്ണീറാകുന്ന മനുഷ്യജന്മങ്ങൾ.



**വിഴിഞ്ഞത്തു സംഭവിക്കുന്നതെന്ത്?**

വിഴിഞ്ഞത്തെ ജനകീയസമരം നാലുമാസം പിന്നിട്ടു. അദാനിപോർട്ടിന്റെ നിർമാണത്തെത്തുടർന്ന് തീരദേശങ്ങൾ കടലെടുക്കുകയും വീടുകൾ നഷ്ടപ്പെടുകയും വരുമാനങ്ങൾ നിലച്ച് ഉപജീവനം പ്രതിസന്ധിയിലാകുകയും ചെയ്തപ്പോൾ ഇതെല്ലാം നിസ്സാരവത്കരിച്ച് മുഖം തിരിഞ്ഞുനിൽക്കുന്ന സർക്കാരിനുമുമ്പിൽ നിവേദനങ്ങളും അപേക്ഷകളും നൽകി. നടപടികളൊന്നുമില്ലാതെ വന്നപ്പോൾ ജീവിക്കാൻവേണ്ടി ജനം തെരുവിലിറങ്ങി. തീരദേശ ജനത ഒരു സഭയുടെയോ സമുദായത്തിന്റെയോ ഭാഗമല്ല. അതേസമയം, ജനകീയ വിഷയം വർഗീയവത്കരിച്ചു നേട്ടമുണ്ടാക്കാൻ രാഷ്ട്രീയനേതൃത്വങ്ങൾ മത്സരിച്ചു. തീരദേശത്തെ ശക്തമായ സാന്നിധ്യമായ കത്തോലിക്കാസഭയെയും വൈദികരെയും സമരമുഖത്തു സജീവമാക്കിയത് ഒരു ജനതയോടുള്ള കടമയും കടപ്പാടും ജനകീയവിഷയങ്ങളിലുള്ള സഭയുടെ ഉറച്ച നിലപാടുകളുമാണ്.


▶ 2

# തീരദേശജനതയുടെ ആവശ്യങ്ങൾ

*(ഒന്നാം പേജ് തുടർച്ച)*

തീരദേശ ജനകീയപ്രക്ഷോഭത്തെ സമൂഹത്തിന്റെ നാനാതുറകളിൽനിന്നുള്ളവർ പിന്തുണച്ചു. സമരമുഖം സജീവമായി. ജനപിന്തുണയേറുന്നതുകണ്ടപ്പോൾ സർക്കാർ ചർച്ചയ്ക്കു തയ്യാറായി. മന്ത്രിസഭാപ്രതിനിധികൾ സ്ഥിരംവാഗ്ദാനങ്ങൾ ആവർത്തിച്ചു. 2015 ൽ ഉമ്മൻചാണ്ടിസർക്കാരിറക്കിയ ഉത്തരവുകൾ വീണ്ടും പൊടിതട്ടിയെടുത്ത് നടപടികളില്ലാത്ത ചർച്ചകൾ ആവർത്തിച്ചപ്പോൾ ജനങ്ങൾ ശക്തമായി എതിർത്തു. തുടർച്ചയായുള്ള സർക്കാർ ഉത്തരവുകൾ വിശ്വസിച്ചു വിഡ്ഢികളാകാൻ തങ്ങൾക്കാവില്ലെന്നു ജനം തുറന്നടിച്ചു. പിന്നീട് സമരം പൊളിക്കാനുള്ള രാഷ്ട്രീയതന്ത്രങ്ങൾ സർക്കാരിന്റെ നേതൃത്വത്തിൽ അരങ്ങേറി. മുഖ്യമന്ത്രിയുടെ കീഴിലുള്ള ആഭ്യന്തരമന്ത്രാലയം പോലീസിനെ വിന്യസിപ്പിച്ചുള്ള നടപടികൾ ഒരുവശത്ത്. ഒരു ജനതയെ ഒന്നടങ്കം കോടതിവ്യവഹാരങ്ങളിലേക്കു തള്ളിവിടുന്ന ക്രൂരത മറുവശത്ത്. ഇതിനിടയിൽ അക്രമകാരികളെ സമരമുഖത്തിന്റെ ഉള്ളറകളിലേക്കു നുഴഞ്ഞുകയറ്റുന്ന രാഷ്ട്രീയവർഗീയക്രൂരത വേറെയും. എന്തിനേറെ, വോട്ടുചെയ്ത് അധികാരത്തിലേറ്റിയ അധികാരകേന്ദ്രങ്ങൾ തീരദേശമക്കളുടെ മുഴുവൻ നാശം കണ്ടേ അടങ്ങുവെന്ന വാശിയിലാണിപ്പോൾ.

**തീരദേശജനതയുടെ ആവശ്യങ്ങൾ**

2022 ഓഗസ്റ്റ് 8 ന് നിയമസഭയിൽ തീരദേശമേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് കടകംപള്ളി സുരേന്ദ്രൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചു. എന്നാൽ, ഇതിനു വ്യക്തമായ മറുപടി നൽകാൻ മുഖ്യമന്ത്രിക്കോ സർക്കാരിനോ സാധിച്ചില്ല. പകരം മത്സ്യത്തൊഴിലാളികളല്ലാത്ത ചിലർ രാഷ്ട്രീയതാത്പര്യം ലക്ഷ്യംവച്ച് കുഴപ്പങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയെ ലക്ഷ്യമാക്കി ആക്ഷേപിക്കുകയാണു ചെയ്തത്.

ഏഴു പ്രധാനപ്പെട്ട ആവശ്യങ്ങളാണ് വിഴിഞ്ഞംപ്രക്ഷോഭത്തിന്റെ ഭാഗമായി സമരസമിതി മുന്നോട്ടുവച്ചത്.

1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമാണംമൂലമുണ്ടാകുന്ന തീരശോഷണത്തിനു ശാശ്വതപരിഹാരം കാണുക. 2. തീരശോഷണംമൂലം വീടു നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ വാടക നൽകി മാറ്റിപ്പാർപ്പിക്കുക. 3. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കു നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുക. 4. തീരശോഷണത്തിനു ഭീഷണിയായ തുറമുഖനിർമാണം നിറുത്തിവച്ച് പ്രദേശവാസികളെ ഉൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക. 5. മണ്ണെണ്ണ വിലവർദ്ധന പിൻവലിച്ച് തമിഴ്നാട് മാതൃകയിൽ മണ്ണെണ്ണ ലഭ്യമാക്കുക. 6. കാലാവസ്ഥ മുന്നറിയിപ്പു കാരണം കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക. 7. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക.

**ലത്തീൻ അതിരൂപതയുടെ പങ്കാളിത്തം**

പ്രശ്നബാധിതപ്രദേശങ്ങളിൽപ്പെട്ട തിരുവനന്തപുരത്തെ തീരദേശമത്സ്യത്തൊഴിലാളികളിൽ നല്ലൊരു ഭാഗം ലത്തീൻ അതിരൂപതയിൽപ്പെട്ട വിശ്വാസികളാണ്. ആത്മീയകാര്യങ്ങളിലെന്നപോലെ അതിരൂപതയിൽപ്പെട്ട വിശ്വാസിസമൂഹത്തിന്റെ ജീവിതപ്രശ്നങ്ങളിലും ഭൗതികജീവിതത്തിലും അതിരൂപതാധ്യക്ഷൻ എന്ന നിലയിൽ ആത്മീയപിതാവും പിതാവിനോടൊപ്പം ഇടവകവികാരിമാരും ഏറെ ശ്രദ്ധചെലുത്തുക സ്വാഭാവികമാണ്. എല്ലാം നഷ്ടപ്പെടുന്ന ജനവിഭാഗത്തിന്റെ കണ്ണീരിനു മുമ്പിൽനിന്ന് വീരവാദങ്ങൾ മുഴക്കി ഒളിച്ചോടാൻ പിതാവും വൈദികരും രാഷ്ട്രീയക്കാരല്ല എന്നോർക്കണം. തിരഞ്ഞെടുപ്പിൽ മത്സരിക്കലോ ജനപ്രതിനിധികളും മന്ത്രിമാരുമാകലോ രാഷ്ട്രീയപ്പാർട്ടി രൂപീകരിക്കലോ ഇവരുടെ ലക്ഷ്യവുമല്ല. അതേസമയം, തൊഴിലും ഉപജീവനവും നഷ്ടപ്പെട്ട് ജീവിതം ദുഃഖദുരിതമായിരിക്കുന്നവർക്കും ക്യാമ്പുകളിൽ നരകയാതന അനുഭവിക്കുന്നവർക്കുംവേണ്ടി വൈദികർ പോരാടും. അത് ക്രൈസ്തവധർമവും കടമയും ഉത്തരവാദിത്വവുമാണ്.

**സർക്കാരിന്റെ വിരുദ്ധനിലപാടുകൾ**

വിഴിഞ്ഞം തുറമുഖനിർമാണം സൃഷ്ടിച്ചിരിക്കുന്ന തീരശോഷണത്തിനു ശാശ്വതപരിഹാരം കാണണമെന്ന ആവശ്യത്തിനു സർക്കാരിനു മറുപടിയില്ല. തീരങ്ങളെ ആശ്രയിച്ചുകഴിയുന്ന ജനങ്ങൾ ജീവിക്കുന്ന രാജ്യങ്ങൾ പുലർത്തുന്ന സമീപനംപോലും സംസ്ഥാനസർക്കാർ ഈ പ്രശ്നബാധിതപ്രദേശങ്ങളിൽ സ്വീകരിക്കാൻ തയ്യാറാകുന്നുമില്ല.

തീരശോഷണംമൂലം വീടു നഷ്ടപ്പെട്ടു ക്യാമ്പുകളിൽ കഴിയുന്നവർക്ക് വീട് വാടകയ്ക്ക് എടുക്കുന്നതിന് 5000 രൂപ പ്രതിമാസം നൽകാം എന്നാണ് രണ്ടാമത്തെ ആവശ്യത്തിനു മറുപടി. 5000 രൂപ അപര്യാപ്തമായതുകൊണ്ട് മുഖ്യമന്ത്രിയുടെ ആ വാഗ്ദാനം സമരസമിതി സ്വീകരിച്ചില്ല. മാത്രവുമല്ല, നിരവധി ക്ഷേമപെൻഷനുകൾപോലും മുടങ്ങിയിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ സർക്കാരിന്റെ വാഗ്ദാനംമാത്രം വിശ്വസിച്ചു വീടു വാടകയ്ക്കെടുത്തു ക്യാമ്പിൽനിന്നു മാറാൻ ക്യാമ്പിൽ കഴിയുന്നവർക്കു സാധ്യമല്ല. വീടു വാടകയ്ക്കു ലഭിക്കുന്നതിന് തുടക്കത്തിൽ കൂടിയ തുക അഡ്വാൻസ് നൽകണമെന്ന് ഏതൊരാൾക്കും അറിയാവുന്നതാണ്. പകരം, സർക്കാർ ചെയ്യേണ്ടത് സർക്കാർതന്നെ വീടു വാടകയ്ക്കെടുത്ത് അതു ക്യാമ്പുനിവാസികൾക്കു ലഭ്യമാക്കുക എന്നതാണ്. അതിനൊട്ട് സർക്കാർ തയ്യാറല്ലതാനും.

വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീടും സ്ഥലവും നൽകി പുനരധിവസിപ്പിക്കുക എന്ന മൂന്നാമത്തെ ആവശ്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത് വസ്തു വാങ്ങി വീടുണ്ടാക്കുന്നതിന് പത്തു ലക്ഷം രൂപ നൽകാമെന്നാണ്. ഇക്കാര്യത്തിലും മുഖ്യമന്ത്രി വാഗ്ദാനം ചെയ്യുന്ന തുക അപര്യാപ്തമാണ്. പട്ടയമുള്ള വസ്തുവിൽ ഉണ്ടായിരുന്ന വീടുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. വസ്തുവിൽ അതതു വില്ലേജ് ഓഫീസിൽ കരം അടച്ചുകൊണ്ടിരുന്നതുമാണ്. ഓരോരുത്തർക്കും നഷ്ടപ്പെട്ട വസ്തുവിന് തുല്യവിസ്തീർണം വസ്തു നല്കുകയും നഷ്ടപ്പെട്ട വീടിനു സമാനമായ വീട് നിർമിച്ചുനൽകുകയുമാണു വേണ്ടത്. തീരദേശത്തു നഷ്ടപ്പെട്ട വസ്തുവിന്റെ തുല്യവിസ്തീർണം വസ്തു വാങ്ങാൻ പോലും പത്തു ലക്ഷം രൂപ തികയില്ല. മത്സ്യത്തൊഴിലാളികളെ അഗതികളായി കണക്കാക്കുന്ന മനോഭാവമാണ് സർക്കാർ കാണിച്ചത്.

തുറമുഖനിർമാണം നിറുത്തിവച്ച് തദ്ദേശവാസികളെക്കൂടി ഉൾപ്പെടുത്തി സ്വതന്ത്രാന്വേഷണം നടത്തണം എന്ന നാലാമത്തെ ആവശ്യത്തെ സംബന്ധിച്ചു മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്, തുറമുഖത്തിന്റെ നിർമാണം ഒരു സാഹചര്യത്തിലും നിറുത്തിവയ്ക്കില്ലെന്നും പഠിക്കാൻ വിദഗ്ധസമിതിയെ വയ്ക്കാം എന്നുമാണ്. പ്രഥമദൃഷ്ട്യാ ന്യായമെന്നു തോന്നാവുന്ന ഈ വാഗ്ദാനം യുക്തിസഹമല്ലാത്തതുകൊണ്ടു നിരാകരിക്കാൻ സമരസമിതി നിർബന്ധിതമായി. തുറമുഖത്തിനുവേണ്ടിയുള്ള നിർമാണപ്രവർത്തനം ആരംഭിച്ചതുമൂലം ഉണ്ടായിട്ടുള്ള തീരശോഷണവും വീടുകളുടെ നാശനഷ്ടങ്ങളും തൊഴിൽനഷ്ടവും പരിഹരിക്കാൻ കഴിയാത്തത്ര ഗൗരവതരവും തീവ്രവുമാണ്. പഠനം നടത്തുന്ന കാലത്തും നിർമാണപ്രവർത്തനം തുടരുകയെന്നാൽ അതിന്റെയർഥം പഠനം ഒരു ചടങ്ങായി നടത്തുകയും നിർമാണപ്രവർത്തനവും അതുമൂലം ഉണ്ടാകുന്ന ദോഷഫലങ്ങളും അനുസ്യൂതം തുടരുകയെന്നുമാണ്. അതു യുക്തിസഹമല്ലെന്നുമാത്രമല്ല, സാമാന്യബുദ്ധിക്കു നിരക്കുന്നതുമല്ല.

സർക്കാരിന്റെ നിലപാടിൽനിന്നു വെളിവാകുന്ന രണ്ടു കാര്യങ്ങൾകൂടിയുണ്ട്: ഒന്ന്, പഠനത്തിലൂടെ വെളിവാകുന്നത് എന്തുതന്നെയായിരുന്നാലും തുറമുഖപദ്ധതി ഉപേക്ഷിക്കില്ല. രണ്ടാമത്, സർക്കാർ അത്തരത്തിൽ കടുംപിടിത്തത്തോടെ വിദഗ്ധസമിതിയെ നിയമിക്കുമ്പോൾ മുഖ്യമന്ത്രി ഭംഗ്യന്തരേണ വിദഗ്ധസമിതിക്ക് ഒരു സൂചനകൂടി നൽകുന്നു. പദ്ധതി ഉപേക്ഷിക്കണമെന്ന ശിപാർശ റിപ്പോർട്ടിൽ ഉണ്ടായിക്കൂടാ. ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന ഇത്തരമൊരു സമീപനം പ്രശ്നപരിഹാരത്തിന് ഉതകുന്നതല്ല. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതിജീവനത്തിന്റെയും ജീവന്മരണപോരാട്ടത്തിന്റെയും പ്രശ്നമാണ്. ശമ്പളവർധനവിനോ ആനുകൂല്യങ്ങൾക്കോവേണ്ടി ഉദ്യോഗത്തിലിരുന്നു സമരം നടത്തുന്ന ട്രേഡ്യൂണിയനുകൾക്ക് സർക്കാർഖജനാവിൽനിന്നു വാരിക്കോരിക്കൊടുത്തു സമരം കൈകാര്യംചെയ്യുന്ന സമീപനം അതിജീവനസമരത്തിൽ ജീവിതവും ജീവനും പണയം വച്ചിരിക്കുന്നവരോടു കാണിക്കുന്നത് അനുയോജ്യമല്ല. പഠനഫലം എന്തെന്നറിയാതെ പുലിമുട്ടിനുവേണ്ടി ഒരു കല്ല് കടലിൽ ഇടുന്നതോ കര സൃഷ്ടിക്കാൻവേണ്ടി അല്പം പോലും ഡ്രഡ്ജിങ് നടത്തുന്നതോ അഭികാമ്യമല്ല.

രണ്ടുവർഷത്തിൽ കൂടുതൽ ഇപ്പോൾത്തന്നെ പദ്ധതിനിർവഹണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 30 ശതമാനം പ്രവൃത്തി മാത്രമാണ് ഇപ്പോഴും പൂർത്തിയായിട്ടുള്ളത്. പണി മുമ്പോട്ടു കൊണ്ടുപോകുകയാണെങ്കിൽ പോലും ഇനിയും വർഷങ്ങൾ നീണ്ടുനിൽക്കുന്ന ഒന്നാണ്. അല്ലാതുള്ള പ്രസ്താവനകളൊക്കെ അല്പംപോലും യാഥാർഥ്യബോധം പുലർത്താത്തവയാണ്. മണ്ണെണ്ണവിലയെ സംബന്ധിച്ച സർക്കാരിന്റെ നിലപാടും നിർഭാഗ്യകരമാണ്. ലക്ഷക്കണക്കായ മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണത്തിനാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ കേന്ദ്രസർക്കാരിനുമേൽ സമ്മർദം ചെലുത്താൻ കഴിയാത്ത സംസ്ഥാനസർക്കാർ എന്തിനാണെന്ന് മത്സ്യത്തൊഴിലാളികൾ ചിന്തിച്ചാൽ അവരെ കുറ്റം പറയാനാകുമോ? തമിഴ്നാട്സർക്കാരിനു കഴിയുന്നത് കേരളത്തിനു കഴിയാത്തതെന്തുകൊണ്ട് എന്ന് വയറുവിശക്കുന്നവർ ചിന്തിച്ചുപോകുന്നതിൽ എന്തു തെറ്റാണുള്ളത്?

കാലാവസ്ഥാമുന്നറിയിപ്പുമൂലം കടലിൽപോകാൻ കഴിയാത്തവർക്ക് മിനിമംവേതനം നൽകുക എന്ന ആവശ്യത്തെ സംബന്ധിച്ച സർക്കാരിന്റെ വിശദാംശങ്ങൾ അറിയേണ്ടതുണ്ട്. തുറമുഖത്തിന്റെ നിർമാണപ്രവർത്തനം നിറുത്തിവെച്ച് വിദഗ്ധസമിതി പഠനം നടത്തുക എന്നത് മറ്റെല്ലാ ആവശ്യങ്ങളും അംഗീകരിച്ചാലും ഉപേക്ഷിക്കാൻ കഴിയുന്നതല്ല. അതൊഴിവാക്കിക്കൊണ്ട് മറ്റെന്തെങ്കിലും നേടിയാലും നേടുന്നതൊക്കെ വെള്ളത്തിൽ വരയ്ക്കുന്ന വരപോലെയാകും.

**സിപിഎം-ബിജെപി-അദാനി**

കേരളത്തിലെ ജനമനസ്സിൽ പരസ്പരം പോരടിക്കുന്ന രാഷ്ട്രീയപ്പാർട്ടികളാണ് ബിജെപിയും സിപിഎമ്മും. വെറും പോരടിക്കൽ മാത്രമല്ല, മത്സരിച്ചു നടുറോഡിൽ വെട്ടിക്കൊലവരെ നടത്തിയവർ. ഇവർ രണ്ടുകൂട്ടരും വിഴിഞ്ഞം പ്രശ്നത്തിൽ അദാനിയുടെ മുമ്പിൽ വെറും പൂച്ചകളായി മാറി. അദാനിയുടെ വികസന അജണ്ടയുടെ വീതംപറ്റിയതാണിതെന്നു വ്യാഖ്യാനിച്ചേക്കാം. കാര്യമെന്താണെങ്കിലും, കടലോരത്തു ജീവിക്കാൻവേണ്ടി പ്രക്ഷോഭം നടത്തുന്ന ജനങ്ങളെ എതിർക്കാൻ കീരിയും പാമ്പും ഒന്നിക്കുമ്പോൾ വിഴിഞ്ഞം പോർട്ടിന്റെ നിർമാതാക്കൾ എത്ര ശക്തരെന്ന് ഓർമിക്കുക. രണ്ടു സംവിധാനങ്ങളെപ്പോലും നിയന്ത്രിക്കാനും വിലയ്ക്കെടുക്കാനും കെല്പുള്ളവർ.

**കടലോര-മലയോര ജനത**

തീരദേശജനതയും മലയോരമക്കളും നേരിടുന്ന ജീവിതപ്രശ്നങ്ങൾക്കു സമാനതകളേറെയുണ്ട്. രണ്ടും പിറന്നുവീണ മണ്ണിൽ ജീവിക്കാനുള്ള പോരാട്ടമാണ്. ജനാധിപത്യഭരണസംവിധാനത്തിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന രാഷ്ട്രീയഭരണനേതൃത്വങ്ങളുടെ അധികാരധാർഷ്ട്യത്തിനും ജനവിരുദ്ധസമീപനത്തിനുമെതിരേയുള്ള ജനകീയമുന്നേറ്റവും നീതിക്കും നിലനില്പിനുമായുള്ള പോരാട്ടവുമാണ് വിഴിഞ്ഞത്ത് ഇപ്പോൾ നടക്കുന്നത്. വിലത്തകർച്ചയും വന്യജീവിയാക്രമണവും ഭൂപ്രശ്നങ്ങളും വനവത്കരണവും കൃഷിനാശവും പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവുംമൂലം നാശത്തിന്റെ വക്കിലെത്തി നില്ക്കുന്ന മലയോരജനതയും, കടൽകയറി സ്വന്തം വീടുകൾ നഷ്ടപ്പെടുന്ന, തൊഴിലുകൾ നഷ്ടപ്പെട്ട് പെരുവഴിയിലേക്കു വലിച്ചെറിയപ്പെടുന്ന തീരദേശജനതയും ഒരുമിച്ചു കൈകോർക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

■



# അക്ഷരപരിഷ്കരണത്തിന്റെ ചരിത്രവഴികൾ



ഡോ. തോമസ് മൂലയിൽ

ഇരുപത്താറു നൂറ്റാണ്ടിലധികം പഴക്കമുള്ളതായി കണക്കാക്കപ്പെടുന്ന ബ്രാഹ്മിലിപിയിൽനിന്നുദ്ഭവിച്ച വട്ടെഴുത്ത്, കോലെഴുത്ത് മുതലായവയിൽനിന്നാണു മലയാളലിപികൾ ഉണ്ടായിട്ടുള്ളത്. മലയാളലിപികൾക്കു തനതുരൂപം ഉണ്ടാകുന്നത് 12-ാം നൂറ്റാണ്ടോടെയാണ്; ലിപിവ്യവസ്ഥയ്ക്ക് ആധുനികരൂപം കൈവന്നത് 16-ാം നൂറ്റാണ്ടോടെയും.

ലോകത്താകമാനം 6500 ലധികം അംഗീകൃത ഭാഷകളുണ്ട്. എന്നാൽ, അക്ഷരസമ്പത്തുകൊണ്ട് മലയാളത്തോളം സമ്പന്നമായ പത്തുഭാഷകൾപോലുമില്ല. ആയിരത്തിലധികം ലിപികളാണു മലയാളത്തിനുള്ളത്. ലിപികളുടെ വൈപുല്യത്തിന്റെ ആധിക്യം കുറയ്ക്കാൻ നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്. അതിനുള്ള ശ്രമം ആദ്യമായി നടന്നത് ബെഞ്ചമിൻ ബെയ്‌ലി (1791-1871) എന്ന വിദേശമിഷനറിവൈദികന്റെ നേതൃത്വത്തിലാണ്. 1890 കളിൽ കണ്ടത്തിൽ വറുഗീസ്മാപ്പിളയുടെ നേതൃത്വത്തിലും 1968 ൽ കേരളസർക്കാർ നിയമിച്ച വിദഗ്ധസമിതിയുടെ നേതൃത്വത്തിലും ശ്രമം നടന്നിട്ടുണ്ട്. എൻ.വി. കൃഷ്ണവാരിയർ, ശൂരനാട്ടു കുഞ്ഞൻപിള്ള എന്നിവരുടെ നേതൃത്വത്തിൽ ലിപിപരിഷ്കരണത്തിലൂടെ ലിപികളുടെ എണ്ണം 90 ആയി പരിമിതപ്പെടുത്തി.

'ആറു മലയാളിക്കു നൂറുമലയാളം, അരമലയാളിക്കും ഒരു മലയാളം, ഒരു മലയാളിക്കും മലയാളമില്ല' എന്നു കുഞ്ഞുണ്ണിമാഷ് ഹാസ്യരൂപേണയാണെങ്കിലും ദുഃഖത്തോടെയാണു പറഞ്ഞത്. ഈ അവസ്ഥയ്ക്കു മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെ 1997 ൽ 'മലയാളത്തനിമ' എന്ന ഭാഷാനവീകരണപ്രസ്ഥാനം രൂപമെടുത്തു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരാണ് അത് ഉദ്ഘാടനം ചെയ്തത്.

മലയാളം എഴുത്തിന്റെയും അച്ചടിയുടെയും മാനകീകരണ(Standardization)ത്തിനായി 1998 ഓഗസ്റ്റ് 17 മുതൽ 27 വരെ ഒരു ശില്പശാല നടത്തി. മൈസൂറിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ കേരള സാഹിത്യ അക്കാദമി, എസ്.സി.ഇ.ആർ.ടി., ഐ.എസ്.ഡി.എൽ., സർവവിജ്ഞാനകോശം, പ്രസ് അക്കാദമി, സംസ്ഥാന ഭരണവകുപ്പ്, ഭാഷാശാസ്ത്രവിഭാഗം (കേരള സർവകലാശാല) എന്നിവയിലെ വിദഗ്ധരുടെ സഹകരണത്തോടെയായിരുന്നു ഈ ശില്പശാല.

ശില്പശാലയ്ക്കു നേതൃത്വം നല്കിയത് ഡോ. വി.ആർ. പ്രബോധചന്ദ്രൻനായർ (ചെയർമാൻ), ഡോ. പി. സോമശേഖരൻ നായർ, ഡോ. ജി.കെ. പണിക്കർ, ഡോ. ഇ.വി.എസ്. നമ്പൂതിരി, പ്രൊഫ. എസ്. സുധാകരൻ എന്നിവർ ഉൾപ്പെട്ട വിദഗ്ധസമിതിയാണ്. അമ്പത്തൊന്നംഗ ജനറൽ കൗൺസിലും ഏഴുപേരുള്ള ഉപദേശകസമിതിയും പതിനഞ്ചംഗ നിർവാഹകസമിതിയും ചേർന്നതായിരുന്നു ഔദ്യോഗികസംവിധാനം.




ബെഞ്ചമിൻ ബെയ്‌ലി



കണ്ടത്തിൽ വറുഗീസ് മാപ്പിള



ശൂരനാട്ട് കുഞ്ഞൻപിള്ള



എൻ.വി. കൃഷ്ണവാരിയർ

ശില്പശാലയിൽനിന്ന് ഉരുത്തിരിഞ്ഞ 'മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം' എന്ന ലഘുലേഖയുടെ ആയിരക്കണക്കിനു കോപ്പികൾ അച്ചടിച്ച് ഭാഷാസ്നേഹികളുടെയും പണ്ഡിതലോകത്തിന്റെയും ചർച്ചയ്ക്കും സുചിന്തിതാഭിപ്രായത്തിനുമായി വ്യാപകമായ തോതിൽ വിതരണം ചെയ്തു. വിദഗ്ധസമിതി ഇടയ്ക്കിടെ സമ്മേളിച്ച്, ലഭിച്ച പ്രതികരണങ്ങളിൽ കൊള്ളേണ്ടതു കൊള്ളുകയും തള്ളേണ്ടതു തള്ളുകയും ചെയ്തുകൊണ്ടിരുന്നു. ഒക്ടോബർ 21 നു ചേർന്ന ഉപദേശകസമിതിയുടെയും നിർവാഹകസമിതിയുടെയും സംയുക്തസമ്മേളനം ഉയർന്നുവന്ന നിർദേശങ്ങൾ സസൂക്ഷ്മം പരിശോധിച്ച് അംഗീകാരം നല്കി.

അങ്ങനെ, ഒരു വർഷക്കാലം നീണ്ടുനിന്ന പഠനത്തിന്റെയും ചർച്ചയുടെയും സംവാദത്തിന്റെയും വെളിച്ചത്തിൽ ക്രോഡീകരിച്ചെടുത്ത 'മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം' 1999 നവംബർ ഒന്നാം തീയതി കേരളപ്പിറവിദിനത്തിൽ പ്രകാശനം ചെയ്തു. വിവിധ തുറകളിൽനിന്നുള്ള അമ്പതോളം പണ്ഡിതന്മാർ ചേർന്ന് പഠിച്ചു തയ്യാറാക്കിയ ഈ കൈപ്പുസ്തകം തികച്ചും ആധികാരികമായ ഒരു ഗ്രന്ഥമാണ്. ഒരുപക്ഷേ, ഭാഷയുടെ ചരിത്രത്തിൽ ഇത്രയും വിപുലവും ആഴമേറിയതുമായ ഒരു ഗവേഷണപഠനം വേറേ ഉള്ളതായി അറിവില്ല. ഈ കൈപ്പുസ്തകത്തിന്റെ ആമുഖക്കുറിപ്പിൽ വളരെ ശ്രദ്ധേയമായ ഒരു നിർദേശമുണ്ട്, അധ്യാപകർക്കുവേണ്ടി കേരളത്തിലുടനീളം ലിപിമാനകീകരണ ക്ലാസുകൾ നടത്തണമെന്നും ഔദ്യോഗികാംഗീകാരമുള്ള സ്റ്റൈൽ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ അക്ഷരബോധനം, ഉച്ചാരണപരിശീലനം, പദാവലീവികസനം, ഭാഷാജ്ഞാനനിർണയം മുതലായ രംഗങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ക്രിയാത്മകനടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം എന്നുമാണു നിർദേശം. പക്ഷേ, ഒന്നും നടന്നില്ല എന്നതാണു ചരിത്രസത്യം. 2012 ലെ രണ്ടാം പതിപ്പിലെ ആമുഖക്കുറിപ്പിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിറക്ടർതന്നെ പറയുന്നു: "കഴിഞ്ഞ കുറെ വർഷങ്ങളായി ഭാഷാനവീകരണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞിട്ടില്ല."

ഭാഷാചരിത്രം പരിശോധിക്കുന്നവർക്ക് ഈ അപചയത്തിന്റെ കാരണം പകൽപോലെ വ്യക്തമാണ്. ഡി.പി.ഇ.പി. എന്ന പാഠ്യപദ്ധതി നടപ്പാക്കുന്നത് ഈ കാലഘട്ടത്തിലാണ്. അക്ഷരപഠനമേ



ഡോ. വി.ആർ.പ്രബോധചന്ദ്രൻനായർ

പാടില്ല എന്നായിരുന്നു പദ്ധതിയുടെ മുദ്രാവാക്യം. അക്ഷരമാല പാഠപുസ്തകത്തിൽനിന്നു വെട്ടിമാറ്റി; അക്ഷരപഠനം നിരോധിച്ചു; അക്ഷരപഠനം ശിക്ഷാർഹം എന്ന സ്ഥിതിവരെയെത്തി കാര്യങ്ങൾ! 1990 ന്റെ മധ്യം മുതലുള്ള കാൽ നൂറ്റാണ്ടുകാലം അക്ഷരപഠനവും അക്ഷരമാലയുമില്ലാതെ നീങ്ങി...!

നീക്കം ചെയ്യപ്പെട്ട അക്ഷരമാല പാഠപുസ്തകത്തിൽ പുനഃപ്രതിഷ്ഠിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതാണ്ട് നാലു വർഷക്കാലം നീണ്ടുനിന്ന അക്ഷരസമരത്തിന്റെ പാർശ്വഫലം എന്നു പറയാം, 07.12.2021 ൽ ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി അധ്യക്ഷനായുള്ള പതിമ്മൂന്നംഗ ഭാഷാമാർഗനിർദേശകവിദഗ്ധസമിതി. ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ, ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ, ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ. പി. സോമൻ, പ്രൊഫ. വി. മധുസൂദനൻ നായർ, ഡോ. അനിൽ വള്ളത്തോൾ, ശ്രീ. ചാക്കോ സി. പൊരിയത്ത്, ഡോ. എൻ.പി. ഉണ്ണി, ഡോ. എച്ച്. പൂർണിമ, ശ്രീ എൻ. ജയകൃഷ്ണൻ, ഡോ. ആർ. ശിവകുമാർ എന്നിവരാണു സമിതിയംഗങ്ങൾ. ഈ സമിതിയുടെ രൂപീകരണത്തിനും വിദഗ്ധമായ നടത്തിപ്പിനും ചുക്കാൻപിടിച്ച ഡോ. വി.പി. ജോയിയുടെ ദീർഘവീക്ഷണവും ചടുലമായ നീക്കങ്ങളും ധീരമായ നിലപാടുകളും ഭരണനിർവഹണചാതുരിയും അത്യന്തം അഭിനന്ദനാർഹമാണ്. ഭരണസിരാകേന്ദ്രങ്ങളിലെ മെല്ലെപ്പോക്കിനും കെടുകാര്യസ്ഥതയ്ക്കുമൊക്കെ അപവാദമാ



ഡോ. വി.പി. ജോയി

യി നിലകൊള്ളുന്ന വ്യക്തിയാണ് നലം തികഞ്ഞ സാഹിത്യകാരനുംകൂടിയായ അദ്ദേഹം. കോവിഡ് പ്രതിസന്ധി രൂക്ഷമായിരുന്നിട്ടുപോലും ഗൂഗിൾമീറ്റിലൂടെ സമിതിയുടെ മൂന്നു യോഗങ്ങൾ ചേർന്നു. കോവിഡ് പ്രതിസന്ധി മാറിയപ്പോൾ സമിതിയംഗങ്ങളെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് അവസാനയോഗം ചേർന്നു പഠനങ്ങൾ വിലയിരുത്തി തീരുമാനമെടുത്തു റിപ്പോർട്ട് സമർപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഭാഷാപരിഷ്കരണമെന്ന അതിസങ്കീർണമായ ജോലിയാണു സമിതി നിർവഹിച്ചത്. സാധാരണഗതിയിൽ, ഇത്തരത്തിലുള്ള പഠനറിപ്പോർട്ടു വരുമ്പോൾ ഉണ്ടാകാവുന്ന എതിർപ്പുകളൊന്നുംതന്നെ ഈ സമിതിയുടെ റിപ്പോർട്ടിനെപ്പറ്റി വന്നിട്ടില്ല. ഒട്ടേറെ പ്രതികരണങ്ങൾ വരികയും ചെയ്തിട്ടുണ്ട്. പൊതുവെ, നല്ല പ്രതികരണമാണു വന്നിട്ടുള്ളത്. നിലവിലുള്ള അവ്യവസ്ഥിതിക്കെല്ലാം തന്നെ പരിഹാരം നിർദേശിക്കാൻ സമിതിക്കു കഴിഞ്ഞിട്ടുണ്ട്. അതിവിപുലമായ ഒരു പദാവലി സംഭാവന ചെയ്യാൻ സമിതിക്കു കഴിഞ്ഞിട്ടുണ്ട്. ഏറ്റവും സുപ്രധാനവും നിർണായകവുമായ തീരുമാനം പാഠാവലിയിൽനിന്ന് അപ്രത്യക്ഷമായ അക്ഷരമാല പുനഃപ്രതിഷ്ഠിക്കണം എന്നതാണ്. അക്ഷരമാല നീക്കം ചെയ്യാൻ നീക്കങ്ങൾ നടത്തിയ ചിലരൊക്കെ പരോക്ഷമായി ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും പ്രത്യക്ഷമായി രംഗത്തുവരാൻ അവർ മുതിർന്നിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

എങ്കിലും, സമിതിയുടെ ഒരു നിർദേശത്തോടുള്ള വിയോജിപ്പു രേഖപ്പെടുത്തട്ടെ. സ്വരാക്ഷരങ്ങളുടെ കൂട്ടത്തിൽ അനുസ്വാര (അം)വും വിസർഗവും (അഃ) ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളതാണ്. ഈ നിർദേശം തെറ്റുധാരണാജനകമാണ്. നാളിതുവരെ ഉണ്ടായിട്ടില്ലാത്ത ഒരു നിർദേശമാകുമ്പോൾ അതിന്റെ കാരണം വിശദീകരിക്കേണ്ടതായിരുന്നു. അനുസ്വാരവും വിസർഗവും (അം, അഃ) ഒരു കാരണവശാലും സ്വരങ്ങളായി കണക്കാക്കാനാവില്ല. അനുസ്വാരം (അം) വ്യഞ്ജനമായ 'മ'കാരത്തിന്റെ തേഞ്ഞുമാഞ്ഞ രൂപമാണ്. 'മ'കാരം താനനുസ്വാരം എന്നു പാണിനി പറഞ്ഞുവച്ചിട്ടുള്ളതാണ്. അതുപോലെ, വിസർഗം (അഃ) 'ഹ'കാരത്തിന്റെ ലോപരൂപമാണ്. ഇവ രണ്ടിനെയും ഒരു കാരണവശാലും സ്വരാക്ഷരങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ പാടില്ല. ഭാഷാശാസ്ത്രജ്ഞന്മാർ യുക്തിയുക്തം അവ സ്വരങ്ങളല്ല എന്നു സമർത്ഥിച്ചിട്ടുള്ളതാണ്. ഇന്നു ജീവിച്ചിരിക്കുന്ന ഭാഷാശാസ്ത്രജ്ഞന്മാരിൽ ഏറ്റവും അഗ്രഗണ്യനായ ഡോ. വി.ആർ. പ്രബോധചന്ദ്രൻനായരുടെ ഒരുദ്ധരണിയോടെ ഈ ലേഖനം സമാപിപ്പിക്കുന്നു: "അനുസ്വാരം, വിസർഗം എന്നിവയെ സ്വനവിജ്ഞാനമോ വ്യാകരണമോ സ്വനങ്ങളായി അംഗീകരിക്കുന്നില്ല. അക്ഷരം = വ്യഞ്ജനം ചേർന്നതോ ചേരാത്തതോ ആയ സ്വരം എന്ന സർവാദരണീയ നിർവചനദൃഷ്ട്യാ അക്ഷരമല്ലാത്ത അം, അഃ എന്നിവയെ സ്വനങ്ങളായി അംഗീകരിക്കാനാവില്ല. അതുകൊണ്ട്, അവയുടെ സ്ഥാനം ചില്ലുകളുടേതുപോലെയായിരിക്കണം."

■

# ആഘോഷങ്ങളുടെ വില കുറഞ്ഞോ?



മേഴ്സിക്കുട്ടി എബ്രഹാം

ജാതിമതഭേദമെന്യേ എല്ലാവരുംതന്നെ അവരുടെ ജീവിതത്തിലെ പല ദിവസങ്ങളും ആഘോഷിക്കാറുണ്ട്. ഒരു വ്യക്തി ജനിക്കുന്ന ദിവസം, കല്യാണദിവസം, മരണദിവസം ഇങ്ങനെ എത്രയോ ആഘോഷങ്ങളാണ്! കുഞ്ഞ് ഉണ്ടായാൽ ബന്ധുക്കളെയും അയൽക്കാരെയും കൂട്ടുകാരെയുമെല്ലാം അറിയിക്കും. നിശ്ചിതദിവസം മാമ്മോദീസാ, അല്ലെങ്കിൽ ഇരുപത്തെട്ടുകെട്ട്. അതെല്ലാം സ്വന്തം ഭവനങ്ങളിലാണ്. ബന്ധുക്കളും കൂട്ടുകാരുമൊക്കെ തലേദിവസംതന്നെ എത്തിത്തുടങ്ങും. സന്ധ്യയാകുമ്പോൾ അയൽക്കാരുമെത്തും. കുട്ടികൾമുതൽ മുതിർന്നവർവരെ എല്ലാവരുംകൂടി സംസാരവും പാട്ടും കലാപരിപാടികളും അവതരിപ്പിക്കും. തുടർന്നു ഭക്ഷണം പാകം ചെയ്യും, ഒന്നിച്ചിരുന്നു കഴിക്കും. എത്രയോ നല്ല കാലമായിരുന്നു! കുഞ്ഞ് വലുതാകുന്തോറും ആദ്യ കുർബാനയായി, വിവാഹമായി, തിരുപ്പട്ടസ്വീകരണമായി. പിന്നീട്, മരണം. എല്ലാംതന്നെ നമ്മൾ അതതിന്റെ പ്രാധാന്യത്തോടെ ആഘോഷിക്കുമായിരുന്നു. പ്രായമാകുന്തോറും സപ്തതി, നവതി. അങ്ങനെ



പോകുന്നു ആഘോഷങ്ങൾ. എന്നാൽ, ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി അല്പം വിഷമത്തോടെ ചിന്തിക്കേണ്ടിയിരിക്കുന്നു.

പണ്ടൊക്കെ വീടുകളിൽ നടത്തിയിരുന്ന കല്യാണനിശ്ചയം, ജന്മദിനാഘോഷം തുടങ്ങിയവയെല്ലാം ഇന്ന് ഹോട്ടലുകളിലേക്കും റിസോർട്ടുകളിലേക്കും മാറ്റിയിരിക്കുകയാണ്. മുമ്പ് വരന്റെ സ്വന്തം ഭവനത്തിലേക്കാണ് വിവാഹനിശ്ചയസമയത്ത് വധുവിന്റെ മാതാപിതാക്കളും ബന്ധുക്കളും മറ്റും വന്നിരുന്നത്. തന്റെ മകൾക്കു താമസിക്കാനുള്ള വീടും പരിസരവും സ്വത്തുക്കളുമെല്ലാം നേരിട്ടു കാണുന്നതിനാണ് വധുവിന്റെ മാതാപിതാക്കൾ, വരന്റെ വീട്ടിലെത്തിയിരുന്നത്. ആ പതിവു മാറ്റി വലിയ ഹോട്ടലുകളിലാക്കി പരിപാടി. ഹോട്ടലിൽ ഭക്ഷണം കഴിച്ചിട്ട് എല്ലാവരും മടങ്ങും.

വിവാഹം കഴിഞ്ഞാൽ പെണ്ണിന് ഭർത്താവിന്റെ വീട്ടിൽ അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കാതെ വരുന്നു. ഉടനെ വിവാഹമോചനത്തിനായുള്ള ശ്രമങ്ങളാണ്. ന്യൂജനറേഷനെ മാത്രം കുറ്റംപറഞ്ഞിട്ടു കാര്യമില്ല. മാതാപിതാക്കൾതന്നെയാണ് ഹോട്ടൽ അറേഞ്ചു ചെയ്യുന്നത്. ചിലപ്പോൾ അവരുടെ വീട് വൃത്തിയാക്കാൻ മടിയായിരിക്കും. മറ്റു ചിലപ്പോൾ അധികം ആളുകളെ ക്ഷണിക്കാൻ താത്പര്യമില്ലായിരിക്കും. കൊവിഡ് കാലമാണെന്നു പറഞ്ഞ് തന്റെ ഭാഗം ശരിവയ്ക്കാനും ഇക്കൂട്ടർ ശ്രമിക്കാറുണ്ട്.

മാതാപിതാക്കളുടെ അറുപതും എഴുപതും തൊണ്ണൂറുമൊക്കെ ചില മക്കളെങ്കിലും ആഘോഷിക്കും. മാതാപിതാക്കൾക്കാകട്ടെ, അവരുടെകൂടെ പഠിച്ചവരെയും ബന്ധുക്കളെയും അയൽക്കാരെയുമെല്ലാം വിളിച്ച് ആഘോഷിക്കാനായിരിക്കും ഇഷ്ടം. എന്നാൽ, മക്കൾ പ്രായമായ ഇവരെയും കൊണ്ട് കുമരകം, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലേക്കു പോകുകയാണ്. നടക്കാനോ വെള്ളത്തിൽ നിൽക്കാനോ വയ്യാത്ത ഇവർ ബോട്ടിങ്ങിനു പോകുകയാണ്. എന്തൊരു വിരോധാഭാസം! എല്ലാ ആഘോഷങ്ങൾക്കും അതതിന്റെ പവിത്രത ആവശ്യമാണ്.

മാതാപിതാക്കളുടെ വിവാഹത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്നവരുണ്ട്. ദൈവത്തിന്റെ പ്രത്യേക കൃപയും കരുണയും ലഭിച്ചവരാണ് അമ്പതു വർഷം ഒരുമിച്ചുജീവിക്കുന്നവർ. ഈ ചടങ്ങുകളിലെല്ലാം നമ്മുടെ പരിസരങ്ങളിൽ താമസിക്കുന്ന പ്രായം ചെന്നവരെയും അനാഥരെയും പങ്കെടുപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നതു നല്ലതാണ്. ഒരുപാടു ദാനധർമങ്ങൾ ചെയ്യുന്നവരെപ്പറ്റി നമ്മൾ മനസ്സിലാക്കാറുണ്ട്. അവരെല്ലാം വലിയ അപകടങ്ങളിൽനിന്നു രക്ഷപ്പെടുന്നതായും വീണ്ടും ജീവിതത്തിലേക്കു വരുന്നതായും നമുക്കറിയാം. എല്ലാ ആഘോഷങ്ങളിലും അർഹരായവരെ സഹായിക്കാനും സഹകരിപ്പിക്കാനും നമ്മൾ ശ്രദ്ധിക്കണം. ■

# ഗ്രാമ്പു നല്ല ഒരു ഇടവിള



കാർഷികം

ജോഷി മുഞ്ഞനാട്ട്

നമ്മുടെ കൃഷിയിടത്തിൽ നട്ടുവളർത്താൻ പറ്റിയ ഒരു സുഗന്ധവിളയാണ് ഗ്രാമ്പു. ഇടവിളയായിട്ടാണ് കർഷകർ കൂടുതലും ഇവയെ കണ്ടുവരുന്നത്. തെങ്ങിൻതോപ്പുകളിൽ രണ്ടു തെങ്ങുകൾക്കിടയിലോ രണ്ടുവരിയായി നട്ടുവളർത്തിയിട്ടുള്ള നാലു തെങ്ങുകൾക്കു നടുവിൽ ഒന്ന് എന്ന കണക്കിലോ ഗ്രാമ്പു നടാം. വലിയ വൃക്ഷങ്ങളുടെ തണലുപറ്റി വളരുന്ന ചെറുവൃക്ഷമായിട്ടാണ് ഗ്രാമ്പു അറിയപ്പെടുന്നത്. കമുക്, ജാതി തുടങ്ങിയ കൃഷിയിടങ്ങളിലും ഗ്രാമ്പുകൂടി ഉൾപ്പെടുത്താവുന്നതാണ്. ഒട്ടനവധി ഔഷധഗുണങ്ങളുള്ള ഗ്രാമ്പു ഒരു നാണ്യവിളകൂടിയാണ്. ഇതിന്റെ ഇലയും പൂവും കായും തൊലിയും വേരും ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കാറുണ്ട്. കേരളത്തിൽ പല സ്ഥലങ്ങളിലും ഇതിന്റെ കൃഷിയുണ്ട്. ഇതിന്റെ പൂമൊട്ടിനും ഇലയ്ക്കും തൊലിക്കുമാണ് ഔഷധഗുണം കൂടുതൽ.

തൈകൾ നട്ടാണ് ഗ്രാമ്പു വളർത്തുന്നത്. ഇവ അനുയോജ്യമായ അകലത്തിൽ തയ്യാറാക്കിയ കുഴികളിൽ നടാം. തൈകളുടെ പ്രായം, വളർച്ച എന്നിവ കണക്കാക്കി വേണം ആവശ്യമായിട്ടുള്ള അളവിൽ കുഴികൾ നിർമിക്കാൻ. മണ്ണ്, മണൽ, ചാണകപ്പൊടി എന്നിവ നിറച്ച പോളിത്തീൻ കവറിൽ വിത്തു പാകിയും തൈകൾ തയ്യാറാക്കാം.

തൈകൾ നടുന്നതിനുമുമ്പായി കുഴികളിൽ അടിവളമായി ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവയ്ക്കു പുറമേ വേപ്പിൻപിണ്ണാക്കും ചേർത്തുകൊടുക്കാം. പോളിത്തീൻ കവറിലുള്ള തൈകൾ ശ്രദ്ധയോടെ ബ്ലെയ്ഡ് ഉപയോഗിച്ചു കീറി മണ്ണിളക്കം തട്ടാതെ കുഴിയിൽ വയ്ക്കാം. നട്ടശേഷം നനച്ചു കൊടുക്കണം. കാലവർഷാരംഭത്തിലോ അതിനുശേഷമോ തൈകൾ നടാം. തൈകളുടെ ചുവട്ടിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കണം. വേനൽക്കാലങ്ങളിൽ പുതയിടൽ, ജലസേചനം എന്നിവ ഇവയ്ക്ക് അത്യാവശ്യസംഗതിയാണ്.

വേനൽക്കാലങ്ങളിൽ നിർബന്ധമായും തണൽ ക്രമീകരണം നടത്തണം. സമയാസമങ്ങളിൽ കളയെടുപ്പു നടത്തി വളപ്രയോഗം നടത്തണം. കാലിവളം, കമ്പോസ്റ്റ്, പച്ചിലവളം, വേപ്പിൻപിണ്ണാക്ക്, മറ്റു ജൈവവളങ്ങൾ എന്നിവ ഇവയ്ക്കു വളമായി നൽകാം. 5 മുതൽ 8 വർഷങ്ങൾക്കിടയിൽ ഗ്രാമ്പു കായ്ച്ചുതുടങ്ങും. 10 വർഷത്തിനുശേഷം നല്ല രീതിയിൽ ഇവയിൽനിന്ന് ആദായം ലഭിച്ചുതുടങ്ങും.

മിർട്ടേസിയ എന്ന സസ്യവിഭാഗത്തിൽപ്പെടുന്ന ഗ്രാമ്പുവിന്റെ ശാസ്ത്രനാമം 'സിസിജിയം അരോമാറ്റിക്കം' എന്നാണ്. ഗ്രാമ്പു ഉണങ്ങിയശേഷം സൂക്ഷിച്ചുവച്ചാൽ വളരെനാൾ കേടുവരാതെ ഇരിക്കും. യൂജിനോൾ എന്ന രാസവസ്തുവാണ് തൈലത്തിന് മണവും എരിവും തരുന്നത്. ■

പീറ്റർ കുരിശിങ്കൽ

ഐതിഹ്യകഥ

# ദൈവത്തെക്കാണാൻ



ഒരുദിവസം രാവിലെ ഫ്രാൻസീസ് പുണ്യവാന്റെ ആശ്രമത്തിനു മുമ്പിൽ ഒരാളെത്തി. അയാൾക്കു ദൈവത്തെ കാണണം! ഫ്രാൻസിസ് പുണ്യവാൻ അദ്ദേഹത്തോടു പറഞ്ഞു:

"കൊള്ളാം വളരെ നല്ലത്."

പെട്ടെന്നാണ് ഫ്രാൻസിസ് പുണ്യവാൻ അതു കണ്ടത്. അയാൾ ഒരു ഭാണ്ഡക്കെട്ട് കക്ഷത്തിൽ ഇടുക്കിപ്പിടിച്ചിരിക്കുന്നു. ആ ഭാണ്ഡക്കെട്ട് ചൂണ്ടിക്കാണിച്ചുകൊണ്ട് പുണ്യവാൻ ചോദിച്ചു:

"ഈ ഭാണ്ഡത്തിൽ എന്താണ്?"

ആഗതൻ മറുപടി പറഞ്ഞു:

"മാറാനുള്ള വസ്ത്രം; ഒരു ജോഡി ചെരുപ്പ്. പിന്നെ എനിക്കേറ്റം ഇഷ്ടപ്പെട്ട കുറെ സാധനങ്ങളും."

അയാളുടെ മറുപടി കേട്ടപ്പോൾ ഫ്രാൻസിസ് പുണ്യവാൻ ഒരു കഥ പറയാൻ തുടങ്ങി.

പണ്ടു പണ്ട് ഒരു സന്ന്യാസിക്ക് ദൈവത്തെ കാണാൻ വലിയ ആഗ്രഹമായി. അദ്ദേഹം ദൈവത്തെ അന്വേഷിച്ചു നടപ്പായി. പള്ളികളിലും ആരാധനാലയങ്ങളിലുമൊക്കെ അദ്ദേഹം കയറിയിറങ്ങി. കരഞ്ഞും പ്രാർത്ഥിച്ചും യാചിച്ചും ആ സന്ന്യാസി ദിവസങ്ങൾ തള്ളിനീക്കി. പക്ഷേ, അദ്ദേഹത്തിന് ദൈവത്തെ കാണാൻ സാധിച്ചില്ല. എന്തോ ഒരു തടസ്സം!

എന്തായിരുന്നു അത്? പുണ്യവാൻ വിശദീകരിച്ചു. സന്ന്യാസിയുടെ ഭാണ്ഡത്തിൽ ഒരു ഭരണി ഉണ്ടായിരുന്നു. മനോഹരമായ കൊത്തുപണികൾ ചെയ്തതായിരുന്നു ആ ഭരണി! സന്ന്യാസിക്ക് ഏറ്റവും ഇഷ്ടപ്പെട്ടതായിരുന്നു ആ ഭരണി. സന്ന്യാസി ചിന്തിക്കാൻ തുടങ്ങി. തന്റെ ഇഷ്ടവസ്തുവായ ഭരണിയെ, താൻ ദൈവത്തെക്കാൾ സ്നേഹിക്കുന്നുണ്ടോ? അതുകൊണ്ടായിരിക്കുമോ ദൈവം തനിക്കു ദർശനം നല്കാത്തത്?

തന്റെ മനസ്സിൽ ഉദിച്ച ആ ചിന്ത ആ സന്ന്യാസിയെ പിടിച്ചുലച്ചു. അല്പനേരം ധ്യാനചിന്തയിലാണ്ട സന്ന്യാസി ധ്യാനത്തിൽനിന്നുമുണർന്നു.

പിന്നെ താമസിച്ചില്ല. തന്റെ ഭാണ്ഡത്തിൽനിന്ന് ആ ഭരണി പുറത്തെടുത്ത് ഒരേറ്! ഭരണി തവിടുപൊടി!

അപ്പോഴതാ സന്ന്യാസിയുടെ മുമ്പിൽ നില്ക്കുന്നു ദൈവം!

ചിരിച്ചുകൊണ്ട് കഥ അവസാനിപ്പിച്ച്, ഫ്രാൻസിസ് പുണ്യവാൻ പറഞ്ഞു:

"വരൂ, ഈ ഭാണ്ഡക്കെട്ട് അഴിക്കൂ. ഇവയൊക്കെ പാവപ്പെട്ട ആർക്കെങ്കിലും കൊടുക്കാം. ഭാണ്ഡവുമായി ആരെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല." ■

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




മർത്ത്യന്റെ പ്രവൃത്തികൾ അവിടുന്ന് കാണുന്നു; അവിടുത്തെ ദൃഷ്ടിയിൽനിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല.

പ്രഭാഷകൻ 39:19

എഡിറ്റോറിയൽ

## അനാഥമാകുന്ന കാമ്പസുകൾ

സംസ്ഥാനത്തെ സർവകലാശാലകളിൽ പുതിയ പാഠ്യപദ്ധതിയും നാലുവർഷ ഡിഗ്രി കോഴ്സും അടുത്ത അധ്യയന വർഷംതന്നെ നടപ്പാക്കുമെന്ന് ഉന്നതവിദ്യാഭ്യാസമന്ത്രി ആർ. ബിന്ദു അറിയിച്ചതിനു തൊട്ടുപിന്നാലെയാണ്, നമ്മുടെ കോളജുകളിൽ ബിരുദകോഴ്സുകൾക്കുള്ള അനേകം സീറ്റുകൾ പഠിക്കാൻ കുട്ടികളില്ലാതെ ഒഴിഞ്ഞുകിടക്കുന്നുവെന്ന വാർത്തയും കേൾക്കാനിടയായത്. ഇത് ഉന്നതവിദ്യാഭ്യാസമേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന ആഘാതം ഒട്ടും ചെറുതല്ലെന്നു പറയേണ്ടതില്ലല്ലോ. കേരള, എം.ജി, കാലിക്കറ്റ് സർവകലാശാലകളിൽ സയൻസ് വിഷയങ്ങൾക്കു മാത്രമായി 4117 സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നത്. കണ്ണൂർ സർവകലാശാലയിൽ ബിരുദ കോഴ്സുകൾക്ക് വിവിധ വിഷയങ്ങളിലായി 2432 സീറ്റുകളിൽ ഒഴിവുള്ളതായി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒന്നാംവർഷ ബിരുദപ്രവേശനം ഒക്ടോബർ 31 ന് അവസാനിക്കുകയും പ്രവേശനനടപടിക്രമങ്ങൾ ഏറെക്കുറെ പൂർത്തിയാകുകയും ചെയ്ത സാഹചര്യത്തിലെ കണക്കാണിത്.

ഒരുവർഷം പ്ലസ്ടു കഴിഞ്ഞിറങ്ങുന്നത് ശരാശരി നാലു ലക്ഷത്തിലധികം കുട്ടികളാണ്. പരമാവധി കുട്ടികൾക്കു പ്രവേശനം സാധ്യമാക്കുന്നതിനായി നടപടിക്രമങ്ങളിലെ സങ്കീർണതകൾ ലഘൂകരിക്കുകയും സമയപരിധി പലവട്ടം നീട്ടുകയും ചെയ്തിരുന്നു. സ്പോട്ട് അഡ്മിഷനുകളും സജ്ജീകരിച്ചിരുന്നുവെങ്കിലും കുട്ടികളെത്തേടി സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന ദയനീയാവസ്ഥയാണ് നിലവിലുള്ളത്.

സംസ്ഥാനത്തെ സർവകലാശാലകളോട് അഫിലിയേറ്റു ചെയ്ത മുഴുവൻ കോളജുകളിലും കഴിഞ്ഞ നാലഞ്ചുവർഷമായി കണ്ടുവരുന്ന പ്രതിഭാസമാണിത്. ഉന്നതവിദ്യാഭ്യാസമേഖലയിലെ ഈ പ്രതിസന്ധി പഠിക്കാനും പരിഹാരമാരായാനും വിവിധ തലങ്ങളിലുള്ള പ്രഗല്ഭരെ ഉൾക്കൊള്ളിച്ച് കമ്മിറ്റി രൂപവത്കരിക്കാൻ സർവകലാശാലതന്നെ മുൻകൈയെടുക്കണമെന്ന് സെനറ്റ്, സിൻഡിക്കേറ്റംഗങ്ങൾ പറഞ്ഞുതുടങ്ങിയിട്ടു നാളേറെയായി. കൊവിഡിനുശേഷം കൂടുതലായി അനുവദിച്ച സീറ്റാണ് പലയിടത്തും ഒഴിഞ്ഞുകിടക്കുന്നതെന്നും പെരുപ്പിച്ച കണക്കുകളാണു പ്രചരിപ്പിക്കുന്നതെന്നുമാണ് മന്ത്രി ബിന്ദു പ്രതികരിച്ചത്. അതേസമയം, വിഷയം സഗൗരവം പഠിക്കുമെന്നും സാവകാശമെടുത്താണെങ്കിൽപ്പോലും ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്നും മന്ത്രി പറഞ്ഞത് ശുഭോദർക്കമാണ്.

പഠിക്കാൻ വിദേശത്തും ഇതരസംസ്ഥാനങ്ങളിലും പോകുന്ന മലയാളിവിദ്യാർഥികളുടെ എണ്ണത്തിൽ ഓരോ വർഷവുമുണ്ടാകുന്ന വർധന അമ്പരപ്പിക്കുന്നതാണ്. കുട്ടികളുടെ കൂട്ടപ്പലായനം നൈപുണ്യശോഷണം സംഭവിക്കുന്ന ഒരു നാടായി നമ്മുടെ കേരളത്തെ മാറ്റിക്കൊണ്ടിരിക്കുന്നുവെന്ന കാര്യം ഗൗരവമായി നിരീക്ഷിക്കേണ്ടതാണ്.

ബന്ധുനിയമനങ്ങളുടെയും സ്വജനപക്ഷപാതങ്ങളുടെയും പേരിൽ സർവകലാശാലയുടെ അങ്കണങ്ങൾ വിവാദങ്ങൾകൊണ്ടു കലുഷിതമാണിന്ന്. നിയമനങ്ങളിലെ നീതിനിഷേധങ്ങൾ തുടർക്കഥകളാകുന്നതും അഴിമതിയും കെടുകാര്യസ്ഥതയും സർവകലാശാലകളിൽ പെരുകുന്നതും കുട്ടികളെ വല്ലാതെ അസ്വസ്ഥരാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഓർമിക്കുന്നതു നന്ന്.

സർവകലാശാല ഉദ്യോഗസ്ഥരുടെ ഉദാസീനനയങ്ങളും കെടുകാര്യസ്ഥതയും പാഠ്യപദ്ധതിയെയും പരീക്ഷാസമ്പ്രദായങ്ങളെയും നടപടിക്രമങ്ങളെയും താളംതെറ്റിക്കുന്നതും കേരളത്തിൽ പതിവാണ്. പഠനകോഴ്സുകളുടെ ബാഹുല്യം, തുടർസാധ്യതയും ഭാവിസുരക്ഷയും നോക്കാതെ കോഴ്സുകൾ തിരഞ്ഞെടുക്കാനും പഠനം പൂർത്തിയാക്കാനാവാതെ പാതിവഴിയിൽ ഉപേക്ഷിക്കാനും കുട്ടികളെ നിർബന്ധിതരാക്കുന്നു. തൊഴിലധിഷ്ഠിത കോഴ്സുകളുടെ നടത്തിപ്പിൽ വാണിജ്യ-വ്യവസായ മേഖലയുടെ സഹകരണം നേടാനാവാത്തതും കുട്ടികളിൽ അപ്രിയമുണ്ടാക്കുന്നുണ്ട്.

കാലോചിതമായ പാഠ്യപദ്ധതിപരിഷ്കരണം സർവകലാശാലകളിൽ ബിരുദതലത്തിൽ അടുത്തവർഷംമുതൽ നടപ്പാകുന്നുവെന്നത് സ്വാഗതാർഹമാണ്. അഭിരുചിക്കനുസരിച്ചു വിഷയങ്ങൾ തിരഞ്ഞെടുക്കാനും കോഴ്സ് പൂർത്തിയാക്കാനുമുള്ള സ്വാതന്ത്ര്യം പുതിയ പാഠ്യപദ്ധതിയുടെ സവിശേഷതയാണ്. തൊഴിൽനൈപുണ്യം, ശേഷിവികസനം എന്നിവയിലധിഷ്ഠിതമായ പുതിയ കോഴ്സുകൾ അക്കാദമിക് മെറിറ്റ് ഉളവാക്കാൻ കാരണമാകുമെന്നതിൽ സംശയമില്ല.

വ്യക്തിത്വവികസനവും തൊഴിൽഭദ്രതയും ഉറപ്പാക്കുന്ന വിദ്യാഭ്യാസദർശനങ്ങൾ കലാലയങ്ങളിൽ പകർന്നുകൊടുക്കാനും മറ്റാരെക്കാളും സർക്കാരാണ് മുൻകൈയെടുക്കേണ്ടത്. യുവത്വത്തെ നെഞ്ചിലേറ്റുന്ന ഒരു വിദ്യാഭ്യാസസംസ്കാരം നമ്മുടെ കലാലയങ്ങളിൽ രൂപപ്പെടുന്നില്ലെങ്കിൽ നമ്മുടെ കുട്ടികൾ വിദേശത്തേക്കു കൂട്ടപ്പലായനം നടത്തുന്നതിൽ അദ്ഭുതപ്പെടാനൊന്നുമില്ല. കുട്ടികളില്ലാത്ത ക്ലാസ്മുറികളും കോഴ്സുകളുമായി നമ്മുടെ കാമ്പസുകൾ അധഃപതിക്കാതിരിക്കട്ടെ എന്നതു മാത്രമാണ് നമ്മുടെ ആഗ്രഹവും ആശംസയും.

■



## പ്രതികരണം

### ആകർഷകമായ ലക്കം

ദീപനാളം ഡിസംബർ ഒന്ന് ലക്കം ആകർഷകമായി. ലോകകപ്പിന്റെ പശ്ചാത്തലത്തിലൊരുക്കിയ മുഖപേജ് ഒരു നവ്യാനുഭവമായിരുന്നു. കലാസാംസ്കാരികവാരികയെന്ന നിലയിൽ ഏറെക്കാലമായി ദീപനാളം പുലർത്തുന്ന ഉന്നതനിലവാരം ശ്ലാഘനീയംതന്നെ. സമകാലികവിഷയങ്ങളെ സന്ദർഭോചിതമായി ഓരോ ലക്കവും വായനക്കാരനുമുമ്പിൽ അവതരിപ്പിക്കുന്നതിൽ ദീപനാളം ശ്രദ്ധ വയ്ക്കുന്നുണ്ട്. അതുപോലെ, മാസാദ്യ ആഴ്ചയിലെ 'പ്രതിഭ' കുട്ടികൾക്കു മാത്രമല്ല, മുതിർന്നവർക്കും ആസ്വാദ്യമാണ്.

**ബാബു ജോസഫ്**
**കടുത്തുരുത്തി**

### ശ്രദ്ധാർഹമായ വിചാരണ

സമൂഹത്തെ സ്വാധീനിക്കുന്ന കലാവിഷ്കാരങ്ങളിൽ സിനിമ മുൻപന്തിയിൽ നില്ക്കുന്നു. ആ സ്വാധീനത്തിന്റെ ചില അനന്തരഫലങ്ങളാണ് 'കാഴ്ചയ്ക്കപ്പുറം' എന്ന പംക്തിയിൽ വീയെൻ ചർച്ച ചെയ്യുന്നത്. അദ്ദേഹത്തിന്റെ മൂല്യാധിഷ്ഠിതവിചാരങ്ങൾ വായനക്കാരെ ഒരു പുനർവിചിന്തനത്തിനു പ്രേരിപ്പിക്കാൻ പോന്നവയാണ്. നമുക്കറിയാം, എവിടെയും നന്മയെക്കാൾ തിന്മയാണു മനുഷ്യനെ കൂടുതൽ സ്വാധീനിക്കുന്നത്. സിനിമയുടെ കാര്യത്തിലും സ്ഥിതി അതുതന്നെ. കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെടുന്ന കുറ്റവാളികളിൽ പലരും ഈ നാളുകളിൽ ഏറ്റുപറയുന്നതു നാം കേട്ടതാണ്, സിനിമയത്രേ കുറ്റകൃത്യത്തിനു പ്രേരണയേകിയതെന്ന്. എല്ലാവരും ചിന്തിക്കേണ്ട വിഷയമാണിത്. ഏതായാലും വീയെന്റെ സിനിമവിചാരണ ശ്രദ്ധാർഹമാണ്.

**ജോസ് കുര്യൻ**
**മരങ്ങാട്ടുപിള്ളി**

### നാട്ടിൻപുറത്തിന്റെ കഥ

ഇഗ്നേഷ്യസ് കലയന്താനിയുടെ നോവൽ 'മഴനിലാവ്' തുടക്കംമുതൽ വായിക്കുന്നു. ആദ്യലക്കത്തിൽത്തന്നെ വായനക്കാരനെ പിടിച്ചിരുത്തുന്ന അദ്ദേഹത്തിന്റെ ആകർഷകമായ രചനാശൈലി ശ്രദ്ധേയമായി അനുഭവപ്പെട്ടു. തുടർലക്കങ്ങളും ജിജ്ഞാസയുണർത്തുന്നവയായി. പരിചിതരായ കഥാപാത്രങ്ങൾ. പതിവുപോലെ നാട്ടിൻപുറത്തിന്റെ കഥയാണ് ഇക്കുറിയും ഇഗ്നേഷ്യസ് പറയുന്നത്. ഗ്രാമീണകഥകൾക്കു ചാരുതയേറും.

ചരിത്രനോവലുകൾ മഹത്തരം തന്നെ. എന്നിരുന്നാലും സാമൂഹികനോവലുകൾ പകരുന്ന ഹൃദ്യത ഒന്നു വേറെ തന്നെ. മറ്റുള്ളവരുടെ ദുഃഖം സ്വന്തം ദുഃഖമാക്കി വായനക്കാരനു പകർന്നേകുന്ന എഴുത്തുകാർ അനുഗൃഹീതരാണ്. നോവലിസ്റ്റിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**ഫിലോമിന തോമസ്**
**തൃശൂർ**

### പഠനാർഹമായ ലേഖനം

മലയാളത്തിന്റെ അക്ഷരമാല പാഠപുസ്തകങ്ങളിൽനിന്നു നീക്കം ചെയ്യപ്പെട്ടിട്ടു വർഷങ്ങളായെങ്കിലും അതിന്റെ ഗുരുതരാവസ്ഥ സമൂഹത്തെ ബോധ്യപ്പെടുത്താനും അതു തിരികെക്കൊണ്ടുവന്നു പാഠപുസ്തകങ്ങളിൽ പ്രതിഷ്ഠിക്കാനും പാലായിൽനിന്ന് ഒരു പാതിരി വേണ്ടിവന്നു; ഇവിടെ വലിയ കൊലകൊമ്പന്മാരായ വ്യാകരണപണ്ഡിതന്മാരുണ്ടായിട്ടും. അവരൊക്കെ ആ അക്ഷരസ്നേഹിയായ വൈദികന്റെ പിന്നാലെ പിന്നീടു കൂടിയെന്നതു മറ്റൊരു കാര്യം. അതെന്തായാലും, മലയാളഭാഷയ്ക്കുവേണ്ടി അത്യധ്വാനം ചെയ്യുന്ന പരിണതപ്രജ്ഞനായ ഫാ. തോമസ് മൂലയിൽ അഭിനന്ദനം അർഹിക്കുന്നു. അദ്ദേഹം ഇടയ്ക്കിടെ ദീപനാളത്തിൽ എഴുതുന്ന ഭാഷാസംബന്ധിയായ ലേഖനങ്ങൾ പഠനാർഹവും പണ്ഡിതോചിതവുമാണ്! അദ്ദേഹത്തിന്റെ ഭാഷാസപര്യ തുടരട്ടെ.

**റാണിമോൾ അഗസ്റ്റിൻ**
**മുരിക്കാശേരി**

### ത്രിതലം ഒരു തലമാക്കണം

കേരള സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പരമദയനീയമായ അവസ്ഥയിലാണ്. ആളോഹരി കടബാധ്യത നാടിനു താങ്ങാവുന്നതിലധികമാണ്. ത്യാഗമെത്ര സഹിച്ചാണെങ്കിലും സംസ്ഥാനത്തിന്റെ ധനച്ചെലവ് ഗണ്യമായി കുറയ്ക്കണം. അതിന്, പെട്ടെന്നുതോന്നുന്ന ചുരുക്കൽമാർഗം, കേരളത്തിലെ ത്രിതലപഞ്ചായത്ത് സമ്പ്രദായം, ഉടൻ അവസാനിപ്പിക്കുകയെന്നതു മാത്രമാണ്.

ഒരു പ്രദേശത്തിന് ഒരു ഭരണകേന്ദ്രം മാത്രമേ ആവശ്യമുള്ളൂ. ഗ്രാമപഞ്ചായത്തുള്ള പ്രദേശങ്ങളിൽ അതിനുമേലേ ബ്ലോക്കോ, മുനിസിപ്പാലിറ്റിയോ, ഒന്നും ഉണ്ടാകേണ്ട കാര്യമില്ല. നാടെങ്ങും ക്ഷേമകരമായി ഭരിക്കാൻ നല്ല പഞ്ചായത്തുസമിതികൾ മതിയാകും. ഭരണവികേന്ദ്രീകരണത്തിന് ത്രിതലം, തികച്ചും അനാവശ്യമാണ്.

അതു വെറും രാഷ്ട്രീയം തൊഴിലാക്കി നടക്കുന്നവരെ കുടിയിരുത്താനും കൊള്ളയ്ക്കു വഴിയൊരുക്കാനും മാത്രമേ ഉപകരിക്കൂ. കൊള്ളയ്ക്കുള്ള മാർഗമായതുകൊണ്ടു മേലനങ്ങാതെ ജീവിച്ചുശീലിച്ചവർ ഈ നിർദേശത്തെ എതിർക്കും. പൊതുജനങ്ങൾ ആവേശത്തോടെ ഈ നിർദേശം എത്രയും വേഗം നടപ്പിലാക്കാൻ തീവ്രഉദ്യമങ്ങളുമായി മുമ്പോട്ടുവരണം.

ഏകതലതദ്ദേശഭരണസംവിധാനം മതി നമുക്ക്...!

**ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# അനുസരണത്തിന്റെ ബലി

***കർദിനാൾ റോബർട്ട് സറാ രചിച്ച 'ആദ്ധ്യാത്മിക ജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.***

5



**ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

“അവൻ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ സാദൃശ്യം സ്വീകരിക്കുകയും അങ്ങനെ മനുഷ്യന്റെ സാദൃശ്യത്തിലാവുകയും ചെയ്തു. അവൻ മനുഷ്യരൂപത്തിലായിരിക്കെ, തന്നെത്തന്നെ താഴ്ത്തി, മരണത്തോളം, അതേ, കുരിശുമരണത്തോളം അനുസരണമുള്ളവനായി” (ഫിലിപ്പി. 2: 7–8).

ഇപ്രകാരം, വിശുദ്ധകുർബാന മിശിഹായുടെ ശൂന്യവത്കരണത്തിന്റെയും അനുസരണത്തിന്റെയും ദിവ്യരഹസ്യങ്ങളാണെന്ന് കർദിനാൾ സറാ ഓർമിപ്പിക്കുന്നു. കുരിശുമരണത്തോളം തന്നെത്തന്നെ താഴ്ത്തി പിതാവായ ദൈവത്തെ അനുസരിക്കുന്ന മിശിഹാതന്നെയാണ് അവിടുത്തെ തിരുശ്ശരീരരക്തങ്ങളിൽ പങ്കുകാരാകുന്ന വിശ്വാസികൾക്കു മാതൃകയാകുന്നത്. വിശുദ്ധ കുർബാന എന്ന കൂദാശയിലൂടെ സഭയിൽ കർത്താവിന്റെ സജീവ സാന്നിധ്യം ഉളവാകുന്നു. അപ്രകാരം സഭ ലോകത്തിൽ കർത്താവിന്റെ സാന്നിധ്യമായി മാറുന്നുവെന്നും ഈശോമിശിഹായുടെ രക്ഷാകരസാന്നിധ്യം ലോകത്തിൽ തുടരുന്നത് വിശുദ്ധ കുർബാനയാകുന്ന ബലിയിലൂടെയാണെന്നും കർദിനാൾ സറാ പ്രസ്താവിക്കുന്നു.

നമ്മൾ സ്തുതിയും കൃതജ്ഞതയും അർപ്പിക്കുന്നതിനോടൊപ്പംതന്നെ കർത്താവിനെ നമ്മുടെ ജീവിതത്തിലേക്ക് അനുസരണയോടെ സ്വാഗതം ചെയ്യുകയും വേണം.

**കുർബാനയർപ്പണത്തിനു പുറമേയുള്ള ദിവ്യകാരുണ്യ സാന്നിധ്യം**

വിശുദ്ധ കുർബാനസ്വീകരണംവഴി മിശിഹായുമായി ആരംഭിക്കുന്ന സ്നേഹസംഭാഷണം ഒരു തുടരനുഭവമാക്കുന്നതിന് അവിടുന്ന് ദിവ്യസക്രാരിയിൽ സന്നിഹിതനായിരിക്കുന്നു.

നമ്മൾ വിശുദ്ധ കുർബാനയുടെ പൊതുവായ ആഘോഷത്തിൽ വിശ്വാസികളോടൊപ്പം പങ്കെടുക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെതന്നെ, വിശുദ്ധ സക്രാരിയുടെ മുമ്പിൽ ഏകാന്തതയിലും നിശ്ശബ്ദതയിലും ആരാധനയിൽ ചെലവഴിക്കുന്നതും ആവശ്യകമാണ്. നമ്മുടെ ഹൃദയം ഈശോയുടെ ഹൃദയംപോലെയാകാൻ ദിവ്യകാരുണ്യസന്ദർശനം ഏറെ സഹായിക്കുന്നു. ഈശോയുമായുള്ള വ്യക്തിപരമായ ഒരു സ്നേഹബന്ധമായി വളരുന്നത് ഈ ദിവ്യകാരുണ്യസന്ദർശനത്തിലൂടെയാണ്. നമ്മോടുകൂടി ആയിരിക്കുകയെന്നത് ദൈവത്തിന്റെ ആഗ്രഹമാണ്.

സക്രാരി ബേഥനായിലെ ലാസറിന്റെയും സഹോദരിമാരുടെയും ഭവനംപോലെയാണ്. മർത്തായും മറിയവും ലാസറും എത്ര സ്വാഭാവികമായി ഈശോയോടു സംസാരിച്ചുവോ അപ്രകാരംതന്നെ നമുക്കും കർത്താവിനോടു സംസാരിക്കാൻ സാധിക്കണം.

ഏതു ജോലിത്തിരക്കിലും വിശുദ്ധകുർബാനയുടെ മുമ്പിൽ കുറച്ചു സമയം ചെലവഴിക്കാൻ സമയം കണ്ടെത്താവുന്നതാണ്. മിശിഹായുടെ അഭിഷിക്തരായ പുരോഹിതന്മാർ ഇക്കാര്യത്തിൽ നിഷ്ഠയുള്ളവരായിരിക്കണമെന്നും ഗ്രന്ഥകാരൻ ഓർമിപ്പിക്കുന്നു.

വിശുദ്ധ ജോൺ രണ്ടാമൻ മാർപാപ്പാ 'വിശുദ്ധകുർബാനയിൽനിന്നു സഭ' എന്ന ചാക്രിക ലേഖനത്തിൽ അദ്ദേഹത്തിന്റെ തന്നെ ജീവിതാനുഭവം വിവരിക്കുന്നുണ്ട്: “ദിവ്യകാരുണ്യ ആരാധനയിൽനിന്ന് എത്രയോ പ്രാവശ്യം ശക്തിയും സാന്ത്വനവും തുണയും സഹായവും എനിക്കു ലഭിച്ചിട്ടുണ്ട്” (നമ്പർ 25).

വി. ജോൺപോൾ രണ്ടാമൻ തന്റെ അവസാനത്തെ രണ്ടു തിരുവെഴുത്തുകളിലൂടെ (സഭ വിശുദ്ധകുർബാനയിൽനിന്ന്, കർത്താവേ, ഞങ്ങളോടൊത്തു വസിച്ചാലും) ദൈവജനത്തെ വിശുദ്ധ കുർബാനയിലുള്ള വിശ്വാസത്തിൽ ഉറപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. സഭാമക്കൾ എല്ലാവരുടെയും നാമത്തിൽ വിശുദ്ധ പത്രോസിന്റെ വാക്കുകളിൽ അദ്ദേഹം ഏറ്റുപറഞ്ഞു: “എന്റെ കർത്താവേ, ഞങ്ങൾ ആരുടെ പക്കൽപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ടല്ലോ?” (യോഹ. 6:68).

പരിശുദ്ധ പിതാവ് എഴുതുന്നു: “നമ്മുടെ രക്ഷയുടെ ദിവ്യരഹസ്യമായ വിശുദ്ധ കുർബാന സഭയുടെ ഏറ്റവും വലിയ നിധിയാണ്.”

**ആരാധനക്രമത്തിന്റെ യോഗ്യമായ ആഘോഷം**

ഏറ്റവും വലിയ ആദരവോടെ വേണം വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനെന്ന് കർദിനാൾ സറാ പ്രസ്താവിക്കുന്നുണ്ട്. എല്ലാവരും, വളരെ പ്രത്യേകമായി മദ്ബഹായിൽ വ്യാപരിക്കുന്നവർ നടപ്പിലും ഇരുപ്പിലും കുമ്പിടുന്നതിലും കരങ്ങൾ വിരിച്ചുപിടിക്കുന്നതിലുമെല്ലാം അനുഷ്ഠിക്കപ്പെടുന്ന ദിവ്യരഹസ്യങ്ങളോടുള്ള ആദരവും ബഹുമാനവും പ്രകടമാക്കണം. സഭ നിർദേശിക്കുന്ന എല്ലാ ക്രമങ്ങളും പാലിക്കുന്നതിനോടൊപ്പം കാർമികന്റെ മനസ്സും ഹൃദയവും ദൈവത്തിലും മനുഷ്യനായിത്തീർന്ന ദൈവമായ മിശിഹായിലും കേന്ദ്രീകൃതമായിരിക്കണം.

ആരാധനക്രമത്തിൽ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളും ഏറ്റവും വൃത്തിയുള്ളവയായിരിക്കുന്നതുപോലെതന്നെ ഇതിൽ പങ്കെടുക്കുന്നവരുടെ മനസ്സും ശുദ്ധിയുള്ളവയായിരിക്കണം.

**സാംസ്കാരികാനുരൂപണം**

സാംസ്കാരികാനുരൂപണത്തിന്റെ പേരിൽ ആരാധനക്രമത്തിൽ കൂട്ടിച്ചേർക്കുന്ന നൃത്തവും മറ്റും ആരാധനക്രമത്തിനു യോജിച്ചതല്ലന്നാണ് കർദിനാൾ സറാ അഭിപ്രായപ്പെടുന്നത്. അദ്ദേഹം എഴുതുന്നു: “ക്രിസ്ത്യൻ ആരാധനക്രമം പൂർവികരുടെ സംസ്കാരത്തിന്റെ ഒരു പ്രദർശനവേദിയല്ല. അതു നമ്മുടെ കർത്താവിന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ആഘോഷമാണ്.”

ലിറ്റർജിപരിഷ്കരണത്തിന്റെ പേരിൽ എന്തും കൂട്ടിച്ചേർക്കാമെന്ന ധാരണ തെറ്റാണെന്നു സ്ഥാപിച്ചുകൊണ്ട് ബനഡിക്ട് പതിനാറാമന്റെ 'ലിറ്റർജിയുടെ ചൈതന്യം' എന്ന ഗ്രന്ഥത്തിൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്:

“വിശ്വാസത്തിന്റെ പാരമ്പര്യത്തോടു ബന്ധിക്കപ്പെട്ടതാണ് മാർപാപ്പായുടെ അധികാരം. ഇത് ആരാധനാക്രമത്തിന്റെ കാര്യത്തിലും ബാധകമാണ്. അധികാരികൾ മെനഞ്ഞെടുക്കുന്ന ഒന്നല്ല ലിറ്റർജി. മാർപാപ്പായ്ക്കുപോലും ഇതിന്റെ നിയമപരമായ വികാസത്തിന്റെയും നിലനില്ക്കുന്ന സമഗ്രതയുടെയും അനന്യതയുടെയും എളിയ ദാസനായിരിക്കാനേ സാധിക്കുകയുള്ളൂ.” (പേജ് 172).

ആവശ്യമായ ഏകാഗ്രതയും നിശ്ശബ്ദതയും പാലിച്ചുകൊണ്ടു വേണം ആരാധനക്രമം പരികർമം ചെയ്യാനെന്ന് കർദിനാൾ സറാ എടുത്തുപറയുന്നുണ്ട്.

**ആരാധനക്രമം ഒരു നാടകമല്ല**

ഗ്രന്ഥകാരൻ സൂചിപ്പിക്കുന്ന മറ്റൊരപകടം ആരാധനക്രമത്തെ കാർമികരിലേക്കു കേന്ദ്രീകരിക്കാനും അഭിനയമായി മാറ്റാനുമുള്ള പ്രവണതയാണ്. ഇതിനെ അദ്ദേഹം ശക്തിയുക്തം അപലപിക്കുന്നുണ്ട്.

തിരുക്കർമങ്ങളുടെ ഇടയ്ക്കു ഫോട്ടോ എടുക്കുന്നതും ഫിലിം ചെയ്യുന്നതും പരസ്പരം സംസാരിക്കുന്നതുമെല്ലാം തിരുക്കർമങ്ങളുടെ പരിശുദ്ധിക്കു ചേർന്നതല്ലെന്ന് കർദിനാൾ നിരീക്ഷിക്കുന്നു.

കുറച്ചാളുകൾ ഒന്നിച്ചുവന്ന് സാഹോദര്യത്തിന്റെ ഒരാഘോഷംമാത്രമായി ലിറ്റർജിയെ ചുരുക്കാനുള്ള പ്രവണത ഖേദകരമാണെന്ന് വി. ജോൺപോൾ മാർപാപ്പാ പ്രസ്താവിച്ചിട്ടുണ്ട്.

ലിറ്റർജി മിശിഹാകേന്ദ്രീകൃതമായി ആഘോഷിക്കാൻ വിശ്വാസത്തോടും സ്നേഹത്തോടുംകൂടി ഏവരും ശ്രദ്ധിക്കണമെന്നും ഗ്രന്ഥകാരൻ ഓർമിപ്പിക്കുന്നു.

**സമൂഹബലി**

സമൂഹബലിയിൽ ഓരോ വൈദികനും കാർമികനാണ്. അവരുടെ അലക്ഷ്യമായ പെരുമാറ്റം അധികാരികൾ കർശനമായി തിരുത്തണമെന്ന് കർദിനാൾ സറാ നിർദേശിക്കുന്നു. തിരുവസ്ത്രങ്ങൾ മുഴുവൻ അണിയാതിരിക്കുന്നതും ഫോട്ടോ എടുത്തു നടക്കുന്നതും ഓർഗൻ വായിക്കാൻ പോകുന്നതുമെല്ലാം അനുചിതമാണെന്ന് അദ്ദേഹം ഇവിടെ പ്രസ്താവിക്കുന്നുണ്ട്. അവർ കർത്താവിന്റെ പകരക്കാരനും മിശിഹാതന്നെയുമാണെന്നു വിസ്മരിക്കുകയല്ലേ എന്നാണ് അദ്ദേഹം ചോദിക്കുന്നത്. ആരാധനക്രമത്തിന്റെ ദൈവികമാനങ്ങൾ മറന്നുകളഞ്ഞാൽ യോഗ്യമായവിധം അത് പരികർമം ചെയ്യുക അസാധ്യമാണ്.



**ദൈവവചനം ലിറ്റർജിയിൽ**

ആരാധനക്രമത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം രണ്ടാം വത്തിക്കാൻ സൂനഹദോസ് എടുത്തുപറയുന്നുണ്ട്. പ്രാർത്ഥനയിലുടനീളം വിശുദ്ധഗ്രന്ഥത്തിലധിഷ്ഠിതമായ സൂചനകളാണുള്ളത്. ബൈബിളറിയാത്തവൻ ആരാധനക്രമത്തിൽ പങ്കെടുക്കുമ്പോൾ അന്യദേശത്തെത്തിയ അനുഭവമായിരിക്കും.

വിശുദ്ധഗ്രന്ഥവായനയ്ക്ക്, പ്രത്യേകമായി സുവിശേഷവായനയ്ക്ക് വിശുദ്ധകുർബാനയിലുള്ള പ്രാധാന്യം ശ്രദ്ധേയമാണ്. വിശുദ്ധഗ്രന്ഥത്തിൽനിന്നല്ലാതെയുള്ള വായനകൾ അനുവദിച്ചിട്ടില്ല.

കർദിനാൾ മറ്റൊരു കാര്യം എടുത്തുപറയുന്നത്, അൾത്താരയിൽ ഈശോയുടെ തിരുരക്തശരീരങ്ങൾക്കും ഏവൻഗേലിയോനും മാത്രമേ സ്ഥാനമുള്ളൂ എന്നാണ്. കണ്ണാടി ഊരി വയ്ക്കുന്നതുപോലും ഒഴിവാക്കണമെന്നാണ് അദ്ദേഹം പറയുന്നത്.

ദൈവവചനത്തിലും – പഴയ നിയമമായാലും പുതിയ നിയമമായാലും – കർത്താവിന്റെ സാന്നിധ്യം തിരിച്ചറിയാൻ നമുക്കു സാധിക്കണം. വിശുദ്ധവാരത്തിലും മറ്റും വിശുദ്ധഗ്രന്ഥവായനകൾ വെട്ടിച്ചുരുക്കുന്നത് ശരിയല്ലെന്നു കർദിനാൾ സറാ നിരീക്ഷിക്കുന്നു.

രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ പേരിൽ സഭാപാരമ്പര്യത്തെയും മുൻകാലപ്രബോധനങ്ങളെയും തള്ളിപ്പറയാനുള്ള പ്രവണത ഒട്ടും ആശാസ്യമല്ലെന്നു കർദിനാൾ സറാ പ്രസ്താവിക്കുന്നുണ്ട്. പാരമ്പര്യത്തിൽനിന്നകന്ന് സ്വന്തമായ ഒരാരാധനക്രമം മെനയുന്നത് വത്തിക്കാൻ സൂനഹദോസിനെ ഒറ്റിക്കൊടുക്കുന്നതിനും ദൈവജനത്തെ മിശിഹായിൽനിന്ന് അകറ്റുന്നതിനും മാത്രമേ ഉപകരിക്കൂ എന്നു പറഞ്ഞുകൊണ്ടാണ് കർദിനാൾ സറാ ഈ അധ്യായം ഉപസംഹരിക്കുന്നത്.

■




**ഡിസംബർ 11**
**മംഗളവാർത്തക്കാലം**
**മൂന്നാം ഞായർ**

**ഉത്പ 18 : 1–10**
**ന്യായ 13 : 2 – 7 ; 24**
**എഫേ 3 : 1–13**
**ലൂക്കാ 1 : 57–66**



**ഡോ. ജോസഫ് കരികുളം**



# രക്ഷയുടെ അദ്ഭുതജനനങ്ങൾ!

**മം**ഗളവാർത്തകളുടെ ദിവസങ്ങളാണ്! അബ്രാഹത്തിനും സാറായ്ക്കും ഇസഹാക്കും, മനോവയ്ക്കു സാംസണും ജനിക്കുമെന്നുള്ള സന്തോഷവാർത്തയും, സക്കറിയായ്ക്കും ഏലീശ്വായ്ക്കും യോഹന്നാൻ ജനിച്ചു എന്നുള്ള അറിയിപ്പും, ഈശോയിലുള്ള വിശ്വാസത്തിൽ 'അകാലജാതനായ' പൗലോസിന്റെ സന്തോഷവും മംഗളവാർത്തക്കാലത്തിന്റെ മൂന്നാം ഞായറാഴ്ചത്തെ സന്തോഷങ്ങളാണ്.

ഈ ജനനങ്ങളോരോന്നും ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലിൽ നടക്കുന്ന അദ്ഭുതജനനങ്ങളാണ്. അവിടുത്തെ രക്ഷാപദ്ധതി മനുഷ്യരുടെയിടയിൽ നടപ്പാക്കുന്നതിനുള്ള കൃത്യമായ ആസൂത്രണം ഇവയ്ക്കു പിന്നിലുണ്ട്. രക്ഷകന്റെ പിറവിക്കായി ഒരു ജനത്തെ തയ്യാറാക്കുന്ന പ്രക്രിയയിൽ അവന്റെ മാനുഷികരായ മുൻഗാമികളായി മാറുന്നു, മംഗളവാർത്തകളായി ജനിക്കുന്നവരെല്ലാം.

അബ്രാഹത്തിനു സാറായിൽ ഉണ്ടാകുന്ന പുത്രനുമായിട്ടാണ് ദൈവം ഉടമ്പടിയിൽ ഏർപ്പെടാൻ പോകുന്നത്. ആ ഉടമ്പടിയാകട്ടെ നിത്യമായ ഉടമ്പടിയായിരിക്കും (ഉത്പ. 17:19). ഈ വാഗ്ദാനത്തിന്റെ ആവർത്തനമാണ് ഇന്നത്തെ ആദ്യവായനയിൽ നാം കാണുന്നത് (ഉത്പ. 18:1–10). വന്ധ്യയായ സാറായ്ക്ക് അടുത്ത വസന്തകാലത്തിൽ ഒരു പുത്രൻ ജനിക്കുമെന്ന് ദൈവംതന്നെ വെളിപ്പെടുത്തുന്നു. അബ്രാഹത്തിനു പ്രത്യക്ഷനായത് ദൈവംതന്നെയെന്ന് വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (18:1). കർത്താവിനെ (LORD) മൂന്നാളുകളായാണ് അബ്രാഹം ദർശിച്ചത്. 'ഞാനാകുന്നവൻ' (I AM WHO AM) എന്ന് മോശയോടു പിന്നീട് (പുറ. 3:14) പേരു വെളിപ്പെടുത്തിയ ദൈവംതന്നെ അബ്രാഹത്തിന്റെ ആതിഥ്യം സ്വീകരിക്കുന്നു. വന്ന അതിഥികളിൽ ദർശിക്കുന്ന ദൈവികഭാവം അവരെ ആതിഥ്യമര്യാദയുടെ അപ്പുറം നില്ക്കുന്ന സ്നേഹത്തോടെ പരിചരിക്കാൻ അബ്രാഹത്തെ നിർബന്ധിക്കുന്നു.

മനുഷ്യരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള രക്ഷാപദ്ധതിയുടെ തുടക്കമാണ് അബ്രാഹത്തിലൂടെ സംഭവിക്കുന്നത്. അപ്രകാരം ആരംഭിക്കുന്ന, ചരിത്രത്തിൽ യാഥാർഥ്യമാകുന്ന രക്ഷാപദ്ധതിയുടെ വളർച്ചയിലെ ഒരു നാഴികക്കല്ലാണ് രണ്ടാം വായനയിലെ പ്രതിപാദ്യം (ന്യായാ. 13:2–7; 24). രക്ഷയിലേക്കുള്ള വളർച്ചയിൽ ഇസ്രായേൽജനം മാനുഷികമായ താളപ്പിഴകൾ സംഭവിച്ചു കാലിടറുമ്പോൾ അവരെ സംരക്ഷിക്കാനും രക്ഷയുടെ വഴിയിലേക്കു തിരിച്ചുകൊണ്ടുവരാനും നിയോഗിക്കപ്പെട്ടവരാണ് ന്യായാധിപന്മാർ. ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വത്തിന് അനുയോജ്യമായതരത്തിൽ ജീവിക്കാൻ കടപ്പെട്ടവരാണവർ. ദൈവം ആവശ്യപ്പെട്ട ജീവിതരീതി സാംസൺ തുടർന്നില്ലെങ്കിലും (ന്യായാ. 16:4–19) അവനിലൂടെ നടത്താനുദ്ദേശിച്ച കാര്യങ്ങൾ (13:5) ദൈവം പൂർത്തിയാക്കുന്നതായി നാം കാണുന്നുണ്ട് (16:28–30).

മിശിഹായിലേക്കുള്ള വളർച്ചയുടെ അവസാനഘട്ടമാണ് സ്നാപകയോഹന്നാനിൽ സംഭവിക്കുന്നത് (ലൂക്കാ. 1:57–66). ദൈവം എലിസബത്തിനോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നുവെന്ന് അവളും ബന്ധുമിത്രാദികളും അയൽക്കാരും കരുതുന്നു. എന്നാൽ, അവളോടു മാത്രമല്ല, ദൈവം കാരുണ്യം കാണിക്കുന്നത്. തങ്ങളോട് ഓരോരുത്തരോടുമാണെന്ന് അവർ തിരിച്ചറിയുന്നില്ല. ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഫലമനുഭവിക്കാൻ പോകുന്ന സകലരിലേക്കും വ്യാപിക്കുന്ന കരുണയുടെ ആസ്വാദനംമാത്രമാണത്. ആദിമനുഷ്യർ തുടങ്ങി ഇപ്പോൾ ജീവിക്കുന്നവർവരെ പിൻപോട്ടും ഇനി ഈ ലോകത്തിലേക്കു ജനിക്കാനിരിക്കുന്നവരിലേക്കു മുൻപോട്ടും ഒഴുകിയിറങ്ങുന്ന നിത്യനായ ദൈവത്തിന്റെ നിരന്തരമായ കാരുണ്യമാണ് എലിസബത്തിൽ നാം കാണേണ്ടത്. വലിയ രക്ഷാകരപദ്ധതിയുടെ പശ്ചാത്തലം മനസ്സിലാക്കാതെ ഒരു വ്യക്തിക്കു ലഭിച്ച അദ്ഭുതമായി യോഹന്നാന്റെ ജനനത്തെ ജനം ചുരുക്കിക്കളഞ്ഞു. വി. ഗ്രന്ഥത്തിൽ കാണുന്ന നിരവധിയായ അദ്ഭുതജനനങ്ങളെയും അവയുടെ പിന്നിലെ ശക്തമായ വാഗ്ദാനത്തിന്റെ ഏകാന്തതയെയും കൂട്ടി വായിക്കാൻ യഹൂദജനത്തിനു കഴിഞ്ഞില്ല.

എന്നാൽ, തലമുറകളിലൂടെ വളർന്നുവന്ന ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണവും അതിലെ കഥാപാത്രങ്ങളായ മനുഷ്യരെയും അവർക്കിടയിലുണ്ടാകുന്ന അദ്ഭുതസംഭവവികാസങ്ങളെയും ദൈവത്തിന്റെ രക്ഷാകരപദ്ധതിയെന്ന ഒറ്റച്ചരടിൽ കോർത്തിണക്കി വായിക്കാൻ കൃപ ലഭിച്ചിരിക്കുന്നത് നമുക്കാണ്. ആ ഒറ്റച്ചരടും രക്ഷാകരപദ്ധതിയും രണ്ടല്ല, ഒരു വ്യക്തിതന്നെയാണ്, അത് ഈശോമിശിഹായാണ്.

സന്തോഷകരമായ വർത്തമാനങ്ങളുടെ ദിനങ്ങളാണെങ്കിലും ഇന്നത്തെ മംഗളവാർത്തകളിലെ നായകരെല്ലാം രക്ഷയുടെ വഴിയിലേക്കു ചേർന്നിരിക്കുന്നത് തങ്ങളുടെ സഹനങ്ങളിലൂടെയാണ്. ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കപ്പെടുന്നത് സഹനവഴികളിലും രക്തസാക്ഷിത്വത്തിലുമാണെങ്കിലും അവയെ സ്വീകരിക്കാനുള്ള എളിമയും ധൈര്യവും ഉള്ളവരായിരുന്നു അദ്ഭുതജനനങ്ങൾ. ഇസഹാക്ക് തന്റെ മക്കളിലൂടെ സഹനങ്ങൾ ഏറ്റെടുത്തെങ്കിൽ, സാംസണും യോഹന്നാനും തങ്ങളുടെ ജീവിതത്തിലൂടെയും മരണത്തിലൂടെയും ഇടമ്പടിയെ മുന്നോട്ടു നയിച്ചു.

'ഈ ശിശു ആരായിത്തീരും' (ലൂക്കാ. 1:65) എന്ന മലനാട്ടിലെ ആശ്ചര്യത്തിന് അടിസ്ഥാനമായി നില്ക്കുന്നത്, യോഹന്നാനുമുമ്പേ അദ്ഭുതകരമായി ജനിച്ചവരുടെ ജീവിതം പഴയ ഉടമ്പടിയുടെ താളുകളിൽ ജനം വായിക്കുന്നതുകൊണ്ടാണ്. ഇസഹാക്കും സാമുവലും സാംസണുമൊക്കെ അദ്ഭുതകരമായി ജനിച്ചവരാണ്. അതിനാൽ, യോഹന്നാന്റെ ജീവിതത്തിലും മരണത്തിലും പ്രത്യേകതകൾ ഉണ്ടായിരിക്കുമെന്നു മനസ്സിലാക്കാൻ ജനത്തിനു പ്രയാസമില്ല. വളരെ പ്രധാനമായ കാര്യങ്ങൾ ഇസ്രായേലിൽ ഇനിയും സംഭവിക്കാനുണ്ടെന്നും അതിലെ നിർണായകമായ മുഹൂർത്തത്തിനാണ് തങ്ങൾ സാക്ഷ്യം വഹിക്കുന്നതെന്നും ജനത്തിനു മനസ്സിലാകുന്നുണ്ട്. പക്ഷേ, അത് തങ്ങൾ പ്രതീക്ഷിക്കുന്ന രക്ഷകനെ ചുറ്റിപ്പറ്റിയാണെന്ന് അവർക്കു തിരിച്ചറിയാനാവുന്നില്ല.

ഈശോമിശിഹായിലൂടെ ജന്മമെടുക്കുന്ന പുതിയ ഇസ്രായേലായ സഭയിൽ അദ്ഭുതജനനങ്ങളുടെ പരമ്പര തന്നെ സംഭവിക്കുന്നതു നമുക്കു കാണാം. അതിന്റെ ഉത്തമോദാഹരണമാണ് 'അകാലജാത'നെന്ന് സ്വയം അവകാശപ്പെടുന്ന പൗലോസ് (എഫേ. 3:1–13). പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുന്നവരെല്ലാം അദ്ഭുതകരമായി 'ആത്മാവിനാൽ വീണ്ടും ജനിക്കുന്ന'വരാണ് (3:3). ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ അതിന്റെ ആകത്തുകയിൽ ദർശിക്കാനും ഉൾക്കൊള്ളാനും നമുക്കനുഗ്രഹം ലഭിച്ചിരിക്കുന്നു. ഇതു നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ സാക്ഷാത്കരിക്കപ്പെട്ട അവിടത്തെ നിത്യമായ ഉദ്ദേശ്യത്തിനനുസൃതമാണ് (3:11). കർത്താവിന്റെ നിത്യമായ ഉദ്ദേശ്യം നമ്മുടെ രക്ഷയാണെന്നു നമുക്കറിയാമല്ലോ.

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**കുഞ്ഞൂഞ്ഞമ്മ മാത്യു**
**തൈപ്പറമ്പിൽ, കുരുവിനാൽ**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചു തരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**കുഞ്ഞൂഞ്ഞമ്മ മാത്യു**
**തൈപ്പറമ്പിൽ, കുരുവിനാൽ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ശോഭ**
**പുലിയന്നൂർ**

# അജപാലകരുടെ ഹൃദയം കുടുംബങ്ങളിൽ ആയിരിക്കണം

## മാർ ജോസഫ് കല്ലറങ്ങാട്ട്



*പാലാ രൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസംഗിക്കുന്നു.*

പാലാ: അജപാലകരുടെ ഹൃദയം കുടുംബങ്ങളിലായിരിക്കണമെന്നും ഇടവകയുടെ ഹൃദയം കുടുംബമാണെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

അന്ധവിശ്വാസം, പ്രായമായവരോടുള്ള അവഗണന, കുട്ടികളുമായി ബന്ധപ്പെട്ട പോക്സോകേസുകൾ എന്നിവ കൂടിവരുന്നതിൽ ബിഷപ് ആശങ്ക പങ്കുവച്ചു. സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കെതിരേയും മതപരവും വിശ്വാസപരവുമായ അവകാശത്തിനെതിരേയും ഭ്രൂണഹത്യപോലെ ജീവനെതിരേയുമുള്ള സംസ്കാരത്തെ പിന്തുണച്ചുകൊണ്ടു നടത്തുന്ന നീക്കങ്ങൾക്കെതിരേയും നിതാന്തജാഗ്രത പാലിക്കണം. വിദ്യാഭ്യാസരംഗത്തും പാഠപുസ്തകങ്ങളിലും വന്നിട്ടുള്ള തെറ്റായതും വികലമായതുമായ ചരിത്രം തിരുത്തപ്പെടണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് വ്യക്തമാക്കി. രൂപതയിൽ അടുത്തകാലത്തു നടപ്പിലാക്കിയ വിവിധതലത്തിലുള്ള അജപാലന സാമൂഹികവിദ്യാഭ്യാസ മുന്നേറ്റങ്ങളെ ബിഷപ് വിലയിരുത്തി.

പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. കെ.കെ. ജോസ് കണിച്ചുകാട്ട് അധ്യക്ഷത വഹിച്ചു. 'വർധിച്ചുവരുന്ന മയക്കുമരുന്ന് – ലഹരിസംസ്കാരം: പ്രതിരോധവും ജാഗ്രതയും' എന്ന വിഷയത്തെ ആസ്പദമാക്കി മോൺ. ജോസഫ് തടത്തിൽ ബോധവത്കരണക്ലാസ് നൽകി. തുടർന്നു നടന്ന ചർച്ചയിൽ രൂപത പാസ്റ്ററൽ കൗൺസിലിന്റെ വിവിധ സബ്കമ്മിറ്റികളുടെ ചെയർമാന്മാർ പ്രസംഗിച്ചു.

മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, ജോസ് കെ. മാണി എം.പി., മാണി സി കാപ്പൻ എം.എൽ.എ. തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു. യോഗാനന്തരം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സിജു സെബാസ്റ്റ്യൻ നന്ദി പറഞ്ഞു.

കവിത

ജോർജുകുട്ടി താവളം

## പാണന്റെ പാട്ട്



പാണൻ പാട്ടൊന്നു പാടിവരുന്നേ
പാണികൊട്ടി നൽത്താളത്തിൽത്തന്നെ
പാതയ്ക്കപ്പുറമിപ്പുറമുള്ളോർ
പാട്ടിന്നൊത്തിരിയർഥങ്ങൾ കണ്ടേ.

ഏതോ നാടിൻ കഥയവൻ പാടി
ഏറെപ്പേരതിൻ കൂടെയും പാടി
എന്നോ കൈമോശം വന്ന നൽക്കാലം
എങ്ങോ തേടുന്ന കണ്ണുകളോടെ.

നാടിൻ ദുർഗ്ഗതിയോർക്കവേ തേങ്ങും
നാട്ടാർക്കുള്ളതാം ദുഃഖമപ്പാട്ടിൽ
നീളെത്തങ്ങിനിന്നീടുമീണത്തിൽ
നീട്ടിപ്പാടി നടന്നല്ലോ പാണൻ.

നന്മയുള്ളവരേറെക്കുറഞ്ഞു
നല്ല നാളുകളെങ്ങോ മറഞ്ഞു
നാനാ ദിക്കിലുമക്രമം മാത്രം
നാണം തോന്നുമതൊക്കെയും ചൊല്ലാൻ.

എങ്ങും കാണാം ലഹരിയിൽ മുങ്ങി
എന്തും ബോധമില്ലാതെ ചെയ്യുന്നോർ
എന്നും കേൾപ്പൂ പെൺപീഡനംമൂലം
എത്രയെത്രയോ ജന്മത്തിൻ നാശം.

കാണ്മൂ മർത്ത്യബലിപോലും ചെയ്വോർ
കാലത്തിൻ ദോഷം മാറ്റിടാനായി
കാര്യങ്ങൾ നേടാനെന്തും ചെയ്യുന്നോർ
കാണുന്നില്ലല്ലോ മാനവധർമം.

നേരിൻ മൂല്യം കാണാത്തോർ മനസ്സിൻ
നേത്രങ്ങൾ തുറന്നീടുവാനായി
നേരം നോക്കാതെയർഥിക്കാമെന്നും
നേടാം നന്മനിറഞ്ഞൊരു കാലം.

# പി.ടി. ഉഷ ഒളിമ്പിക് അസോസിയേഷൻ അധ്യക്ഷയായി

## പദവിയിലെത്തുന്ന ആദ്യവനിതയും ആദ്യമലയാളിയും




ന്യൂഡൽഹി: പി.ടി. ഉഷ എം.പി. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അധ്യക്ഷയായി. അധ്യക്ഷസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ പി.ടി. ഉഷയ്ക്ക് എതിരാളികളില്ലായിരുന്നു.

നിലവിൽ രാജ്യസഭാംഗമായ പി.ടി. ഉഷ ഏഷ്യൻ അത്‌ലറ്റിക് ഫെഡറേഷന്റെയും ഇന്ത്യൻ അത്‌ലറ്റിക് ഫെഡറേഷന്റെയും നിരീക്ഷക പദവിയും വഹിച്ചിട്ടുണ്ട്. അത്‌ലറ്റുകളുടെയും നാഷണൽ ഫെഡറേഷനുകളുടെയും പിന്തുണയോടെയാണ് പി.ടി. ഉഷ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിച്ചത്.

ഉഷയുടെ നിയമനം ഉറപ്പാക്കി 'ഇതിഹാസ സുവർണപുത്രിക്ക് അഭിനന്ദനങ്ങൾ' എന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു ട്വീറ്റ് ചെയ്തു. ഐഒഎയുടെ 95 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഒരു സജീവകായികതാരം അധ്യക്ഷപദവിയിലെത്തുന്നത്. ഈ പദവിയിലെത്തുന്ന ആദ്യവനിത, ആദ്യമലയാളി എന്നീ ബഹുമതികളും പയ്യോളി എക്സ്പ്രസ് എന്നറിയപ്പെടുന്ന 58 കാരിയായ പി.ടി. ഉഷയ്ക്കു സ്വന്തം.

1982 മുതൽ 94 വരെയുള്ള ഏഷ്യൻ ഗെയിംസുകളിൽനിന്ന് നാലു സ്വർണം ഉൾപ്പെടെ 11 മെഡലുകൾ നേടിയ ഉഷ 1984 ലെ ലോസ് ആഞ്ചലസ് ഒളിമ്പിക്സിൽ 400 മീറ്റർ ഹർഡിൽസിൽ നാലാം സ്ഥാനക്കാരിയായി ഫിനിഷ് ചെയ്തിരുന്നു. അത്‌ലറ്റിക് കരിയറിൽ നൂറിലേറെ ദേശീയ-അന്തർദേശീയ മെഡലുകൾ നേടിയ പി.ടി. ഉഷ ട്രാക്കിൽനിന്നു വിരമിച്ചശേഷം യുവതാരങ്ങൾക്കു പരിശീലനം നല്കിവരികയായിരുന്നു. കഴിഞ്ഞ ജൂലൈയിൽ രാജ്യസഭയിലേക്ക് പി.ടി. ഉഷയെ നാമനിർദേശം ചെയ്തിരുന്നു.

# കേന്ദ്രസംഗീതനാടക അക്കാദമി അവാർഡുകൾ പ്രഖ്യാപിച്ചു



*പെരുവനം കുട്ടൻ മാരാർ, ഇഞ്ചക്കാട്ട് രാമചന്ദ്രൻപിള്ള, പാലാ സി.കെ. രാമചന്ദ്രൻ, തിരുവനന്തപുരം സി. സുരേന്ദ്രൻ, കോട്ടയ്ക്കൽ സുകുമാരൻ നായർ, കലാമണ്ഡലം ഗിരിജ, നിർമല പണിക്കർ, നീനാ പ്രസാദ്.*

ന്യൂഡൽഹി: 2019, 2020, 2021 വർഷങ്ങളിലെ സംഗീതനാടക അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പെരുവനം കുട്ടൻ മാരാർ, ഇഞ്ചക്കാട്ട് രാമചന്ദ്രൻ പിള്ള, പാലാ സി.കെ. രാമചന്ദ്രൻ, തിരുവനന്തപുരം വി. സുരേന്ദ്രൻ, കോട്ടക്കൽ നന്ദകുമാരൻനായർ, കലാമണ്ഡലം ഗിരിജ, നിർമലാ പണിക്കർ, നീനാ പ്രസാദ് തുടങ്ങിയവർ അർഹരായി. ലക്ഷദ്വീപിലെ നാടൻ സംഗീത കലാകാരനായ സയിദ് മുഹമ്മദും പുരസ്കാരം നേടി.

ഒരുലക്ഷം രൂപയും താമ്രപത്രവും അംഗവസ്ത്രവുമടങ്ങുന്നതാണ് പുരസ്കാരം. വിനായക് തോർവി (ഹിന്ദുസ്ഥാനി വോക്കൽ), ബിക്രം ഘോഷ്, അനൂപ് ജലോട്ട (സമകാലികസംഗീതം), മഞ്ജു ഭാർഗവി (കുച്ചിപ്പുഡി), മീനാക്ഷി ചിത്തരഞ്ജൻ (ഭരതനാട്യം), സുധാ രഘുനാഥൻ (കർണാടിക് വോക്കൽ), ജയലക്ഷ്മി ഈശ്വർ (ഭരതനാട്യം), ഒ.എസ്. അരുൺ (സംഗീതം), ചാരുമതി രാമചന്ദ്രൻ (കർണാടിക് വോക്കൽ), മാലാ ചന്ദ്രശേഖർ (കർണാടിക് ഇൻസ്ട്രുമെന്റ് – ഫ്ലൂട്ട്) തുടങ്ങിയവർക്കും പുരസ്കാരങ്ങളുണ്ട്. മൊത്തം 128 പുരസ്കാരങ്ങളാണ് പ്രഖ്യാപിച്ചത്. റീത്തൻ രാജൻ സ്കോളർഷിപ്പു നേടി.

# ലൈംഗികന്യൂനപക്ഷങ്ങളുടെ സ്വരങ്ങൾ




■ വീയെൻ

**ലൈം**ഗിക ന്യൂനപക്ഷങ്ങൾ എന്നൊരു വാക്കുപോലും അടുത്തകാലം വരെ പലർക്കും പരിചയമുണ്ടായിരുന്നില്ല. ഒറ്റപ്പെട്ട വാക്കായും ദഹിക്കാൻ കഴിയാത്ത ഒന്നായിട്ടുമാണ് അതിനെ ഭൂരിപക്ഷവും കണ്ടിരുന്നത് പക്ഷേ, ഇന്നു സമൂഹം മാറി, കാഴ്ചപ്പാടുകളിലും മാറ്റംവന്നു. ലൈംഗിക ന്യൂനപക്ഷങ്ങളെ അംഗീകരിച്ചേ മതിയാവൂ എന്ന രീതിയിലേക്കു സ്ഥിതിഗതികൾ വളർന്നു.

സമൂഹത്തിന്റെ ഈ മാറ്റം സിനിമയെന്ന കലാരൂപവും ഇക്കാലയളവിൽ ഉൾക്കൊണ്ടിട്ടുണ്ട്. ഇത്തരമൊരു മാറ്റത്തിന്റെ കഥ പറയുമ്പോൾ അതിനുംമുമ്പുള്ള ഒരു സിനിമാക്കാലത്തിന്റെ മനോഭാവംകൂടി മനസ്സിലാക്കേണ്ടതുണ്ട്.



ലാൽജോസ് - ദിലീപ് ടീമിന്റെ ഏറെ പ്രദർശനവിജയം നേടിയ ചാന്തുപൊട്ട് എന്ന സിനിമതന്നെ ഉദാഹരണം. സാധാരണ നായകസങ്കല്പത്തിൽനിന്ന് അമ്പേ വ്യത്യസ്തനായിരുന്നു ചിത്രത്തിലെ നായകനായ രാധാകൃഷ്ണൻ. രൂപംകൊണ്ട് പുരുഷനെങ്കിലും ഭാവംകൊണ്ട് സ്ത്രൈണമായ വ്യക്തിത്വമായിരുന്നു രാധാകൃഷ്ണന്റേത്. അതുകൊണ്ടുതന്നെ, അയാൾ ചുറ്റുവട്ടത്തുള്ള പുരുഷകേസരികളാൽ പരിഹസിക്കപ്പെടുന്നുണ്ട്. നീ ആണാണോ അതോ പെണ്ണാണോയെന്നാണ് അവരുടെയെല്ലാം സംശയം.

ചെറുപ്പംമുതലേ മുത്തശ്ശി വളർത്തിക്കൊണ്ടുവന്ന രീതിയിലെ പിശകാണ് രാധാകൃഷ്ണനിലെ സ്ത്രൈണതയ്ക്ക് ആക്കംകൂട്ടിയതെന്നും അയാൾ ജനിതകപരമായി പുരുഷനായിരുന്നുവെന്നുമാണ് ചിത്രം വ്യക്തമാക്കുന്നത്. അല്ലെങ്കിലും ഏതൊരു വ്യക്തിയിലും അനിമയും അനിമസും ഉണ്ടല്ലോ. അതിനു ചില പ്രകടമായ ഏറ്റക്കുറച്ചിലുകളോ കൂടുതലുകളോ ഉണ്ടെന്നുമാത്രം.

എന്തായാലും, രാധാകൃഷ്ണൻ തന്റെ കുഞ്ഞിനെ തന്നിൽ ആരോപിച്ചിരുന്ന സ്ത്രൈണതയിൽനിന്നു മോചിപ്പിക്കാൻ തയ്യാറാവുന്നിടത്താണ് ചിത്രം പൂർണമാകുന്നത്. ഈ ചിത്രം ലൈംഗികന്യൂനപക്ഷങ്ങളുടെ ശക്തമായ വിയോജിപ്പും എതിർപ്പുമാണു ക്ഷണിച്ചുവരുത്തിയത്. തങ്ങളുടെ തനിമയും വ്യക്തിത്വവും തെറ്റിദ്ധരിക്കപ്പെടുന്ന രീതിയിൽ അവതരിപ്പിച്ചുവെന്നായിരുന്നു പരക്കെയുള്ള ആക്ഷേപം.

അതെന്തായാലും, പരമ്പരാഗതമായ പുരുഷസങ്കല്പങ്ങളിൽനിന്ന് അല്‌മെങ്കിലും മാറ്റംവന്നവരെല്ലാം ചാന്തുപൊട്ട് എന്ന് അധിക്ഷേപിക്കപ്പെട്ടുതുടങ്ങിയത് ഈ ചിത്രത്തോടെയാണ്.

തികച്ചും പരിഹാസ്യമായ വിധത്തിലും ചിരിദ്യോതകലക്ഷ്യത്തോടെയുമാണ് മലയാളസിനിമയിൽ ഇത്തരക്കാരെ അടുത്തകാലംവരെ ചിത്രീകരിച്ചിരുന്നത്. സൂത്രധാരൻ, തുറുപ്പുഗുലാൻ തുടങ്ങിയ സിനിമകളിൽ സലിംകുമാർ അഭിനയിച്ച സ്ത്രീവേഷങ്ങൾ ഇതിന്റെ സാധൂകരണമാണ്. മറ്റു പല സിനിമകളിലും ഇത്തരക്കാർ മിന്നിമറയുന്നുമുണ്ട്.

എന്നാൽ, ഇതിൽനിന്നെല്ലാം വ്യത്യസ്തസമീപനമായിരുന്നു പൃഥിരാജ്-റോഷൻ ആൻഡ്രൂസ് ടീമിന്റെ മുംബൈ പോലീസും പത്മകുമാർ-സുദേവ് നായർ ടീമിന്റെ മൈ ലൈഫ് പാർട്ണറും. മലയാളസിനിമ അതുവരെ പറഞ്ഞിട്ടില്ലാത്ത പുരുഷ സ്വവർഗലൈംഗികതയുടെ സംഘർഷങ്ങളും ആകുലതകളുമാണ് ഈ രണ്ടു ചിത്രങ്ങളും രണ്ടു രീതിയിൽ വ്യക്തമാക്കിയത്.

തന്റെ പാർട്ണറായ റിച്ചാർഡുമൊത്ത് തനിക്കൊരു ജീവിതമില്ലെന്നു മനസ്സിലാക്കി അവനെ ഭാര്യയ്ക്കു വിട്ടുകൊടുത്ത് അവരുടെ ജീവിതത്തിൽനിന്ന് ആത്മഹത്യയിലൂടെ കടന്നുപോകുകയാണ് ലൈഫ് പാർട്ണറിലെ കിരൺ. പൊലിസുദ്യോഗസ്ഥനായ തന്റെ സ്വവർഗബന്ധം സമൂഹം അറിയുമെന്ന ഭീതിയിൽ സുഹൃത്തായ പോലിസുദ്യോഗസ്ഥനെ കൊലപ്പെടുത്തുകയാണ് മുംബൈ പോലീസിലെ നായകനായ ആന്റണി മോസസ്. ഒരു ഗേയാണ് താനെന്നു മറ്റുള്ളവർ അറിയുന്നത് വലിയൊരു അപമാനമായിട്ടാണ് ആന്റണി മോസസ് കരുതുന്നത്. തികഞ്ഞ പൗരുഷപ്രകൃതിയായിരുന്നിട്ടും ഒരാളിൽ സ്വവർഗപ്രവണതകൾ രൂഢമൂലമാണ് എന്നാണ് ഈ കഥാപാത്രം വ്യക്തമാക്കുന്നത്.

ഹോമോഫോബിയായുടെ ഇരകളാണ് ആന്റണി മോസസും കിരണും. സമൂഹം തങ്ങളെ അംഗീകരിക്കില്ലെന്നും തങ്ങൾക്കിവിടെ മാന്യമായും സന്തോഷത്തോടും ജീവിക്കാനാവില്ലെന്നുമുള്ള തിരിച്ചറിവാണ് രണ്ടു ദുരന്തങ്ങളിലേക്ക് ഈ കഥാപാത്രങ്ങളെ എത്തിച്ചത്. 2013, 2014 കാലത്താണ് ഈ സിനിമകൾ പുറത്തിറങ്ങിയത്. സമൂഹം ഇത്തരം ബന്ധങ്ങളോടു പുലർത്തിവന്നിരുന്ന അസഹിഷ്ണുതയുടെ പ്രതിഫലനംതന്നെയായിരുന്നു ഈ ചിത്രങ്ങൾ പറഞ്ഞുവച്ചത്. ഇന്നായിരുന്നു ഈ സിനിമകളെങ്കിൽ മറ്റൊരു സമീപനമായിരുന്നേനെ സ്വീകരിച്ചേക്കാവുന്നത്.

ഈ ചിത്രങ്ങൾ കഴിഞ്ഞ് ഏതാനും വർഷങ്ങൾക്കുശേഷം - 2018 - പുറത്തിറങ്ങിയ രഞ്ജിത് ശങ്കർ - ജയസൂര്യ ടീമിന്റെ ഞാൻ മേരിക്കുട്ടിയിലെത്തുമ്പോൾ വിഷമത്തോടെയാണെങ്കിലും സമൂഹം ലൈംഗികന്യൂനപക്ഷത്തെ ഉൾക്കൊള്ളാൻ തയ്യാറാകുന്നുവെന്നാണ് വ്യക്തമാക്കുന്നത്. ലൈംഗികന്യൂനപക്ഷത്തിലെ ട്രാൻസ്ജെൻഡർ വിഷയത്തിലേക്കാണ് പ്രസ്തുതചിത്രം ശ്രദ്ധ പതിപ്പിച്ചത്. ട്രാൻസ്ജെൻഡറുകൾക്ക് അംഗീകാരം നേടിക്കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള പരിചരണമാണ് സിനിമയ്ക്കുണ്ടായിരുന്നത്.

ആന്തരികമായി സ്ത്രീയും ബാഹ്യമായി പുരുഷനുമായിരുന്ന മാത്തുക്കുട്ടിയിൽനിന്നു മേരിക്കുട്ടിയിലേക്കുള്ള പരിണാമമാണ് ഞാൻ മേരിക്കുട്ടിയുടെ ഇതിവൃത്തം. അപ്പോഴേക്കും സമൂഹത്തിന്റെ മുഖ്യധാരാചർച്ചകളിൽ ട്രാൻസ്ജെൻഡർ വിഷയം ഇടംപിടിച്ചുകഴിഞ്ഞിരുന്നു. നാനാതുറകളിൽ അവർ തങ്ങളുടേതായ അടയാളങ്ങളും പതിപ്പിച്ചിരുന്നു. അതുകൊണ്ടാണ്, ട്രാൻസ്ജെൻഡർ വിഷയം ഞാൻ മേരിക്കുട്ടിയിൽ സ്വാഭാവികമായി അവതരിപ്പിച്ചതും അതു ശ്രദ്ധേയമായതും.

2022 ൽ മോൺസ്റ്റർ എന്ന മോഹൻലാൽ-വൈശാഖ് സിനിമയിലെത്തുമ്പോൾ സ്വവർഗവിഷയം മറ്റൊരു രീതിയിൽ അഭിസംബോധന ചെയ്യപ്പെടുന്നതായിട്ടാണ് നാം കാണുന്നത്. മലയാളസിനിമയുടെ ചരിത്രത്തിൽത്തന്നെ വ്യത്യസ്തമായിരുന്ന പത്മരാജന്റെ 'ദേശാടനക്കിളി കരയാറില്ല' എന്ന ചിത്രം അതിഗാഢസൗഹൃദം പുലർത്തിയിരുന്ന രണ്ടു പെൺകുട്ടികളുടെ ആത്മഹത്യയിലാണ് അവസാനിക്കുന്നത്. അതായത്, തങ്ങൾക്കൊരുമിച്ചു ജീവിക്കാൻ ഇവിടെ കഴിയില്ലെന്ന ബോധ്യമാണ് അവരെ സ്വയം ജീവനൊടുക്കാൻ പ്രേരിപ്പിച്ചത്. 1986 ലാണ് ഈ ചിത്രം പുറത്തിറങ്ങിയത്. അന്നത്തെ സാമൂഹികചുറ്റുപാട് അത്തരത്തിലുള്ളതായിരുന്നു. പക്ഷേ, ഇതേവിഷയം മോൺസ്റ്ററിലെത്തുമ്പോൾ സമീപനം ഉദാരമാകുന്നു, സഹിഷ്ണുതാപരമാകുന്നു, അത്തരം ബന്ധങ്ങൾ അംഗീകരിക്കപ്പെടുന്നവിധത്തിലാകുന്നു. സമൂഹത്തിന്റെ കാഴ്ചപ്പാടിലുണ്ടാകുന്ന മാറ്റങ്ങൾ സിനിമയെയും സ്വാധീനിക്കുന്നുവെന്നാണ് മേല്പറഞ്ഞ വിവിധ കാലഘട്ടങ്ങളിലെ വിവിധ സിനിമകളിലൂടെ ചെറുതായിട്ടെങ്കിലും കടന്നുപോകുമ്പോൾ നാം മനസ്സിലാക്കുന്നത്. ഇത്തരം പ്രവണതകൾ ശക്തമായിക്കൊണ്ടിരിക്കുന്ന കാലഘട്ടംകൂടിയാണ് ഇത്. ഇന്നു പലരും തങ്ങളുടെ ലൈംഗികവ്യക്തിത്വം തുറന്നുപറഞ്ഞുകൊണ്ട് രംഗത്തു വരാറുണ്ട്. അതിൽ പലതും നാം വിചാരിക്കുന്നതുപോലെ എതിർവർഗ ലൈംഗികതയുമായി ബന്ധപ്പെട്ടവയുമല്ല. സമീപകാലത്ത് രണ്ടു പെൺകുട്ടികൾ തമ്മിലുള്ള പ്രണയവും മറ്റും ഏറെ ചർച്ചചെയ്യപ്പെട്ടിരുന്നല്ലോ. മാധ്യമങ്ങൾ സെൻസേഷനലായിട്ടാണ് ഇത്തരം വിഷയങ്ങളെ അവതരിപ്പിക്കുന്നതും. വ്യത്യസ്തമായ ലൈംഗികതാത്പര്യങ്ങൾക്കു ശാസ്ത്രീയമായും വൈദ്യശാസ്ത്രപരമായും പല വിശദീകരണങ്ങളും ന്യായീകരണങ്ങളും ഉണ്ടെങ്കിലും കത്തോലിക്കാസഭയുടെ വീക്ഷണം തികച്ചും വ്യത്യസ്തമാണ്.

സ്വവർഗബന്ധങ്ങൾ പുരാതനകാലം മുതലേ ഉള്ളവയാണെന്ന യാഥാർഥ്യം അംഗീകരിച്ചേ മതിയാവൂ. വിശുദ്ധഗ്രന്ഥത്തിൽത്തന്നെ അത്തരം ചില സൂചനകളുണ്ട്. പക്ഷേ, സ്വവർഗബന്ധത്തെ മാരകമായ പാപമായിട്ടാണ് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നത്.

രൂഢമൂലമായ സ്വവർഗപ്രവണതയുള്ള സ്ത്രീപുരുഷന്മാരുടെ എണ്ണം അവഗണിക്കാവുന്നതല്ല എന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നിരീക്ഷിക്കുന്നുണ്ട്. വസ്തുനിഷ്ഠമായി ക്രമരഹിതമായ ഈ പ്രവണത അവരിൽ ഭൂരിഭാഗത്തിനും ഒരു പരീക്ഷണംതന്നെയാണ്. ആദരവോടും സഹാനുഭൂതിയോടും പരിഗണനയോടുംകൂടി അവരെ സ്വീകരിക്കണം. അവർക്കെതിരേ അന്യായമായ വിവേചനത്തിന്റെ സൂചനകൾ ഒന്നും ഉണ്ടാകരുത്. ഈ വ്യക്തികൾ തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാൻ വിളിക്കപ്പെട്ടിരിക്കുന്നു. കൂടാതെ, ക്രിസ്ത്യാനികളെങ്കിൽ തങ്ങളുടെ അവസ്ഥയിൽനിന്നുളവാകുന്ന ബുദ്ധിമുട്ടുകളെ കർത്താവിന്റെ കുരിശിലെ ബലിയോടു ചേർക്കാനും അവർ വിളിക്കപ്പെട്ടിരിക്കുന്നുവെന്നാണ് സഭയുടെ വീക്ഷണം. ഇത്തരമൊരു നിലപാടിൽ നിന്നുകൊണ്ടാണ് ദൈവാന്വേഷിയായ ഒരു വ്യക്തിയെ അയാളുടെ സ്വവർഗപ്രവണതയുടെ പേരിൽ വിധിക്കാൻ താനാര് എന്ന് ഫ്രാൻസിസ് മാർപാപ്പാ അഭിപ്രായപ്പെട്ടത്. ഇത്തരക്കാരോട് അനുകമ്പ കാണിക്കുക എന്നാണ് പാപ്പാ ആവർത്തിച്ചുപറയുന്ന കാര്യവും.

എങ്കിലും, നമ്മുടെ ചില അബോധ



പ്രവണതകൾ ഇത്തരക്കാരെ ഇനിയും ഒരു കൈയകലത്തിലാണു നിറുത്തിയിരിക്കുന്നത്. അടുത്തകാലംവരെ മാനസികവൈകല്യം നേരിടുന്ന കുട്ടികളെ ബുദ്ധിമാന്ദ്യം നേരിടുന്ന കുട്ടികൾ എന്ന രീതിയിലാണ് നാം വർഗീകരിച്ചിരുന്നത്. പക്ഷേ, ഇപ്പോൾ അത്തരം പ്രയോഗങ്ങൾപോലും പരിഹാസ്യമാണ്.

ഗിഫ്റ്റഡ് ചൈൽഡ് എന്ന രീതിയിലേക്ക് അവ മാറിയിട്ടുണ്ട്. അന്ധ - ബധിര - മൂക വിദ്യാലയങ്ങൾ എന്ന് അറിയപ്പെട്ടിരുന്ന സ്ഥാപനങ്ങൾ ഇന്ന് സ്പെഷൽ സ്കൂൾ എന്ന വിശേഷണത്തിലേക്കു വളർന്നു. അതായത്, മറ്റുള്ളവരിൽനിന്നു വ്യത്യസ്തർ, പ്രത്യേകതകളുള്ളവർ എന്നൊരു തിരിച്ചറിവിലേക്ക് സമൂഹം പതുക്കെപ്പതുക്കെ മാറിത്തുടങ്ങിയിട്ടുണ്ട്. ഇത്തരമൊരു മാറ്റത്തിന്റെ വികസിതരൂപമാണ് ലൈംഗികന്യൂനപക്ഷങ്ങളുടെ കാര്യത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ലൈംഗികന്യൂനപക്ഷങ്ങളെ സഹിഷ്ണുതയോടെ കാണാൻ സമൂഹം ശ്രമിച്ചുതുടങ്ങിയിരിക്കുന്നു. ലൈംഗികന്യൂനപക്ഷങ്ങളൊരിക്കലും അപഹസിക്കപ്പെടേണ്ടവരല്ല, അംഗീകരിക്കപ്പെടേണ്ടവർതന്നെയാണ്.

■

# വൈദ്യശാസ്ത്രവും ദൈവശാസ്ത്രവും സമന്വയിപ്പിച്ച കർമയോഗി

**ഈയിടെ അന്തരിച്ച, പാലാ കാർമൽ മെഡിക്കൽ സെന്റർ ചീഫ് ഫിസിഷ്യൻ ഡോ. ജോയി ഫ്രാൻസിസിനെ അനുസ്മരിക്കുന്നു.**


■ ഫാ. ഡോ. ഡോമിനിക് വെച്ചൂർ

സാധാരണ പറയുന്ന ഒരു കാര്യമാണ്, ഓർമകൾക്കു മരണമില്ല എന്നത്. മരിക്കാത്ത ഒത്തിരി ഓർമകൾ അവശേഷിപ്പിച്ചിട്ടാണ് ഡോ. ജോയി ഫ്രാൻസിസ് കടന്നുപോയിരിക്കുന്നത്. അദ്ദേഹം നലംതികഞ്ഞ ഒരു മനുഷ്യസ്നേഹിയും ദൈവവിശ്വാസിയും സഭാസ്നേഹിയുമായിരുന്നു. ഭിഷഗ്വരൻ എന്ന നിലയിൽ പ്രായഭേദമെന്യേ, വലിപ്പചെറുപ്പവ്യത്യാസമില്ലാതെ, ധനികദരിദ്രവിവേചനമില്ലാതെ എല്ലാവർക്കും ഡോ. ജോയി ഫ്രാൻസിസ് സംലഭ്യനായിരുന്നു. ദൈവപിതാവിന്റെ കരുതുന്ന സ്നേഹം അദ്ദേഹം എല്ലാവർക്കും ആവോളം പകർന്നു നല്കി.

വൈദ്യശുശ്രൂഷയ്ക്കൊപ്പം, ഉറച്ച ഒരു ദൈവവിശ്വാസികൂടിയായിരുന്നു ഡോക്ടർ. കാർമൽ ഹോസ്പിറ്റൽ ചാപ്പലിലെ പ്രഭാതബലിയോടെയാണ് അദ്ദേഹം തന്റെ ജോലി ആരംഭിച്ചിരുന്നത്. ആഴമായ ദൈവവിശ്വാസവും ദൈവസ്നേഹവും അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. യുക്തിയും വിശ്വാസവും, ബുദ്ധിയും ഹൃദയവും, വൈദ്യശാസ്ത്രവും ദൈവശാസ്ത്രവും അദ്ദേഹം നന്നായി സംയോജിപ്പിച്ചു. അതുകൊണ്ടാണ്, അദ്ദേഹം തന്റെ ഭാരിച്ച മെഡിക്കൽ ഉത്തരവാദിത്വങ്ങൾക്കിടയിലും സമയം കണ്ടെത്തി ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും (M.A. R.Sc) ഡോക്ടറൽ ബിരുദവും (D.R.Sc.) സമ്പാദിക്കുവാൻ സമയം കണ്ടെത്തിയത്.

**വായനയും എഴുത്തും സ്നേഹിച്ച മനുഷ്യൻ**

നല്ല ഒരു വായനക്കാരനും എഴുത്തുകാരനുമായിരുന്നു ഡോ. ജോയി ഫ്രാൻസിസ്. നോവലുകളും കഥകളും ക്ലാസ്സിക്കുകളും ഹാസ്യങ്ങളും മാത്രമല്ല, മഹത്തായ ദൈവശാസ്ത്രഗ്രന്ഥങ്ങളും സഭാപ്രബോധനങ്ങളും അദ്ദേഹത്തിനു നന്നായി വഴങ്ങി. സഞ്ചാരം ഡോ. ജോയി ഫ്രാൻസിസിന് എന്നും ഒരു ഹരമായിരുന്നു. എല്ലാ ഭൂഖണ്ഡങ്ങളും തന്നെ അദ്ദേഹം സന്ദർശിട്ടുണ്ട്. യുറോപ്യൻ രാജ്യങ്ങളും അമേരിക്കയും ജപ്പാനും സിംഗപ്പൂരും തായ്‌ലാന്റും എല്ലാം അദ്ദേഹത്തിന്റെ യാത്രാസ്ഥലങ്ങളായിരുന്നു. ഭാരതത്തിലുടനീളവും ഹിമാലയസാനുക്കളിലും അദ്ദേഹം നിരവധി തവണ സഞ്ചരിച്ചിട്ടുണ്ട്.



**കലയെയും മണ്ണിനെയും പ്രണയിച്ച മനുഷ്യൻ**

ഒരു വലിയ കലാകാരൻകൂടിയായിരുന്നു ഡോ. ജോയി ഫ്രാൻസിസ്. അനേകം കൊത്തുരൂപങ്ങളും രേഖാചിത്രങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. കേരള ലളിതകലാ അക്കാദമിയുടെ സംസ്ഥാന അവാർഡ് അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ടെന്നത് അഭിമാനകരമായ കാര്യമാണ്. പ്രസിദ്ധ ശില്പിയായ കാനായി കുഞ്ഞിരാമന്റെ ശിഷ്യഗണത്തിലെ ഒരാളായിരുന്നു ഡോ. ജോയി ഫ്രാൻസിസ് എന്ന കാര്യവും സ്മർത്തവ്യമാണ്.

നല്ല ഒരു കർഷകനുംകൂടിയായിരുന്നു അദ്ദേഹം. വാരാന്ത്യങ്ങളിലും അവധിദിനങ്ങളിലും അദ്ദേഹം സ്വന്തം കൃഷിയിടങ്ങളിൽ അദ്ധ്വാനിച്ചു.

മേല്പറഞ്ഞ എല്ലാ നന്മകൾക്കുമപ്പുറം ഡോ. ജോയി ഫ്രാൻസിസ് നല്ല ഒരു അപ്പനായിരുന്നു; തനിക്കു ദൈവം തന്ന സമ്മാനവും ജീവിതപങ്കാളിയുമായ ഭാര്യ ത്രേസ്യാമ്മച്ചേച്ചിയോടൊപ്പമുള്ള വിശ്വസ്തവും വിശുദ്ധവുമായ ദാമ്പത്യബന്ധത്തിൽ ദൈവം തങ്ങൾക്കു നല്കിയ രണ്ടു മക്കളെയും നിധിപോലെ അദ്ദേഹം എന്നു കാത്തുസൂക്ഷിച്ചു.

ഇങ്ങനെ ചിന്തിക്കുമ്പോൾ, ഒരു ഉത്തമമനുഷ്യനെയാണ്, വിശ്വസ്തനായ ഒരു സുഹൃത്തിനെയാണ്, നലംതികഞ്ഞ ഒരു ദൈവമകനെയാണ്, തിരുസ്സഭയുടെ വിശ്വസ്തനായ ഒരു പുത്രനെയാണ് ഡോ. ജോയി ഫ്രാൻസിസിന്റെ നിര്യാണത്തിലൂടെ നമുക്കു നഷ്ടമായിരിക്കുന്നത്.

1946 ജനുവരി മൂന്നാം തീയതി അങ്കമാലി അടുത്തുള്ള നോർത്ത് കുത്തിയതോട് എന്ന ഗ്രാമത്തിൽ വിതയത്തിൽ അഡ്വ. വി.പി. ഫ്രാൻസിസ് - ഏലിക്കുട്ടി ഫ്രാൻസിസ് ദമ്പതികളുടെ അഞ്ചാമത്തെ മകനായി ഡോ. ജോയി ഫ്രാൻസിസ് ജനിച്ചു. നല്ല പൗരാണികതയും പൈതൃകവും കത്തോലിക്കാപശ്ചാത്തലവുമുള്ള കുടുംബമായിരുന്നു വിതയത്തിൽ കുടുംബം. ഉന്നതമായ അടിസ്ഥാനവിദ്യാഭ്യാസം അദ്ദേഹത്തിനു നല്കാൻ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. പ്രാഥമികവിദ്യാഭ്യാസത്തിനും ഡിഗ്രി പഠനത്തിനുംശേഷം 1969 ൽ കാലിക്കട്ട് മെഡിക്കൽ കോളജിൽനിന്ന് എം.ബി.ബി.എസ്. വിജയകരമായി പൂർത്തിയാക്കി. തുടർന്ന്, കൽക്കത്താ സ്കൂൾ ഓഫ് ട്രോപ്പിക്കൽ മെഡിസിൻ ആന്റ് ഹൈജീൻ എന്ന സ്ഥാപനത്തിൽനിന്ന് മെഡിക്കൽ ബിരുദവും നേടിയശേഷം കോഴിക്കോട് ചേവായൂർ ആശുപത്രിയിൽ മെഡിക്കൽ ശുശ്രൂഷ ആരംഭിച്ചു. പിന്നീട്, കേരള സർക്കാരിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ ജോലിചെയ്തു. ഇതിനിടയിൽ 1978 ൽ കോട്ടയം മെഡിക്കൽ കോളജിൽനിന്ന് എം.ഡി. ബിരുദവും നേടി.

1983 ൽ സർക്കാർ ജോലിയിൽനിന്നു മാറിയശേഷം പാലാ ചെറുപുഷ്പം ആശുപത്രിയിലും കാർമൽ മെഡിക്കൽ സെന്ററിലുമായി ശുശ്രൂഷ ചെയ്തു. ദീർഘനാളായി കാർമൽ മെഡിക്കൽ സെന്ററിൽ ജോലി ചെയ്തുവരവേയാണ് അദ്ദേഹം പെട്ടെന്ന് രോഗഗ്രസ്തനായതും ദൈവപിതാവിന്റെ മടക്കവിളിക്കു സമാധാനത്തോടെ പ്രത്യുത്തരം നല്കിയതും. ഡോ. ജോയി ഫ്രാൻസിസ് നല്കിയ നിസ്വാർഥമായ എല്ലാ സേവനങ്ങൾക്കും ശുശ്രൂഷകൾക്കും ദൈവനാമത്തിൽ നന്ദി. അങ്ങയുടെ ശുശ്രൂഷകൾക്ക് ദൈവം ഉചിതമായ പ്രതിഫലം നല്കട്ടെ. ■

---

കവിത — സി. ഡോ. തെരേസ് ആലഞ്ചേരി

## നഷ്ടമാകും ഇഷ്ടജന്മം

ആഘോഷമാക്കിടാം സുഖമേകും ലഹരി-
യെന്നതുകേട്ടു ചങ്ങാതി പോയിടല്ലേ.
രോഗിയാക്കും മനോരോഗിയാക്കും പിന്നെ
കെട്ടുപോകും നിന്റെ ഇഷ്ടജന്മം.
നോവുകൾ മാറാല മൂടും മനസ്സിന്റെ
കോമളരൂപം വികൃതമാകും.
തീവ്രമാമേതോ ദുർനിമിത്തങ്ങളാൽ
നോവുപൂക്കുന്ന രാവിന്റെ തേങ്ങൽ.
പേയാടും സന്ധ്യകൾ, മാധ്യമചർച്ചകൾ
വല്ലായ്മയായ്ത്തീർന്ന ജീവിതങ്ങൾ.
പുകയൂതിയൂതിരസിക്കുന്ന ചുണ്ടിലെ
ചിരി മായ്ച്ചു കദനമുറങ്ങിടുമ്പോൾ,
അസ്ഥികൾപോലും വിറകൊള്ളും ലഹരിയിൽ
ശിഥിലമാം പ്രാണന്റെ ദുഃഖസ്മൃതി.

---

# പാലാ രൂപത കുടുംബക്കൂട്ടായ്മ രജതജൂബിലിയാഘോഷം



*പാലാ രൂപത കുടുംബക്കൂട്ടായ്മ രജതജൂബിലിയാഘോഷം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ തുടങ്ങിയവർ സമീപം.*

പാലാ: കുടുംബത്തിൽ മാതാപിതാക്കളും മക്കളും കൂടിച്ചേർന്ന് സന്തോഷം പങ്കിടണമെന്നും ജീവിതം ആസ്വാദ്യമാക്കിത്തീർക്കാൻ മാതാപിതാക്കൾ മുൻകൈയെടുക്കണമെന്നും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത കുടുംബക്കൂട്ടായ്മ രജതജൂബിലിയാഘോഷം പാലാ ളാലം പഴയ പള്ളി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

കൂടിനിന്നാൽ കോടി ഗുണം നമ്മുടെ സമൂഹത്തിനു നൽകാൻ കഴിയും. കുടുംബങ്ങളെല്ലാം ഒന്നുചേർന്നുനിൽക്കുമ്പോൾ വിവിധങ്ങളായ കഴിവുള്ളവർ അത് പങ്കുവയ്ക്കുകയും സമൂഹം മുഴുവൻ നല്ല മാറ്റത്തിലേക്കു കടന്നുവരാൻ സഹായകമാകുകയും ചെയ്യും. വിവിധ പ്രവർത്തന മണ്ഡലങ്ങളിലുള്ള ഏവർക്കും പങ്കുവയ്പിന്റെ അനുഭവം കൂട്ടായ്മയിലൂടെ കൈമാറാൻ സാധിക്കും. അതിനു സഹായകരമായി വരുന്നത് സഭയുടെ ഏറ്റവും വലിയ പ്രാർഥനയായ വിശുദ്ധ ബലിയിലൂടെയും വചനസ്വീകരണത്തിലൂടെയുമാണെന്നും ബിഷപ് കല്ലറങ്ങാട്ട് പറഞ്ഞു.

മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഓൾ കേരള മുൻ ആനിമേറ്റർ സിസ്റ്റർ അന്റോണിറ്റ, മുൻ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ പ്രസംഗിച്ചു. രൂപത പ്രസിഡന്റ് തോമസ് വടക്കേൽ റിപ്പോർട്ട് അവതരിപ്പിച്ചു. ളാലം പഴയപള്ളി വികാരി ഫാ. ജോസഫ് തടത്തിൽ ബൈബിൾ പ്രതിഷ്ഠ നടത്തി. 25 വർഷം പൂർത്തിയാക്കിയ റിസോഴ്സ് പേഴ്സൺസായ സെബാസ്റ്റ്യൻ പൈലി കുഴികണ്ടത്തിൽ, സിസ്റ്റർ ജോസ് മേരി എഫ്സിസി, സിസ്റ്റർ ജെയ്സി സിഎംസി, പി. ടി. തോമസ്, കെ.പി. ജോസഫ്, എൽസമ്മ ആലാനിക്കൽ, മാത്യു മുകളേൽ, ബോബൻ മാത്യു പ്ലാത്തോട്ടം, തോമസ് വടക്കേൽ, ഡയറക്ടർമാരായ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. കുര്യൻ മറ്റം എന്നിവരെ ചടങ്ങിൽ ആദരിച്ചു. മുൻ ഡയറക്ടറായ ബിഷപ് മാർ ജോസഫ് സ്രാമ്പിക്കലിനെയും ചടങ്ങിൽ ആദരിച്ചു.

രൂപതയുടെ എല്ലാ ഇടവകകളിൽനിന്നുമായി ആയിരത്തിലധികം ഭാരവാഹികൾ പങ്കെടുത്തു. സ്നേഹവിരുന്നോടെ സമ്മേളനം സമാപിച്ചു.

നോവൽ 7 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്



*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ റ്റീച്ചറായി ജോലി കിട്ടി. ജോയിൻ ചെയ്യാൻ ട്രെയിനിൽ പോകുമ്പോൾ യാദൃച്ഛികമായി അഭിഷേക് എന്ന യുവാവിനെ പരിചയപ്പെട്ടു. ഇന്ദുവിന്റെ സ്കൂൾമാനേജരുടെ മകനായിരുന്നു അഭിഷേക്. പിന്നീട് അവർ നല്ല സൗഹൃദത്തിലായി. ഇതിൽ അസൂയ പൂണ്ട സ്നേഹലതറ്റീച്ചർ അഭിഷേകും ഇന്ദുവും തമ്മിൽ പ്രണയമാണെന്ന് മാനേജരെ തെറ്റിധരിപ്പിച്ചു. കലിപൂണ്ട മാനേജർ ഇന്ദുവിനെ വിളിച്ച് മേലിൽ അഭിഷേകിനെ കാണുകയോ സംസാരിക്കുകയോ ചെയ്താൽ പിരിച്ചുവിടുമെന്നു മുന്നറിയിപ്പ് നൽകി. ഒരു ദിവസം ഇന്ദു അമ്പലത്തിൽ പോയിട്ടു നടന്നുവരുമ്പോൾ അഭിഷേക് കാർ നിർത്തി നിർബന്ധിച്ച് അവളെ കാറിൽ കയറ്റി താമസസ്ഥലത്തു കൊണ്ടുവന്നിറക്കി. (തുടർന്നു വായിക്കുക)*

**അ**ഭിഷേക് ഇന്ദുവിനെ കാറിൽ താമസസ്ഥലത്തു കൊണ്ടിറക്കിയ വാർത്ത ആനന്ദന്റെ ചെവിയിലെത്തി. സ്നേഹലത ഫോണിൽ വിളിച്ച് അറിയിക്കുകയായിരുന്നു. അതറിയിക്കുമെന്ന് ഇന്ദുവിന് ഉറപ്പായിരുന്നു. എന്തു മാത്രം കള്ളം പറഞ്ഞു ഫലിപ്പിക്കുമെന്നതിലേ സംശയമുണ്ടായിരുന്നുള്ളൂ.

പിറ്റേന്ന് സ്കൂളിൽ ചെന്നപ്പോൾ ഇന്ദുവിന്റെ കാർയാത്രയായിരുന്നു അവിടെ സംസാരവിഷയം. അശ്വതിറ്റീച്ചർ അടുത്തു വന്നിരുന്നു ചോദിച്ചു:

“ഞായറാഴ്ച അമ്പലത്തിൽ പോയത് അഭിഷേകിനെ കാണാനായിരുന്നു, അല്ലേ?”

“അയ്യോ, അങ്ങനൊന്നുമില്ല റ്റീച്ചർ. യാദൃച്ഛികമായി കണ്ടപ്പോൾ കാറിൽ കേറ്റിക്കൊണ്ടുപോന്നതാണ്. അഭിഷേകിന്റെ അമ്മയുമുണ്ടായിരുന്നു കൂടെ.’

“പക്ഷേ, അങ്ങനൊന്നുമല്ല ഇവിടെ ഫ്‌ളാഷായിരിക്കുന്നത്. ആനന്ദൻ സാർ അറിഞ്ഞാൽ പണിപോകുമെന്നു മാത്രമല്ല, ചിലപ്പം കൊന്നുകളയും.”

ഇന്ദു വല്ലാതെ പരിഭ്രാന്തയായി. അവൾ എന്തു പറഞ്ഞിട്ടും സഹപ്രവർത്തകർ വിശ്വസിച്ചില്ല. ഹെഡ്മിസ്ട്രസ് സുജാതയും അവളെ വിളിച്ചു വഴക്കുപറഞ്ഞു:

“റ്റീച്ചറിവിടെ വന്നത് പഠിപ്പിക്കാനാണോ അതോ പ്രേമിക്കാനാണോ?”

‘‘അയ്യോ, അങ്ങനൊന്നും ഉണ്ടായില്ല റ്റീച്ചർ.”

സംഭവിച്ചതൊക്കെ അവൾ വിശദീകരിച്ചു.

“മാനേജർ സാർ എന്നെ വിളിച്ചു. ഉച്ചയ്ക്ക് അദ്ദേഹത്തെ ചെന്നു കാണണമെന്നു പറഞ്ഞു. ആളു വല്യ ചൂടിലാ. കിട്ടുന്നതു വാങ്ങിച്ചോണ്ടു പോരെ.”

സീറ്റിൽ വന്നിരിക്കുമ്പോൾ മനസ്സ് വല്ലാതെ കലുഷിതമായിരുന്നു. അഭിഷേകിനെ ഒരു സഹോദരന്റെ സ്ഥാനത്തല്ലാതെ താൻ കണ്ടിട്ടേയില്ല. തന്നെ ഒരു സഹോദരിയെപ്പോലെയാണ് അദ്ദേഹവും കാണുന്നത്. ഇതെങ്ങനെ ആനന്ദൻസാറിനെ ബോധ്യപ്പെടുത്തും താൻ?

ഉച്ചയ്ക്കുള്ള ഇടവേളയിൽ അവൾ ആനന്ദന്റെ ബംഗ്ലാവിലേക്കു നടന്നു. എന്തും നേരിടാനുള്ള ശക്തി സംഭരിച്ചാണു പോയത്. പറയുന്ന ചീത്തയെല്ലാം നിശ്ശബ്ദമായി കേൾക്കാം. ജോലി പോകാതിരിക്കാൻ കാലുപിടിക്കാം. തന്റെ നിലനില്പിന്റെ പ്രശ്നമാണല്ലോ.

ചെന്നു കയറിയതേ ആനന്ദൻ ഒരു കടലാസെടുത്ത് അവൾക്കു നീട്ടി. ഇന്ദു അതു വാങ്ങി തുറന്നുനോക്കി. പിരിച്ചുവിട്ടുകൊണ്ടുള്ള മാനേജരുടെ ഉത്തരവ്. കാരണം സ്വഭാവദൂഷ്യം.

തലകറങ്ങുന്നതുപോലെ ഇന്ദുവിനു തോന്നി.

“ഇന്നുതന്നെ നാട്ടിലേക്കു മടങ്ങുന്നോ, അതോ രാവിലെയോ?”

ആനന്ദൻ ദേഷ്യത്തിലായിരുന്നു.

“സാർ ഞാൻ...”

“ഒന്നും പറയണ്ട. പല പ്രാവശ്യം ഞാൻ ക്ഷമിച്ചു. വാണിങ് 



തന്നു. ഇയാളു നന്നാവുമെന്നായിരുന്നു പ്രതീക്ഷ. പാലുതന്ന കൈക്കിട്ടുതന്നെ ഇയാളു കടിച്ചു. കടിച്ച പാമ്പിനെ അടിച്ചു കൊല്ലുകാ വേണ്ടത്. ഞാനതു ചെയ്യുന്നില്ല. ഇനി എന്തുപറഞ്ഞാലും ഇയാളെ ഇവിടെ തുടരാൻ ഞാനനുവദിക്കില്ല. സ്കൂളിൽ ഒരൊറ്റ സ്റ്റാഫ്പോലും ഇയാളെപ്പറ്റി നല്ല അഭിപ്രായം പറഞ്ഞിട്ടില്ല. അറിയാമോ?”

ഇന്ദു ദയനീയമായി നോക്കി. അവളുടെ കണ്ണുകൾ പൊട്ടി ഒഴുകുകയായിരുന്നു.

ആനന്ദൻ പോക്കറ്റിൽനിന്ന് അഞ്ഞൂറിന്റെ കുറെ നോട്ടുകളെടുത്ത് അവളുടെ നേരേ നീട്ടിയിട്ടു പറഞ്ഞു:

“ഇതു വച്ചോ. ഇത്രയും കാലം ജോലി ചെയ്തതല്ലേ. വെറും കൈയോടെ പോകണ്ട.”

ഇന്ദു പണം വാങ്ങിയില്ല. പ്രതിമ കണക്കെ മരവിച്ചുനിൽക്കുകയായിരുന്നു.

“സാർ ഞാനൊരു തെറ്റും...”

“നോ കമന്റ്. വിശദീകരണമൊന്നും ഇനി വേണ്ട. വേണമെങ്കിൽ ഇതു വാങ്ങിച്ചോ. ഇല്ലെങ്കിൽ വെറും കൈയോടെ പൊയ്ക്കോ. പിന്നെ തനിക്കു മാനക്കേടുണ്ടാകാതിരിക്കാൻ താൻ രാജി വച്ചിട്ടു പോയതാന്നു ഞാൻ പറഞ്ഞോളാം. ഈ കാശ് വേണോ?”

“വേണ്ട സാർ.”

“ശരി.” പണം പോക്കറ്റിലിട്ടിട്ട് അയാൾ ഇന്ദുവിനെ പുറത്താക്കി വാതിൽ ബന്ധിച്ചു. കുറച്ചു നേരം കണ്ണീരൊഴുക്കി അവൾ വരാന്തയിൽനിന്നു. ആനന്ദൻ ഇറങ്ങിവരുമെന്നും തന്റെ കണ്ണീരു കണ്ട് മനസ്സലിവുതോന്നി ഉത്തരവ് തിരികെവാങ്ങി കീറിക്കളഞ്ഞ് ഒരു മുന്നറിയിപ്പുകൂടി തന്നു പറഞ്ഞയയ്ക്കുമെന്ന് അവൾ പ്രതീക്ഷിച്ചു. പ്രതീക്ഷ അസ്ഥാനത്തായി.

കൈയിലിരുന്ന കടലാസിലേക്ക് ഒന്നു നോക്കിയിട്ട് ഇന്ദു പടിയിറങ്ങി സാവധാനം നടന്നു. കാലുകൾ നീങ്ങുന്നില്ല. മനസ്സു നിറയെ ഇരുട്ടാണ്. ജോലിയില്ലാതെ വീട്ടിലേക്കു തിരിച്ചു ചെല്ലുന്നതെങ്ങനെ? വയ്യാതെ കിടക്കുന്ന അച്ഛൻ. ശമ്പളം പ്രതീക്ഷിച്ചു കഴിയുന്ന അമ്മയും അനിയത്തിമാരും. പിരിച്ചുവിട്ടു എന്നു കേട്ടാൽ ഹൃദയം പൊട്ടി അച്ഛൻ മരിച്ചുപോകില്ലേ? ആനന്ദൻ സാറിനു മനസ്സലിവ് തോന്നി തിരികെവിളിച്ചിരുന്നെങ്കിൽ!

പിരിച്ചുവിട്ടു എന്നു കേട്ടപ്പോൾ സ്കൂളിൽ അശ്വതിറ്റീച്ചർ ഒഴികെ ബാക്കി എല്ലാവർക്കും സന്തോഷമായിരുന്നു. സ്നേഹലത തുള്ളിച്ചാടി നടക്കുകയായിരുന്നു. സഹപ്രവർത്തകരുടെ കുറ്റപ്പെടുത്തലുകൾ അവളെ വേദനിപ്പിച്ചു.

‘‘അഭിഷേകിനെ വിളിച്ചു കാര്യം പറ. അയാളു കാരണമല്ലേ ജോലി പോയത്.”

അശ്വതിയുടെ നിർദേശപ്രകാരം പുറത്തിറങ്ങി അവൾ അഭിഷേകിന്റെ നമ്പർ ഡയൽ ചെയ്തു. ആൾ പരിധിക്കു പുറത്താണത്രേ. അകത്തേക്കു കയറി അവൾ നേരേ ഹെഡ്മിസ്ട്രസിന്റെ അടുത്തേക്കു ചെന്നു.

‘‘എനിക്കെന്റെ കുട്ടികളോടൊന്നു യാത്ര പറയണം റ്റീച്ചർ.” ശബ്ദം ഇടറിയിരുന്നു.

‘‘ഉം.’’ റ്റീച്ചർ അനുമതി നൽകി.

ആറു ബിയിലെ ക്ലാസ് റ്റീച്ചറാണ് ഇന്ദു. കുട്ടികൾക്കെല്ലാം വലിയ ഇഷ്ടമാണ്. ഇന്ദു റ്റീച്ചറെ. ഒന്നരമാസത്തെ ബന്ധമേയുള്ളൂ. എങ്കിലും കുട്ടികളുടെ പ്രിയപ്പെട്ട റ്റീച്ചറായി മാറിയിരുന്നു ഇന്ദു.

കുട്ടികളുടെ മുമ്പിൽ നിൽക്കുമ്പോൾ നെഞ്ചുപൊട്ടുന്നതുപോലെ തോന്നി അവൾക്ക്. അവരെ പിരിയുന്ന കാര്യം ഓർക്കാനേ വയ്യ. എല്ലാ മുഖത്തേക്കും അവൾ മാറിമാറി നോക്കി. റ്റീച്ചറിന്റെ കണ്ണുനിറഞ്ഞ് ഒഴുകുന്നതു കണ്ടപ്പോൾ ഒരു കുട്ടി ചോദിച്ചു:

“റ്റീച്ചറെന്തിനാ കരയണേ?”

“ഞാൻ ഇനിമുതൽ നിങ്ങളെ പഠിപ്പിക്കാൻ ഉണ്ടാവില്ല.”

“റ്റീച്ചർ എങ്ങോട്ടു പോകുവാ?”

‘‘വേറൊരു സ്കൂളിലേക്കു സ്ഥലം മാറിപ്പോകുവാ.”

‘‘റ്റീച്ചറു പോകണ്ട. റ്റീച്ചറു ഞങ്ങളെ പഠിപ്പിച്ചാ മതി.’

അഞ്ജലി അങ്ങനെ പറഞ്ഞപ്പോൾ സങ്കടം ഒതുക്കാൻ ഇന്ദു പാടുപെട്ടു.

“ഞാൻ പോയാലും എന്നേക്കാൾ നല്ല റ്റീച്ചറു നിങ്ങളെ പഠിപ്പിക്കാൻ വരും.”

പോകേണ്ടെന്ന് കുട്ടികൾ ഒന്നടങ്കം പറഞ്ഞപ്പോൾ ഇന്ദുവിന്റെ സങ്കടം ഇരട്ടിച്ചു.

‘‘പോകാതിരിക്കാൻ പറ്റില്ല മക്കളേ. എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം ട്ടോ.”

കുട്ടികളുടെ മുഖത്തെ വിഷമവും സങ്കടവും അവൾ തിരിച്ചറിഞ്ഞു. ആ പീരിയഡ് ഒന്നും പഠിപ്പിച്ചില്ല അവൾ. കുട്ടികളോട് ഓരോന്നു ചോദിച്ചും പറഞ്ഞുമിരുന്നു. ബെല്ലടിച്ചപ്പോൾ എല്ലാവരോടും യാത്ര പറഞ്ഞിറങ്ങി.

ഒറ്റയ്ക്കാണവൾ താമസസ്ഥലത്തേക്കു പോയത്. ചെന്നയുടനെ സാധനങ്ങളെല്ലാം പായ്ക്കു ചെയ്തു. രാത്രിയായപ്പോൾ എല്ലാ മുറിയിലും കയറി ഓരോരുത്തരോടും യാത്ര പറഞ്ഞു. സ്നേഹലതയോടും യാത്ര ചോദിച്ചു.

“എന്റെ ഭാഗത്തുനിന്ന് സ്നേഹലതയെ വേദനിപ്പിക്കുന്ന എന്തെങ്കിലും ഉണ്ടായെങ്കിൽ ക്ഷമിക്കണം. ഇനി നമ്മൾ തമ്മിൽ കണ്ടെന്നു വരില്ല. മനസ്സിൽ എന്നെപ്പറ്റി മോശമായ ഒരു ചിത്രം സൂക്ഷിക്കരുത്.”

സ്നേഹലത മിണ്ടിയില്ല. കടന്നൽ കുത്തിയതുപോലെയായിരുന്നു അവളുടെ മുഖം.

കൂടുതലൊന്നും പറയാതെ ഇന്ദു തിരികെ റൂമിലേക്കു പോയി. വെളുപ്പിനു തന്നെ പുറപ്പെടണം. വീട്ടിൽ ചെല്ലുമ്പോൾ എന്തു പറയും? അതിനാണൊരു ഉത്തരം കിട്ടാത്തത്.

ഇന്ദു ഒരിക്കൽക്കൂടി അഭിഷേകിന്റെ നമ്പർ ഡയൽ ചെയ്തു. ഫോൺ സ്വിച്ച് ഓഫ്.

രാത്രി പത്തുമണിയായപ്പോൾ ഇന്ദുവിന് ഒരു ഫോൺ കോൾ. അങ്ങേത്തലയ്ക്കൽ അശ്വതിറ്റീച്ചറാണ്.

“ഇന്ദു അറിഞ്ഞോ. അഭിഷേകും അമ്മയുംകൂടി അമേരിക്കയിലേക്കു പോയി, ഇന്നലെ വൈകിട്ട്. ബ്രദറിന്റെ അടുത്തേക്ക്. കുറച്ചുനാള് കഴിഞ്ഞേ വരൂന്നാ കേട്ടത്.”

ഇന്ദു തളർന്നുപോയി. അവസാനത്തെ പ്രതീക്ഷയും അസ്തമിച്ചിരിക്കുന്നു. വെറുതെയല്ല, ഈ സമയത്ത് ആനന്ദൻസാർ തന്നെ പിരിച്ചുവിട്ടത്. ഇനി ആരും തനിക്കായി, ശിപാർശ ചെയ്യാൻ വരില്ലെന്നയാൾക്കറിയാം.

ഇന്ദുവിനെ സമാധാനിപ്പിച്ചിട്ട് അശ്വതി ഫോൺ കട്ട് ചെയ്തു.

രാത്രി ഒട്ടും ഉറക്കം വന്നില്ല ഇന്ദുവിന്. വീട്ടിലേക്ക് എന്തു പറഞ്ഞു കയറിച്ചെല്ലുമെന്ന അങ്കലാപ്പായിരുന്നു മനസ്സിൽ. അച്ഛന് ഈ ഷോക്ക് താങ്ങാൻ പറ്റുമോ?

പുലർച്ചെ എണീറ്റ് ഇന്ദു പോകാൻ റെഡിയായി. ആറരയ്ക്കാണ് ആദ്യബസ്. അതിനു പുറപ്പെട്ടാൽ റെയിൽവേസ്റ്റേഷന്റെ മുമ്പിലിറങ്ങാം. അവിടെനിന്നു ട്രെയിനിൽ നേരേ നാട്ടിലേക്ക്.

ആറേകാലായപ്പോൾ അവൾ ബാഗുമെടുത്ത് ഇറങ്ങി. എല്ലാവരോടും യാത്ര പറയുമ്പോൾ കരയാതിരിക്കാൻ പണിപ്പെട്ടു. സ്നേഹലത ഒഴികെ എല്ലാവരും അവൾക്കു റ്റാറ്റാ നൽകി. ഗേറ്റ് കടന്ന് ഇന്ദു ബസ്സ്റ്റോപ്പിലേക്കു നടന്നകലുന്നത് വാതിൽക്കൽ അവർ നോക്കി നിന്നു.

*(തുടരും)*

# ക്രൈസ്തവപാരമ്പര്യത്തിനെതിരേ കുത്സിതനീക്കം

*(ഒന്നാം പേജ് തുടർച്ച)*

ഇതനുസരിച്ച് ഡോ. കെ.എൻ. പണിക്കർ അധ്യക്ഷനായ സമിതിയുടെ പരിശോധനയ്ക്കു വിധേയമായാണ് പാഠപുസ്തകങ്ങൾ, പ്രത്യേകിച്ച് സാമൂഹികശാസ്ത്രപുസ്തകങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളതെന്നാണ് സർക്കാരിന്റെ വാദം. ഇത്രയും വിശദമായ ചർച്ചകളും മുന്നൊരുക്കങ്ങളും നടത്തിയിട്ടും പാഠപുസ്തകങ്ങളിൽ ഒരു പ്രത്യേക ആശയ ആസ്ഥാനവുമായിരുന്ന ഹാഗിയാ സോഫിയ ഒരു ക്രൈസ്തവദേവാലയമായിരുന്നുവെന്നുള്ള വസ്തുത മനഃപൂർവം മറച്ചുവച്ചുകൊണ്ട്, അതൊരു ചരിത്രമ്യൂസിയമാണെന്നു മാത്രം രേഖപ്പെടുത്തിയിരിക്കുന്നത് അത്യന്തം പ്രതിഷേധകരമാണ്. ക്രൈസ്തവപാരമ്പര്യങ്ങളുടെ ബോധപൂർവമായ ഒഴിവാക്കലാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്.

കൂടാതെ, പാഠപുസ്തകത്തിലെ കുരിശുയുദ്ധങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ചരിത്ര



ധാരയുടെ തമസ്കരണം ഉണ്ടായത് വളരെ ബോധപൂർവമായ ഒരു അജണ്ടയുടെ ഭാഗം തന്നെയാണെന്നു സംശയിക്കേണ്ടിയിരിക്കുന്നു. മതേതരത്വം, സമഭാവന തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായതും കുട്ടികളിൽ സർഗാത്മകത, വിമർശനചിന്ത എന്നിവയ്ക്കു വഴിയൊരുക്കുന്നതുമായ വിദ്യാഭ്യാസരീതിയാണു രൂപപ്പെടേണ്ടതെന്ന് നാഴികയ്ക്കു നാല്പതുവട്ടം പറയുന്ന ഭരണാധികാരികൾ ക്രൈസ്തവ ആശയസംഹിതകൾ രൂപപ്പെടുത്തിയെടുത്ത ലോകക്രമത്തെ, ചിന്തകളെ ഒഴിവാക്കുകയാണ്.

**വിവാദമായ ഒഴിവാക്കലുകൾ**

ഏഴാം ക്ലാസിലെ നവോത്ഥാനചരിത്രത്തിൽനിന്ന് കേരളത്തിന്റെ നവോത്ഥാന രാജശില്പിയായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ഒഴിവാക്കിയത് വലിയ ചർച്ചകൾക്കും പ്രതിഷേധങ്ങൾക്കും കാരണമായിരുന്നല്ലോ. കൂടാതെ, പത്താം ക്ലാസിലെ കുട്ടികൾക്കായി എസ്സിഇആർടി തയ്യാറാക്കിയിട്ടുള്ള സാമൂഹികശാസ്ത്രം ഒന്നാം ഭാഗത്തിലെ ഒന്നാം അധ്യായമായ 'ആധുനികയുഗത്തിലേക്ക്' എന്ന പാഠത്തിൽ നവോത്ഥാനവും മതനവീകരണവും വിശദീകരിക്കുന്നിടത്തെ ചില പരാമർശങ്ങൾ ക്രൂരമാംവിധം ക്രൈസ്തവവിരുദ്ധമാണ്. മധ്യകാലഘട്ടത്തിലെ എല്ലാത്തരം തിന്മകളുടെയും പ്രതീകമായാണ് ക്രിസ്തുമതത്തെ പാഠഭാഗത്തു വിശേഷിപ്പിച്ചിരിക്കുന്നത്. ഏഴാം ക്ലാസിലെ സാമൂഹികശാസ്ത്രപാഠപുസ്തകം ഒന്നാംഭാഗം ആരംഭിക്കുന്നത് ഹാഗിയാ സോഫിയയുടെ ചരിത്രത്തോടും അതിനെക്കുറിച്ചുള്ള വിവരണത്തോടുംകൂടിയാണ്. ലോകചരിത്രത്തിലെ പ്രധാന സ്മാരകങ്ങളിലൊന്നാണ് ഹാഗിയാ സോഫിയാ എന്നും ആറാം നൂറ്റാണ്ടിലാണ് അതു പണിയപ്പെട്ടതെന്നും ഇപ്പോഴത് ഒരു ചരിത്രമ്യൂസിയമായി തുർക്കിയിൽ സംരക്ഷിക്കപ്പെടുന്നുവെന്നുമാണ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, ചരിത്രപ്രസിദ്ധവും കോൺസ്റ്റാന്റിനോപ്പിൾ പാത്രിയാർക്കീസിന്റെ

ത്തിന്റെ വക്രീകരണമാണ്. ക്രിസ്തുമതവിശ്വാസികൾക്ക് ഏറ്റവും പുണ്യപ്പെട്ടതും ക്രിസ്തീയവിശ്വാസത്തിന്റെ പ്രഭവകേന്ദ്രങ്ങളുമായ വിശുദ്ധസ്ഥലങ്ങൾ അറബികൾ കീഴടക്കിയപ്പോൾ അവ വീണ്ടെടുക്കാനുള്ള പരിശ്രമമായിരുന്നു കുരിശുയുദ്ധങ്ങൾ. അവ ക്രൈസ്തവരുടെ പ്രതിരോധങ്ങളായിരുന്നു. ഇക്കാര്യങ്ങളൊക്കെ വിസ്മരിച്ചുകൊണ്ട് കുരിശുയുദ്ധങ്ങളെ കേവലം കടന്നാക്രമണങ്ങളായി ചിത്രീകരിക്കുന്നത് ചരിത്രത്തോടുള്ള നീതികേടാണ്. ഇതിനോടൊപ്പം ക്രൈസ്തവവിശ്വാസത്തിന്റെ സ്വാധീനത്താൽ കല, സാഹിത്യം, സംഗീതം, ശാസ്ത്രം ആദിയായ മേഖലകളിലെല്ലാം മികച്ച സംഭാവനകൾ നൽകിയ യൂറോപ്പിനെ ഒൻപതാം ക്ലാസ്സിലെ സാമൂഹികശാസ്ത്രപാഠപുസ്തകം തീർത്തും അവഗണിച്ചിരിക്കുന്നു.

യൂറോപ്പിനെ അവഗണിച്ചുകൊണ്ട് സംസ്കാരത്തിനു പുതിയ അവകാശികൾ രംഗപ്രവേശം ചെയ്തിരിക്കുന്നു. ലോകത്തുണ്ടായ സാംസ്കാരികമുന്നേറ്റങ്ങളെല്ലാം തന്നെ അറബികളുടെ സംഭാവനയായി വിവരിച്ചിരിക്കുന്നു. അറബ്സ്വാധീനത്തിലാണ് യൂറോപ്പിന് എന്തെങ്കിലും നേട്ടം ഉണ്ടായിരിക്കുന്നതെന്നു പറയുകയും ചെയ്യുന്നു. ഇതുപോലെ ഇന്ത്യാചരിത്രത്തിൽനിന്ന് ക്രൈസ്തവമിഷനറിമാരുടെ സംഭാവനകളെ പൂർണമായും ഒഴിവാക്കിയിരിക്കുന്നു. ഇന്ത്യയുടെ സാംസ്കാരികമുന്നേറ്റങ്ങളിൽ അറബികളുടെ സംഭാവനകൾ അതുല്യമാണെന്നു വരച്ചുകാട്ടുന്ന പാഠഭാഗങ്ങൾ ചരിത്രത്തിലെ ക്രൈസ്തവപാരമ്പര്യങ്ങളെ വിസ്മരിക്കുകയാണ്.

കേരളത്തിൽ സമീപകാലത്തായി ആവർത്തിക്കുന്ന ക്രൈസ്തവവിഭാഗത്തോടുള്ള തമസ്കരണങ്ങളുടെയും അവഗണനയുടെയും ബോധപൂർവമായ തുടർച്ചയായി മാത്രമേ സംസ്ഥാന വിദ്യാഭ്യാസഗവേഷണപരിശീലനസമിതിയുടെ ഇത്തരം നടപടികളെ കാണാൻ സാധിക്കുകയുള്ളൂ.

■

## ഈശോ FROM THE BIBLE

(35)



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## പ്രഹരം

**അ**ടികളേറ്റ ഇടയൻ അത്യധികം അവശനായി നിന്നു. കൽത്തൂണിൽ കെട്ടിയിട്ടു കുറുവടിയും കൂർത്ത അസ്ഥിച്ചീളുകൾ പതിപ്പിച്ച ചാട്ടവാറുംകൊണ്ട് അവർ അവന്റെ ദേഹത്തും ഞാങ്ങണകൊണ്ടു ശിരസ്സിലും കരങ്ങൾകൊണ്ടു കരണത്തും ആളുമാറിയടിച്ചു. വടികൾക്കുപോലും വേദനിക്കുമാറ് അവർ അവനെ തല്ലിച്ചതച്ചു. ചതഞ്ഞ ഞാങ്ങണയെ ചവിട്ടിയൊടിക്കാത്ത ആ നിർമലനെ ആ നരസിംഹങ്ങൾ പറ്റംചേർന്നു പിച്ചിച്ചീന്തി. തൊട്ടുസുഖപ്പെടുത്താൻ എത്തിയവനെ തല്ലി മുറിപ്പെടുത്തി. അധികാരിയുടെ മുമ്പിൽവച്ച് അവന്റെ പ്രീതി പിടിച്ചുപറ്റാനുള്ള ഒരു പരിചാരകന്റെ ശ്രമം. അതിന് ആ ചെകുത്താൻ കണ്ടത് പരിശുദ്ധനായവന്റെ ചെകിട്! കണ്ണുകെട്ടിയിട്ട് അടിക്കുന്നത് കേമമായി അവർ കരുതി. ആ പ്രഹരം അവർക്കൊരു ഹരമായിരുന്നു. പിന്നീട്, കുരിശുമേന്തിയുള്ള യാത്രയിലും പല പ്രാവശ്യം പടയാളികൾ അവനെ പ്രഹരിച്ചിരിക്കണം. ഒരുവനെ ബന്ധിച്ചിട്ടു മർദിക്കുന്നത് ശൂരത്വമായി അവർ കരുതി. മാനവരാശിയെ പാപത്തിന്റെ അടിമത്തത്തിൽനിന്നു മോചിക്കാനുള്ള തന്റെ ദൗത്യനിർവഹണത്തിൽ അടിപ്പിണരുകൾ ഏല്ക്കേണ്ടിവരുമെന്ന് അവൻ അറിഞ്ഞിരുന്നു.

ആർക്കും ആരെയും ഉപദ്രവിക്കാൻ അവകാശമില്ലെന്നോർക്കാം. മറ്റുള്ളവരുടെ നേർക്കു നാം ഓങ്ങുന്ന ഓരോ കൈയ്ക്കും കണക്കുബോധിപ്പിക്കേണ്ടിവരും. അക്രമവും ആക്രമണവും ആർക്കും അലങ്കാരമേയല്ല. നമ്മുടെ രക്ഷകൻ ആരെയും ഉപദ്രവിച്ചില്ല. ഉറുമ്പിനെപ്പോലും നോവിച്ചില്ല. ആയുധം ഉപയോഗിക്കാനല്ല, ഉറയിലിടാനല്ലേ തന്റെ ശിഷ്യനെ അവൻ ഉപദേശിച്ചതും? അടിക്കാനല്ല, അനുഗ്രഹിക്കാനുള്ളവയാണ് നമ്മുടെ കരങ്ങൾ. തല്ലാനല്ല, തഴുകാനുള്ളവയാണ്. നശിപ്പിക്കാനല്ല, നിർമിക്കാനുള്ളവയാണ്. മുറിപ്പെടുത്താനല്ല, മുറിവുകെട്ടാനുള്ളവയാണ്. താങ്ങിക്കൊടുക്കാനും കണ്ണീരു തുടയ്ക്കാനുമൊക്കെയാണ് നമ്മുടെ കരങ്ങൾ നീളേണ്ടത്. ദുഷ്ടത നമ്മെ പരിശീലിപ്പിച്ച മർദനമുറകളെ പരീക്ഷിക്കാനുള്ള ഇടമല്ല മറ്റുള്ളവരുടെ മെയ്യും മുഖവുമൊക്കെ. വൃദ്ധരായ അപ്പനമ്മമാരെമുതൽ പിഞ്ചുകുഞ്ഞുങ്ങളെവരെ ശാരീരികമായി പീഡിപ്പിച്ചു ദേഹോപദ്രവം വിനോദമാക്കുന്നവരുള്ള ഈ ലോകത്തിൽ വ്യത്യസ്തരായി നിലകൊള്ളാൻ ക്രൈസ്തവരായ നമുക്കു കഴിയണം.



ഭാര്യാഭർത്താക്കന്മാർ പരസ്പരം ഭാരമായി തോന്നിത്തുടങ്ങുമ്പോഴാണ് അന്യോന്യമുള്ള കൈയേറ്റങ്ങൾ നടക്കുക. അവ ദാമ്പത്യജീവിതത്തെ ദയനീയമായ അവസ്ഥയിലേക്കു നയിക്കും. പ്രഹരിക്കാനല്ല, പ്രണയിക്കാനുള്ളതാണ് ദാമ്പത്യബന്ധം. കുടുംബങ്ങളിൽ ആരുടെയും ഉപദ്രവം മൂലം ആർക്കും സമാധാനം നഷ്ടപ്പെടാതിരിക്കട്ടെ. മറ്റുള്ളവരെ പീഡിപ്പിക്കാൻ പ്രേരകങ്ങളായ ലഹരിദ്രവ്യങ്ങളിൽനിന്നും ഇതരദുശ്ശീലങ്ങളിൽനിന്നും അകന്നുനില്ക്കാം. പറ്റിപ്പോയ കൈപ്പിഴകളെയോർത്തു മനസ്തപിക്കാം. കൈവയ്ക്കേണ്ടത് കർത്താവിന്റെ തിരുവിലാവിലാണ്. അതുമൂലം നമ്മുടെ വിശ്വാസം വർധിക്കാൻ. ഉപദ്രവകാരികളല്ല, ഉപകാരികളായി ജീവിക്കാൻ നാം പ്രാപ്തരാകട്ടെ.

■

# ജനസംഖ്യ ബാധ്യതയല്ല, ആസ്തിയാണ്



സാബു ജോസ്

ഏതൊരു രാജ്യത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട സമ്പത്തും വികസനസ്രോതസ്സും ആ രാജ്യത്തെ ജനങ്ങളാണ്. ലോകത്തിൽ ജനിക്കാൻ അവസരം ലഭിച്ച വ്യക്തികൾ മറ്റു മനുഷ്യർക്കുകൂടി ജനിക്കാനും ജീവിക്കാനും അവസരവും സാഹചര്യവും ഒരുക്കുന്നതു ജീവന്റെ സംസ്കാരത്തിന്റെ സവിശേഷതയാണ്. സ്വാർഥതയുള്ള വ്യക്തികൾക്കും ഉപഭോഗസംസ്കാരത്തിനും വരുംതലമുറയെ മുൻകൂട്ടിക്കാണാനും ആഗ്രഹിക്കാനും അവർക്കുവേണ്ടി ത്യാഗങ്ങൾ സഹിച്ചുകൊണ്ടു കുട്ടികൾക്കു ജന്മം നൽകാനും സാധ്യമല്ല. രാജ്യത്തിന്റെ വികസനവും ജനസംഖ്യയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് ആധുനികപഠനങ്ങളും അനുഭവങ്ങളും വ്യക്തമാക്കുന്നു. സ്നേഹസംരക്ഷണമനോഭാവമുള്ള സംസ്കാരത്തിൽ മാത്രമേ വരുംതലമുറയെക്കുറിച്ചുള്ള കാഴ്ചപ്പാടും മനുഷ്യരെക്കുറിച്ചുള്ള കരുതലും ഉണ്ടാകുകയുള്ളൂ.



ഇന്ത്യ ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തെത്തുന്നത് തീർച്ചയായും ലോകരാഷ്ട്രങ്ങളുടെ മുൻനിരയിൽ ഇന്ത്യയ്ക്കു സ്ഥാനമുറപ്പിക്കാൻ കാരണമാകും. അതു സാമ്പത്തികമായും സാംസ്കാരികമായും സാമൂഹികപരമായും വ്യാവസായികമായും ഉയർച്ചതന്നെ ഇന്ത്യയ്ക്കു പ്രദാനം ചെയ്യും. ഇതു തിരിച്ചറിയാതെ ജനസംഖ്യ ബാധ്യതയാണെന്ന രീതിയിലുള്ള പ്രചാരണങ്ങൾ നാം തള്ളിക്കളയേണ്ടിയിരിക്കുന്നു. സാമ്പത്തികവിദഗ്ധർ മനുഷ്യവിഭവശേഷിയെന്നത്, അല്ലെങ്കിൽ ജനസംഖ്യയെന്നത് ഇന്ത്യയ്ക്ക് ഒരു ബാധ്യതയല്ല; മറിച്ച്, ആസ്തിയാണെന്നു വ്യക്തമാക്കുന്നു. ഓരോ കുഞ്ഞിന്റെ ജനനവും കുടുംബത്തിലും സമൂഹത്തിലും വിപ്ലവകരമായ മാറ്റങ്ങൾക്കാണ് ഇടവരുത്തുന്നത്. ഓരോ വ്യക്തിയുടെയും വളർച്ചയുടെ ഓരോ ഘട്ടത്തിലും വിവിധ തലങ്ങളിൽ സമൂഹത്തിലും ചലനങ്ങളുണ്ടാക്കുന്നു.

മക്കൾ ദൈവത്തിന്റെ ദാനമെന്നും ഉദരഫലം അനുഗൃഹീതമെന്നും വിശുദ്ധ ബൈബിൾ വ്യക്തമാക്കുന്നു. കുടുംബങ്ങളിൽ മാതാപിതാക്കൾ അവരുടെ വിവിധ സാഹചര്യങ്ങളും ആരോഗ്യവും അവസ്ഥകളും ശരിയായി വിലയിരുത്തി കുടുംബത്തിനു രൂപം നൽകണം. കുട്ടികളെ വേണ്ടെന്നുവയ്ക്കുന്നതും കുറയ്ക്കുന്നതുമാണ് കുടുംബാസൂത്രണം എന്ന കാഴ്ചപ്പാടിനും പ്രചാരണങ്ങൾക്കും മാറ്റംവരേണ്ടിയിരിക്കുന്നു.

ആഡംബരങ്ങളുടെയും ആസക്തികളുടെയും മനോഭാവം ശക്തമായ ചില രാജ്യങ്ങളിൽ വിവാഹം, കുടുംബം എന്നിവയ്ക്കു വലിയ മാറ്റങ്ങൾ സംഭവിച്ചപ്പോൾ മാതൃത്വം, പിതൃത്വം, കുടുംബം എന്നിവയുടെ മഹനീയതയ്ക്കും പ്രാധാന്യത്തിനും അവിടെ അപചയം സംഭവിച്ചു. അത്തരം രാജ്യങ്ങൾ ജനസമ്പത്തും കാര്യശേഷിയുമുള്ള രാജ്യങ്ങളെ ഭയപ്പെടുന്നു. അതിന് അവർ കണ്ടെത്തുന്ന അതിശയകരവും അടിസ്ഥാനമില്ലാത്തതുമായ വികലനയങ്ങളും പഠനങ്ങളും വേണ്ടതുപോലെ വിശകലനങ്ങൾ നടത്താതെ പ്രചരിപ്പിക്കപ്പെടുന്നു. ഭാരതം കൂടുതൽ ജനസമ്പത്തുള്ള രാജ്യമായി മാറുന്നതിൽ നമുക്ക് അഭിമാനിക്കാൻ കഴിയണം. ജനങ്ങൾ സമ്പത്താണെന്ന കാഴ്ചപ്പാടിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കു മാറ്റം വരണം. ഏറ്റവും വലിയ ജനാധിപത്യരാജ്യം എന്നു പറയുന്നതുപോലെ ജനങ്ങൾ സമ്പത്തായുള്ള രാജ്യം എന്നും വരുംകാലങ്ങളിൽ ഭാരതത്തെക്കുറിച്ചു പറയുന്നതിൽ നമുക്ക് അഭിമാനിക്കാൻ കഴിയും. ഇന്ത്യയുടെ ഏറ്റവും വലിയ സമ്പത്ത് മനുഷ്യവിഭവശേഷിയാണെന്ന് എപ്പോഴും ആവർത്തിക്കാറുണ്ട്. ജനസംഖ്യയിൽ യുവജനങ്ങളുടെ ഉയർന്നുനില്ക്കുന്ന ശതമാനമാണ് നമ്മുടെ രാജ്യത്തിന്റെ കരുത്ത്. കേരളത്തിലെ ജനനനിരക്കിൽ വലിയ കുറവു സംഭവിച്ചിട്ടുണ്ട്. ഇങ്ങനെപോയാലുള്ള അപകടത്തെക്കുറിച്ചു മുന്നറിയിപ്പു നൽകുമ്പോൾ അവരെ അവഹേളിക്കുന്നതാണ് നമ്മുടെ രീതി. ജനസംഖ്യ വർധിക്കുന്നതാണ് ഏറ്റവും വലിയ അപകടമെന്ന തെറ്റുധാരണ പലരുടെയും മനസ്സുകളിൽ നിറഞ്ഞുനില്ക്കുന്നതിനാലാണ് ഇങ്ങനെയുള്ള വാദങ്ങൾ ഉയരുന്നത്. കുഞ്ഞുങ്ങൾ രാജ്യത്തിനു ബാധ്യതയല്ല, സമ്പത്താണെന്ന സത്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഏതാനും മാസങ്ങൾക്കു മുമ്പാണ് ചൈനീസ് ഗവൺമെന്റ് ജനനനിയന്ത്രണങ്ങളിൽ ഇളവു വരുത്തിയത്. ഇപ്പോഴത്തെ നിയമമനുസരിച്ച് മൂന്നു കുട്ടികൾവരെയാകാം. മൂന്നാമത്തെ കുട്ടിക്കു ജന്മം നൽകുന്ന സ്ത്രീകൾക്ക് പ്രസവാവധി ഒരു മാസം നീട്ടി നൽകാനും ചൈനീസ് ഭരണകൂടം തീരുമാനിച്ചിരിക്കുന്നു. ജനസംഖ്യ നിയന്ത്രിച്ചാൽ മാത്രമേ വികസനം സാധ്യമാകൂ എന്ന വാദവുമായി നിന്നിരുന്ന ചൈനീസ് ഗവൺമെന്റ് മൂന്നാമത്തെ കുട്ടി ജനിക്കുകയാണെങ്കിൽ ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചതിന്റെ പിന്നിലെന്തായിരിക്കും? ഈ രീതിയിൽ ജനനനിരക്ക് മുമ്പോട്ടു പോയാൽ സംഭവിക്കുന്ന അപകടത്തെക്കുറിച്ച് ഗവൺമെന്റിനു മനസ്സിലായിക്കഴിഞ്ഞുവെന്നു വ്യക്തം. പഴയ ജനസംഖ്യാനയം സമ്പദ്‌വ്യവസ്ഥയെ തകിടംമറിക്കുമെന്ന തിരിച്ചറിവാണ് പുതിയ തീരുമാനത്തിലേക്കു നയിച്ചത്. അതു തുറന്നുപറഞ്ഞാൽ ഇതുവരെയുള്ള വാദങ്ങൾ പൊളിയുമെന്നതിനാൽ മറ്റു ചില രീതിയിൽ അവതരിപ്പിക്കുന്നു എന്നു മാത്രം. ഇതു ചൈനയ്ക്കു മാത്രമല്ല, എല്ലാ രാജ്യങ്ങൾക്കും ബാധകമാണ്.

■

---

## ഓലേഞ്ഞാലിപ്പക്ഷി




മാത്യൂസ് ആർപ്പൂക്കര

ഓലേഞ്ഞാലിപ്പക്ഷിയുടെ കൗതുകങ്ങൾ കാണാത്തവരില്ല. തെങ്ങോലയുടെ തുമ്പത്തോ മരച്ചില്ലയുടെ അറ്റത്തോ ഞാന്നുകിടന്നു ജാഗ്രതയോടെ നോക്കുന്ന ഓലേഞ്ഞാലിയെ കാണാത്തവരുണ്ടോ? തീറ്റ തേടിയുള്ള കിടപ്പാണത്. വായുവിലൂടെയോ മരത്തിലൂടെയോ എങ്ങാനുമൊരു ഇര വന്നാലുടൻ വായിലായതുതന്നെ. നല്ല ശാപ്പാട്ടുവീരന്മാരാണ് ഓലേഞ്ഞാലികൾ.

പുൽച്ചാടിയും പച്ചക്കുതിരയും തുമ്പികളും പൂമ്പാറ്റകളുമൊക്കെയാണ് പ്രധാന ആഹാരം. ഇരയെ കൃത്യമായി കാണാനും പിടികൂടാനും മുകളിൽനിന്നുള്ള നോട്ടമാണ് ഏറ്റവും പറ്റിയതെന്ന് ഇവയ്ക്കറിയാം. ഓലേഞ്ഞാലികൾ കാക്കയുടെ കുടുംബക്കാരാണെന്ന് അവയുടെ ചുണ്ടും നെറ്റിയും കണ്ണുകളും കണ്ടാൽ മനസ്സിലാകും. എന്നാൽ, കാക്കകളെപ്പോലെ മനുഷ്യരുമായി ഇടപഴകാനോ കിട്ടുന്നതെന്തും തിന്നാനോ ഇവ താത്പര്യം കാട്ടാറില്ല. നിറമുള്ള കാക്കകൾ എന്നാണ് ഓലേഞ്ഞാലികളെപ്പറ്റി പറയുക. ഭാരതത്തിൽ ഒട്ടുമിക്ക സ്ഥലങ്ങളിലും ഈ പക്ഷികളെ കാണാം; കേരളത്തിൽ ഏതാണ്ട് എല്ലായിടത്തുംതന്നെയും. ഓലമുറിയൻ എന്നൊരു വിളിപ്പേരുകൂടി ഇവയ്ക്കുണ്ട്.

ചെറുചുള്ളികളും നാരും വേരുകളും ചേർത്തുനിർമിക്കുന്ന കൂട് ഏതാണ്ടു കപ്പുപോലെയിരിക്കും. മരക്കൊമ്പുകൾക്കിടയിൽ തിരുകിയതുപോലെ സുരക്ഷിതമായേ കൂടുകൂട്ടാറുള്ളൂ. ഒന്നോ രണ്ടോ കുഞ്ഞുങ്ങളുമായി ഇവ ഇതിൽ കഴിഞ്ഞുകൂടും.

ഓലേഞ്ഞാലികൾ പ്രധാനമായും രണ്ടോ മൂന്നോ കൂട്ടരുണ്ട്. കഴുത്തുവരെ കറുത്ത നിറവും ചിറകിനു ചെങ്കൽനിറവും ബാക്കി വെളുപ്പും കലർന്ന നാടൻ ഓലേഞ്ഞാലികൾതന്നെ ഇവരിൽ പ്രധാനികൾ. കാക്കയുടേതുപോലെ തടിച്ച ചുണ്ടും തലയിലും പിൻകഴുത്തിലും അടിവയറിലും ചാരനിറമുള്ളതുമാണ് ചാര ഓലേഞ്ഞാലികൾ. വനമേഖലയിലെ ഓലേഞ്ഞാലികൾക്കു വാലിനു നീളമേറും. ചാരവാലിന്റെ അറ്റത്തു മൂന്നിലൊന്നു ഭാഗം കറുത്തിരിക്കും. ചുണ്ട് ഏതാണ്ട് വെളുത്തും. കാക്കകളെപ്പോലെ ഇണങ്ങില്ലെങ്കിലും മലയാളിയുടെ മനസ്സിന്റെ ഓലത്തുമ്പത്തിരുന്ന് ഇവ ഊയലാടുന്നു. ■




---

## മെച്ചം

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്



ഇനി, തെളിഞ്ഞ നിലാവിന്റെ ചിത്രീകരണം. തുടർന്ന്, ആവശ്യമനോഹര ദൃശ്യത്തിലേക്ക് നേർത്ത മഴപ്പെയ്ത്ത് സന്നിവേശിപ്പിക്കണം. നിലാമഴയോ മഴനിലാവോ എന്ന പല്ലവിയിൽ ഒരു ഗാനം പശ്ചാത്തലത്തിൽ പിന്നീട് ചേർക്കണം. ജനാലയിലൂടെ വീക്ഷിക്കുന്ന പരാജിതകാമുകനായ കഥാനായകന്റെ വിരസതയാർന്ന മുഖഭാവം ക്ലോസപ്പിൽ...

സിനിമ സ്വപ്നം കാണുന്ന അവനെ നിങ്ങളുടെ സ്വപ്നം കൊണ്ട് അടിച്ചമർത്തേണ്ട രക്ഷിതാക്കളേ. ഒരു സ്വപ്നവും കാണാത്ത, അല്ലെങ്കിൽ ഇല്ലാത്ത, ചിലരെക്കാൾ എത്രയോ മെച്ചമല്ലേ അവൻ?

ശേഷം വെള്ളിത്തിരയിൽ!

# മടങ്ങിപ്പോകേണ്ടവർ



ഫാ. ജോസഫ് നെച്ചിക്കാട്ട്

**ലോ**കമെമ്പാടും വേരുകളുള്ള സ്കൗട്ട് പ്രസ്ഥാനത്തിന്റെ ജനയിതാവായ ബേഡൻ പവ്വൽ ലണ്ടനിലാണു ജനിച്ചത്. ബ്രിട്ടീഷ് ആർമി ഓഫീസർ കൂടിയായിരുന്ന അദ്ദേഹത്തിന്റെ യുദ്ധകാലസേവനം ആഫ്രിക്കയിലെ കെനിയയിലായിരുന്നു. അവിടെവച്ചാണ് അദ്ദേഹം മരിക്കുന്നത്. അദ്ദേഹത്തെ



അടക്കംചെയ്തിരിക്കുന്നതും അവിടെത്തന്നെയാണ്. ശവകുടീരത്തിലെ സ്മാരകശിലയിൽ അദ്ദേഹത്തിന്റെതന്നെ താത്പര്യപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

ലോർഡ് ബേഡൻ പവ്വൽ
ജനനം: 22-2-1857
മരണം: 8-1-1941
⊙

സ്കോട്ടിഷ് ഭാഷയിൽ ⊙ ഇട്ടാൽ ആൾ ഇവിടെയില്ല, വീട്ടിൽ പോയി എന്നാണർത്ഥം. ആ ഒരു കൊച്ചുവാക്യം ഒത്തിരിയേറെ ആലോചിക്കാൻ വക നല്കുന്നതാണ്. ആർമി ഓഫീസർ ലോർഡ് ബേഡൻ പവ്വലിന് അന്തിമനിമിഷങ്ങളിലും താൻ വീട്ടിലേക്കുതന്നെയാണു മടങ്ങുന്നതെന്ന് നല്ല ഉറപ്പുണ്ടായിരുന്നു. ആ ദിശാബോധമാണ് അങ്ങനെ രേഖപ്പെടുത്തുവാൻ നിർദേശം കൊടുത്തതിന്റെ കാരണം.

ധൂർത്തപുത്രന് ഒരവസരത്തിൽ തിരിച്ചറിവുണ്ടായി (ലൂക്കാ. 15-17): താൻ വീട്ടിൽനിന്ന് ഏറെ ദൂരെയാണ്. തിരിച്ചുപോകണം – പോയെങ്കിലേ ശാന്തിയും സന്തോഷവും കൈവരികയുള്ളൂ. അന്ധകാരം ചൂഴ്ന്നുനിന്ന രാത്രിയിലാണ് ജോൺ ഹെന്റി ന്യൂമാൻ പ്രാർഥിക്കുന്നത്. താനും വീട്ടിൽനിന്ന് ഏറെ ദൂരെയാണ്, ഇവിടെ തികഞ്ഞ അന്ധകാരവും.

"The night is dark and I am far from home."

വീടുവിട്ടു വിദൂരത്തിൽ, ഈ ലോകത്തിലെ താത്കാലികവസതികളിലാണ് നാം ഓരോരുത്തരും – 'സമരക്കളത്തിൽ.' അങ്ങനെയല്ലേ വി. പൗലോസും പറയുന്നത്. എന്തൊക്കെയാണെങ്കിലും ശരി നിശ്ചയമായും ഒടുവിൽ നാം തിരിച്ചുപോയേ തീരൂ. അതാണ്, എല്ലാ മനുഷ്യരെയും സംബന്ധിച്ചുള്ള ദൈവനിയോഗം.

ഗോൾഡ് സ്മിത്തിന്റെ വിക്കർ ഓഫ് ദി വെയ്ക്ക് ഫീൽഡ് എന്ന നോവലിലെ പ്രധാന കഥാപാത്രം പ്രീംറോസ് എന്ന വികാരിയച്ചനാണ്. അദ്ദേഹം മരണത്തെ വിശേഷിപ്പിക്കുന്നത് 'സ്വന്തനാട്ടിലേക്കുള്ള ഒരു മടക്കയാത്ര' എന്നാണ്. ബേഡൽ പവ്വൽ ഉദ്ദേശിച്ചിടത്തുതന്നെയാണ് പ്രീംറോസ് എന്ന കഥാപാത്രവും എത്തിനില്ക്കുക.

ആ യാത്ര തനിച്ചാണ് – തികച്ചും ഒറ്റയ്ക്ക്... വിദേശത്തേക്കു യാത്രയാകുന്ന പലരെയും വിമാനത്താവളംവരെ അനുഗമിച്ചിട്ടുള്ളവരാണല്ലോ നമ്മിൽ മിക്ക പേരും. അവിടെ എത്തിക്കഴിഞ്ഞാൽ പിന്നെ തുടർന്നുള്ള യാത്ര ഒറ്റയ്ക്കത്രേ. അതുപോലെയാണ് ജീവിതയാത്രയുടെ കാര്യത്തിലും. മരണത്തിന്റെ വക്കിലെത്തിയാൽ പിന്നെ സഹയാത്രികർക്കൊക്കെ നിസ്സഹായരായി നോക്കിനില്ക്കാനേ സാധിക്കുകയുള്ളൂ. കാരണം, ഇനിയങ്ങോട്ടുള്ള യാത്രയിൽ പങ്കുചേരാൻ മറ്റാർക്കും സാധിക്കുകയില്ല. അതാണ്, 1987 ൽ നോബൽ സമ്മാനം നേടിയ അലക്സാണ്ടർ ബ്രോഡ്സ്കി ഇങ്ങനെയെഴുതിയത്:

"Though our life may be a thing to share
who is there to share our death"

ജീവിതത്തിൽ പങ്കുചേരാൻ, ജീവിതപങ്കാളികളാകാൻ പലരെയും കിട്ടിയെന്നിരിക്കും – ഭാര്യ, മക്കൾ, മാതാപിതാക്കൾ. പക്ഷേ, ജീവിതാന്ത്യംമുതലുള്ള യാത്ര നാം ഒറ്റയ്ക്കുതന്നെ ഏറ്റുവാങ്ങേണ്ടതാണ്. ഒരുത്തനും ഒന്നും ചെയ്യാൻ സാധ്യമല്ല. അതാണ് മൃതസംസ്കാരകർമത്തിൽ 'ഇനിയങ്ങോട്ട് നിന്നെ മാലാഖമാർ അനുഗമിക്കട്ടെ' എന്നു കാർമികൻ ചൊല്ലി അവസാനിപ്പിക്കുന്നത്.

ബാസൽ മിഷൻ പ്രവർത്തകനായിരുന്ന ഫോൾബീറ്റ് നാഗൽ 1899 ൽ വിരചിച്ച ഒരു ഗാനം നമ്മുടെയൊക്കെ നാവിൻതുമ്പത്തുണ്ടല്ലോ:

"സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നായ് ഞാൻ തനിയെ പോകുന്നു"

നാം നിരന്തരം നീങ്ങിക്കൊണ്ടിരിക്കുകയാണ്, മറ്റാരും കൂട്ടിനില്ലാതെ, കൂട്ടത്തിലുണ്ടായിരുന്നവരെയൊക്കെ വിട്ടകന്ന് – തനിയെ. ആ ചിന്തയാണ് മരണത്തെ മാരകമാക്കുന്നത്, മനുഷ്യനെ ഭയപ്പെടുത്തുന്നത്. മരിക്കാതിരിക്കാൻ കഴിഞ്ഞെങ്കിൽ – അതാണ് ഓരോരുത്തരുടെയും വ്യർഥമായ മോഹം.

ഈ ഏകാന്തയാത്രയിൽ നമ്മെ സഹായിക്കാൻ കഴിയുന്ന ഒരൊറ്റയാളേയുള്ളൂ, നേരായ പാത താൻതന്നെയാണെന്നു വിളിച്ചു പറഞ്ഞ വ്യക്തി – യേശു. അവിടുന്നാണ് "സത്യമായ, ജീവത്തായ പാത" (യോഹ. 14-6). അവിടുന്നു പാത മാത്രമല്ല, പാഥേയം കൂടിയാണ് – പാതയുടെ പരമാന്ത്യമായ പിതാവിലെത്തിച്ചേരുവോളം നമ്മെ പിടിച്ചുനിറുത്തുവാൻ കഴിയുന്ന പാഥേയം. അതാണ്, യേശുവിൽ വിശ്വാസം അർപ്പിക്കുന്ന ഓരോ ക്രൈസ്തവനും താത്പര്യപൂർവം കഴിക്കുന്നത്. അത് അവനു ധൈര്യവും ശക്തിയും പ്രത്യാശയും പ്രദാനം ചെയ്യുന്നു – കാരണം, അതു കഴിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല, മരിച്ചാലും ജീവിക്കും (യോഹ. 6:25-59). അന്തിമമായ ആ പ്രത്യാശയിലെത്തിച്ചേരാൻ കഴിയുന്നത് ഒരു ഭാഗ്യമാണ് – അപരരെ എത്തിക്കാൻ കഴിയുന്നത് അതിലും വലിയ ഭാഗ്യം.

നവീൻ ചൗളയുടെ വിലപ്പെട്ടൊരു ഗ്രന്ഥമാണ് (1992) മദർ തെരേസാ. അതിലൊരിടത്തു മദർ തെരേസാ മരണത്തെക്കുറിച്ചു പറയുന്നുണ്ട് – 'മനോഹരമായ മരണം' എന്ന വിശേഷണക്കുറിപ്പോടെ. ഏതാണ്ട് 54,000 പേരെ മരണമാകുന്ന നിത്യയാത്രയ്ക്ക് ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് മദർ കൃതാർഥതയോടെ അനുസ്മരിക്കുന്നത്. ലോകജീവിതത്തിലെ ഏറ്റവും വലിയ നേട്ടം സന്തോഷത്തോടും സമാധാനത്തോടും കൂടിയുള്ള ഒരു മരണമാണെന്നു മദർ പറയുന്നത് ഒരു സത്യമല്ലേ?

എന്തെല്ലാം തേടിയാലും നേടിയാലും, അവസാനം ആധിയോടും ആകുലതയോടുംകൂടിയാണ് ഇവിടം വിട്ടുപോകേണ്ടിവരുന്നതെങ്കിൽ എന്തു നേട്ടമാണുള്ളത്?

ആന്ധ്രയിലെ ഏലൂർ രൂപതയുടെ മെത്രാൻ (ബിഷപ് ജോൺ മുളകട) തന്റെ ഒരു ഇടയലേഖനത്തിൽ മരണത്തെപ്പറ്റി നല്ലൊരു ആശയം അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മരണവും ഒരു കൂദാശയാണ് – എട്ടാമത്തെ കൂദാശ. സ്വർഗപ്രവേശനം തേടുന്നവരൊക്കെ ഈ കൂദാശ നിർബന്ധമായും സ്വീകരിച്ചേ തീരൂ.

മരണത്തെ തികഞ്ഞ തയ്യാറെടുപ്പോടെ സമീപിക്കാൻ, സമാധാനത്തോടും സ്വസ്ഥതയോടുംകൂടെ സ്വീകരിക്കാൻ, നമുക്കുവേണ്ടി മരണംപോലും ഏറ്റുവാങ്ങിയ യേശു നമ്മിലേക്കു കൃപാവരം വർഷിക്കുമാറാകട്ടെ.

■

# വിവാഹവാർഷികവും ചരമവാർഷികവും

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



'പത്താം വിവാഹവാർഷികം', 'അഞ്ചാം ചരമവാർഷികം' എന്നെല്ലാം പത്രങ്ങളിൽ വ്യാപകമായി എഴുതിക്കാണുന്നു. അഭ്യസ്തവിദ്യരുടെ പ്രസംഗങ്ങളിലും ഇങ്ങനെയൊക്കെ കേൾക്കാറുണ്ട്. പത്രവായനക്കാരും വിദ്യാർഥികളും ഇവയൊക്കെ ശരിയാണ് എന്നു കരുതി പ്രയോഗിക്കുന്നു. ഈ വിധം ഉറച്ചുപോയ രണ്ടു വികലരൂപങ്ങളാണ് പത്താം വിവാഹവാർഷികവും, അഞ്ചാം ചരമവാർഷികവും.

പത്താം വിവാഹവാർഷികത്തിന് പത്താമത്തെ വിവാഹത്തിന്റെ വാർഷികം എന്ന സൂചനവരാം. വിവക്ഷിതം അതാണെങ്കിൽ ആ വാക്യം ശരിയുമാണ്. അതല്ല ഉദ്ദിഷ്ടമെങ്കിൽ വിവാഹത്തിന്റെ പത്താം വാർഷികം എന്നെഴുതണം. അഞ്ചാം ചരമവാർഷികം എന്നെഴുതുമ്പോഴും ഇതേ തെറ്റുതന്നെ സംഭവിക്കുന്നു. ചരമത്തിന്റെ അഞ്ചാം വാർഷികം എന്നായാൽ വാക്യവും പൊരുളും ശുദ്ധമാകും.


'പത്താം വിവാഹവാർഷികം', അഞ്ചാം ചരമവാർഷികം' എന്നിവ ഒരുതരം പ്രയോഗദോഷമാണ്. ഇതിന് അഭവന്മതയോഗം (അഭവത് + മത + യോഗം) എന്നു പറയുന്നു.* ആഗ്രഹിച്ചതരം ചേർച്ച സംഭവിക്കാത്തപ്പോൾ ഉണ്ടാകുന്ന ദോഷമാണത്. സമാസത്തിലൂടെ സ്വതന്ത്രത നഷ്ടപ്പെട്ട പദത്തിന് വിശേഷണം നേരിട്ടു സ്വീകരിക്കാനാവില്ല. വിവാഹം എന്ന പദം സമാസത്തിലൂടെ വാർഷികത്തിനു കീഴ്പ്പെട്ടുപോയി. അതുകൊണ്ട് പത്താം എന്ന വിശേഷണം വിവാഹത്തോടു ചേരില്ല. അങ്ങനെയെങ്കിൽ വിവാഹത്തിന്റെ പത്താംവാർഷികം, ചരമത്തിന്റെ അഞ്ചാം വാർഷികം എന്നൊക്കെ എഴുതുന്നതാണ് ആശയവ്യക്തതയ്ക്കു നല്ലത്.

**വാൽക്കഷണം**

അഗ്നിരക്ഷാനിലയം അഗ്നിയെ രക്ഷിക്കുന്ന നിലയം. അഗ്നിയെ ശമിപ്പിക്കുന്ന നിലയമാണത്. അതിനുള്ള പദം അഗ്നിശമനനിലയം എന്നാണ്. (വട്ടപ്പറമ്പിൽ പീതാംബരൻ).

* രാമചന്ദ്രൻനായർ, പന്മന, നല്ല ഭാഷ, ഡി.സി. ബുക്സ്, കോട്ടയം, 2014, പുറം – 182.

# കാണാനും കണ്ടുപഠിക്കാനും ചരിത്രസ്മാരകങ്ങൾ



ഹണി സുധീർ



പ്രാചീനകാലംമുതൽ കേരളം ലോകരാജ്യങ്ങളുടെ മുമ്പിൽ സംസ്കാരസമ്പന്നമായ ഒരു നാടായിരുന്നു. അതുകൊണ്ടുതന്നെ, കേരളത്തിലേക്കുള്ള ലോകസഞ്ചാരികളുടെ യാത്രയും കുറച്ചൊന്നുമായിരുന്നില്ല. യാത്രകൾക്കു ജലവാഹനങ്ങളെ കൂടുതലായി ആശ്രയിച്ചുകൊണ്ടിരുന്ന അക്കാലത്ത് തുറമുഖങ്ങളായിരുന്നു ഒരു രാജ്യത്തിന്റെ പ്രധാന സാംസ്കാരികകേന്ദ്രം.

പുരാതനകേരളത്തിന്റെ സമ്പന്നമായ തുറമുഖപട്ടണമായിരുന്നു ഇന്നത്തെ കൊടുങ്ങല്ലൂരിൽ സ്ഥിതിചെയ്യുന്ന മുസിരിസ്. ദക്ഷിണേന്ത്യയിൽ മുചിറി എന്നും ഇന്ത്യയ്ക്കുപുറത്ത് മുസിരിസ് എന്നും ഈ പട്ടണം അറിയപ്പെട്ടിരുന്നു. വിഭജിച്ചൊഴുകുക എന്നർത്ഥം വരുന്ന മുസിരി എന്ന തമിഴ്‌വാക്കിൽനിന്നാണ് ഈ പേരു വന്നതെന്നു കരുതപ്പെടുന്നു. അക്കാലത്ത് കൊടുങ്ങല്ലൂർഭാഗത്തുകൂടി ഒഴുകിയിരുന്ന പെരിയാർ മൂന്നു കൈവഴികളായി പിരിഞ്ഞൊഴുകിയിരുന്നു. അതിനാലാണ് മുസിരി എന്ന പേരിൽ ഈ പ്രദേശം അറിയപ്പെടാനിടയായത്.

ആദിചേരൻമാരുടെ ആസ്ഥാനമായിരുന്ന മുസിരിസ് അന്നത്തെ പ്രമുഖ വാണിജ്യകേന്ദ്രംകൂടിയായിരുന്നു. ഈ തുറമുഖം പിന്നീട് പെരിയാറ്റിലെ വെള്ളപ്പൊക്കത്തിൽ കടലെടുത്തുപോയി എന്നും ചരിത്രകാരന്മാർ പറയുന്നുണ്ട്. മുസിരിസ് വലിയൊരു വ്യാപാരകേന്ദ്രമായി മാറിയപ്പോൾ ചാലക്കുടിയാറിന്റെ കരയിൽ സ്ഥിതിചെയ്യുന്ന കരൂർ എന്ന സ്ഥലത്തേക്ക് രാജാക്കന്മാർ താമസം മാറ്റി. മുസിരിസ് പിന്നീട് യൂറോപ്യൻസഞ്ചാരികളുടെ പ്രധാന കച്ചവടകേന്ദ്രമായി മാറി. അക്കാലത്തു കടലിൽക്കൂടിയുള്ള വാണിജ്യമായിരുന്നു കൂടുതൽ സമ്പത്ത് നേടിത്തന്നിരുന്നത്.

സംഘകാലത്തെ പല കൃതികളിലും വിദേശസഞ്ചാരികളുടെ കുറിപ്പുകളിലും കൃത്യമായി പരാമർശിക്കപ്പെട്ട സ്ഥലമാണ് കൊടുങ്ങല്ലൂർ. കേരളത്തിന്റെ ഒരു കാലത്തെ പ്രതാപചിഹ്നമായിരുന്ന കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ പതനം അക്കാലത്തു നാട്ടുരാജ്യം ഭരിച്ചിരുന്ന ചേര-ചോള രാജാക്കന്മാരുടെ നാശത്തിന്റെ തുടക്കംകൂടിയായി. നമ്മുടെ നാട്ടിൽ വ്യാപാരത്തിനു വന്നവരായിരുന്നല്ലോ വിദേശികൾ. അന്ന് അവരെ ആകർഷിച്ചിരുന്നത് നമ്മുടെ നാണ്യവിളകളായിരുന്നു. സുഗന്ധവ്യഞ്ജനങ്ങളും കരകൗശലവസ്തുക്കളും കളിമൺപാത്രങ്ങളും വൻതോതിൽ അവർ നമ്മുടെ രാജ്യത്തുനിന്നു വാങ്ങിക്കൊണ്ടുപോയി. ഡച്ചുകാരും പോർച്ചുഗീസുകാരും ചൈനക്കാരും അറബികളും ഉൾപ്പെടെയുള്ള വ്യാപാരികളാണ് നമ്മുടെ നാടിന്റെ പ്രശസ്തി ലോകമെങ്ങും എത്തിച്ചത്.

ഇന്ത്യയെ ടൂറിസംസാധ്യതയുള്ള ഒരു രാജ്യമാക്കി മാറ്റുന്നതിൽ ചരിത്രസ്മാരകങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ മുസിരിസ് എന്ന അന്നത്തെ തുറമുഖപട്ടണം ഇന്നും ചരിത്രപ്രേമികൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഒരു ദേശമാണ്. അന്നത്തെ മുസിരിസ് സ്ഥിതി ചെയ്തിരുന്ന സ്ഥലങ്ങൾ എല്ലാംതന്നെ ഇന്ന് സർക്കാർ പൈതൃകസംരക്ഷണമേഖലയാക്കി തിരിച്ചിട്ടുണ്ട്. ഇതിൽ എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ, ചേന്ദമംഗലം, പള്ളിപ്പുറം, പട്ടണം, ചിറ്റേറ്റുകര എന്നീ പഞ്ചായത്തുകളും തൃശൂർ ജില്ലയിലെ എരിയോട്, മതിലകം, ശ്രീനാരായണപുരം, വെള്ളങ്ങല്ലൂർ എന്നീ പഞ്ചായത്തുകളും ഉൾപ്പെടുന്നു.

തൃശൂരിൽ സ്ഥിതിചെയ്യുന്ന കരൂപടന്ന ചന്തയും കോട്ടപ്പുറം ചന്തയും മുസിരിസ് പ്രതാപകാലത്തെ പ്രമുഖ വാണിജ്യകേന്ദ്രങ്ങളായിരുന്നു. തുറമുഖംവഴി എത്തിയിരുന്ന വിദേശസാമഗ്രികൾ ഈ ചന്തകളിൽക്കൂടിയാണ് വ്യാപാരം നടത്തിയിരുന്നത്.

നമ്മുടെ പൈതൃകചരിത്രത്തെക്കുറിച്ചു പ്രധാനമായും ബോധവത്കരണം നടത്തേണ്ടത് തദ്ദേശീയരായ ആളുകൾക്കാണ്. ഈ നാടിനെക്കുറിച്ചുള്ള കൃത്യമായ അറിവും വിവരണങ്ങളും നൽകാനും ടൂറിസംസാധ്യത വർധിപ്പിച്ചു തൊഴിലവസരങ്ങൾ നേടാനും ഈ ബോധവത്കരണത്തിലൂടെ സാധിക്കും. നമ്മുടെ പൂർവചരിത്രങ്ങൾ മുതിർന്നവർക്കൊപ്പം കുട്ടികളെയും പഠിപ്പിക്കണം.

സർക്കാർ പാഠ്യപദ്ധതിപരിഷ്കരണത്തിന്റെ ഭാഗമായി നിരവധി ചർച്ചകൾ സംഘടിപ്പിക്കുന്ന സമയമാണിത്. എന്തുകൊണ്ട് ടൂറിസവും ഒരു വിഷയമാക്കിക്കൂടാ? ചരിത്രം പഠിച്ചുവളരുന്ന ഒരു കുട്ടിക്ക് ചരിത്രത്തിലൂടെ അറിവും ഒപ്പം വരുമാനവും നേടാൻ സാധിക്കും.

വിദേശടൂറിസ്റ്റുകളെ മാത്രമല്ല, വിദ്യാർഥികളുൾപ്പെടെയുള്ള സ്വദേശടൂറിസ്റ്റുകളെക്കൂടി മുസിരിസ്പോലുള്ള ചരിത്രസ്മാരകങ്ങൾ വളരെയേറെ ആകർഷിക്കുന്നതാണ്. വർഷങ്ങൾക്കുമുമ്പുതന്നെ വ്യാപാരത്തിലൂടെ ധനസമ്പാദനം നടത്തിയിരുന്ന നാട്ടുരാജാക്കന്മാരുടെ മികവുകൾ, ഒപ്പം ഇന്നത്തെ മാൾ സംസ്കാരംപോലെതന്നെ അന്നത്തെ ചന്തകൾ, വിവിധ നാടുകളിൽ നിലനിന്നിരുന്നതിന്റെ തെളിവുകൾ കൊടുങ്ങല്ലൂർ ഭാഗങ്ങളിൽനിന്നു ലഭിച്ചിട്ടുണ്ട്.

(തുടരും)

---



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# കാഞ്ഞിരത്തെക്കാൾ കയ്പ്

പ്രശസ്ത കവിയും ഗാനരചയിതാവുമായ വയലാർ രാമവർമ അന്തരിച്ചിട്ട് നാല്പത്തേഴു വർഷമായി. അദ്ദേഹം ഈ ഭൂമിയിൽ ആകെ ജീവിച്ചതും അത്രയും കാലയളവുമാത്രമാണ്. എന്നിട്ടും അദ്ദേഹത്തിന്റെ കവിതകളും ഗാനങ്ങളും ഇപ്പോഴും ആളുകൾ ആവർത്തിച്ചാവർത്തിച്ച് ആസ്വദിക്കുന്നു. എന്താണ് അതിനു പിന്നിലെ രഹസ്യം? രഹസ്യമൊന്നുമില്ല; അദ്ദേഹത്തിന്റെ സൃഷ്ടികൾ അത്രത്തോളം ഉന്നതനിലവാരം പുലർത്തുന്നു എന്നതാണു കാരണം.

ഒന്നാലോചിച്ചു നോക്കൂ, ഇപ്പോഴത്തെ ഏതെങ്കിലും ഒരു പാട്ടെഴുത്തുകാരന്റെ ഏതെങ്കിലും ഒരു ഗാനം ഇത്രയും വർഷങ്ങൾ ജനമനസ്സുകളിൽ സ്ഥാനംപിടിക്കുമോ? എന്തിനു വർഷങ്ങളെക്കുറിച്ചുപറയുന്നു, നാല്പത്തേഴു ദിവസങ്ങളോ അത്രയും മണിക്കൂറുകളോ തികയ്ക്കുമോ? 'ഇല്ല' എന്ന് ഉറക്കെപ്പറയാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. ഇതേ പംക്തിയിൽ ഈ ലേഖകൻ എഴുതിക്കൊണ്ടിരിക്കുന്നത് വായിക്കുന്നവരോട് കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ലതന്നെ. ഇതാ ഈ ഗാനം ശ്രദ്ധിക്കുക.

"നിൻ നോക്ക് മിന്നാമിന്നിത്തെല്ലിന്നു
തൂമിന്നലെക്കാളുണ്ടോ തിളക്കം
നിൻ കണ്ണു ചാറും സ്നേഹത്തുള്ളിക്കു
തോരാത്ത മഴയെക്കാളുണ്ടോ തിടുക്കം
ഞാനെത്ര ദൂരം താണ്ടി
നിൻ ചക്രവാളം തേടി
ഇന്നീ മേഘവാതില്ക്കൽ നീ താരകേ
ഉള്ളെന്ന നോവിൻ
പക്ഷിക്കെത്തിടാനാമോ
നീയാം കാട്ടിലെ കൊമ്പത്തെ
ആശ്വാസമേഘത്തിൽ" (ചിത്രം - പടവെട്ട്; ഗാനരചന: അൻവർ അലി; സംഗീതം & ആലാപനം - ഗോവിന്ദ് വസന്ത)

നമ്മുടെ മാതൃഭാഷയിലെ അക്ഷരങ്ങൾകൊണ്ടാണ് ഈ ഗാനം ചമച്ചിരിക്കുന്നത്. എഴുത്തച്ഛൻമുതൽ ഇങ്ങോട്ട് പേരെടുത്ത കവികളെല്ലാം ഉപയോഗിച്ചത് ഇതേ അക്ഷരങ്ങളാണ്. കഴിവുള്ളവർ അവ ഉപയോഗിച്ചപ്പോൾ എഴുതിയത്രയും പഞ്ചാമൃതമായി മാറി. എന്നാൽ, അൻവർ അലിയെപ്പോലുള്ളവർ മുകളിൽ ഉദ്ധരിച്ചിരിക്കുന്ന തരത്തിൽ എഴുതുമ്പോൾ അതു കാഞ്ഞിരത്തെക്കാൾ കയ്പുള്ളതായി മാറുന്നു. നമുക്കു പരിചിതമായ, നാം ഇഷ്ടപ്പെടുന്ന പല പദങ്ങളും ഈ ഗാനത്തിൽ കടന്നുവന്നിട്ടുണ്ട്. എങ്കിലും അവ മൊത്തത്തിൽ പാടിക്കേൾക്കുമ്പോൾ അരോചകമായിത്തീരുന്നു. എന്തുകൊണ്ട്? ഏതാണ്ടു മിക്ക പച്ചക്കറിയും ചേരുന്ന കൂട്ടാനാണ് അവിയൽ. എന്നുകരുതി പച്ചക്കറി മാത്രം അരിഞ്ഞുകൂട്ടിയതുകൊണ്ട് അതു രുചികരമായ അവിയലാകുമോ? അതുപോലെയാണ് ഇന്നിറങ്ങുന്ന പാട്ടിന്റെയും സ്ഥിതി. പദങ്ങളാകുന്ന കഷണങ്ങൾ വേണ്ടുവോളമുണ്ട്. എന്നാൽ, അവിയലായില്ലെന്നു മാത്രം.

ഈ ഗാനം ഒന്നു കേൾക്കുകയോ എടുത്തെഴുതിയ വരികൾ ഒന്നു വായിക്കുകയോ ചെയ്യുക. അപ്പോൾ ഞാൻ പറഞ്ഞ യാഥാർഥ്യം ആർക്കും തിരിച്ചറിയാനാവും. പദങ്ങളുടെയും വരികളുടെയും ചേർച്ചയില്ലായ്മയാണ് ഈ പാട്ടിന്റെ പ്രധാന ന്യൂനത. 'കണ്ണു ചാറും' പോലെയുള്ള അസഹനീയമായ പ്രയോഗങ്ങളുമുണ്ട്. കണ്ണു ചാറുന്നതു സ്നേഹത്തുള്ളിയാണെന്നത് അതിനെക്കാൾ കുഴപ്പംപിടിച്ച അറിവാണ്. എന്തൊക്കെയോ പറയാനുള്ള വെമ്പലുണ്ട് വരികളിൽ. പക്ഷേ, പറഞ്ഞുവന്നപ്പോൾ മല എലിയെ പ്രസവിച്ചതുപോലെയായി.

ഉള്ളെന്ന നോവ്, നീയാം കാട്, കാട്ടിലെ കൊമ്പ് തുടങ്ങിയ പ്രയോഗവൈകല്യങ്ങൾ താണ്ടിവേണം നാം ഗാനമാസ്വദിക്കാൻ. ഒന്നുരണ്ടു കല്ലുകടിയാണെങ്കിൽ സഹിക്കാം. നിറയെ കല്ലുകടിയായാലോ? സ്ഥാനത്തുമസ്ഥാനത്തും ചില വാക്കുകൾ പടച്ചുവിട്ട് ഗാനമൊപ്പിച്ചിരിക്കുകയാണ് രചയിതാവ്. വയലാർ രാമവർമയുടെയും പി. ഭാസ്കരന്റെയും മറ്റും ഗാനങ്ങൾ അദ്ദേഹം കേൾക്കേണ്ട സമയം (കേൾക്കുകയല്ല ശരിക്കും മനനം ചെയ്യുകയാണു വേണ്ടത്) അതിക്രമിച്ചിരിക്കുന്നു. എനിക്ക് ഒരു കാര്യം ഉറപ്പുണ്ട്. ഇപ്പറഞ്ഞവരുടെ ഗാനങ്ങൾ മനസ്സിരുത്തി പഠിച്ചാൽ അന്ന് അദ്ദേഹം തൂലിക ഉപേക്ഷിക്കും; തീർച്ച.

■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 39 Date of Publication 1 dec 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
(ആനോ - റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.




60 Year Trust
KTS PRODUCTS
SINCE 1995

# Tastit
ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015
CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം
# കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും.






Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org